# ആമുഖം

സർ,

1. 2015–16 വർഷത്തേക്കുള്ള ബജറ്റ് ഞാൻ സസന്തോഷം അവതരിപ്പിക്കുന്നു. ഈ സർക്കാരിന്റെ അഞ്ചാമത്തെതും എന്റെ പതിമൂന്നാമത്തെയും ബജറ്റാണ് മഹനീയമായ ഈ സഭയ്ക്കു മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നത്.

2. യു.ഡി.എഫ് സർക്കാരിനായി ഞാൻ അവതരിപ്പിച്ച കഴിഞ്ഞ നാലു ബജറ്റുകളിലും വികസന പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനും സമ്പദ് വ്യവസ്ഥയിൽ സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിനുമാണ് ഊന്നൽ നൽകാൻ ശ്രമിച്ചത്. ഓരോ ബജറ്റും മാറ്റുരക്കപ്പെടുന്നത് അത് സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് എത്രമാത്രം ഉത്തേജനം നൽകി എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ബജറ്റിലൂടെ വിവിധ മേഖലകൾക്ക് നൽകിയ പ്രോത്സാഹനം സംസ്ഥാനത്തിന് മികച്ച നേട്ടങ്ങൾ കൊയ്തെടുക്കാൻ സഹായിച്ചു എന്ന് കാണുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയും, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷനും പ്രസിദ്ധീകരിച്ച കണക്കുകളനുസരിച്ച്, 2011 മുതൽ 2015 വരെയുള്ള നാലുവർഷക്കാലയളവിൽ എല്ലാ

വർഷങ്ങളിലും കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ ഉയർന്നതോതിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദന വളർച്ച നിർഭാഗ്യവശാൽ ദേശീയ ശരാശരിയുടെ പിന്നിലായ 2006-2011 കാലയളവിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ ഈ നേട്ടം എത്രയോ അഭിമാനകരമാണ്**.** കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടിൽ താഴെ പറയുന്ന പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

> "…..കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി യുടെ വളർച്ചാനിരക്ക് രാജ്യത്തിന്റെ ജി.ഡി.പി യുടെ വളർച്ചാനിരക്കിനെക്കാൾ മെച്ചപ്പെട്ടതായിരുന്നു എന്നത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക പ്രവർത്തനത്തെ കാണിക്കുന്നു."

**3.** ദേശീയ സമ്പദ്‌വ്യവസ്ഥപോലും തളർച്ച നേരിട്ടു കൊണ്ടിരിക്കുമ്പോൾ കേരളം കൈവരിച്ച ഈ നേട്ടം എടുത്തു പറയത്തക്കതാണ്. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച കണക്കുകൾ നമുക്ക് കൂടുതൽ സന്തോഷം പകർന്നു നൽകുന്നവയാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഇതാദ്യമായി, കേരളം, കാർഷിക, അനുബന്ധ മേഖലകളിൽ തളർച്ച

യിൽ നിന്നും വളർച്ചയിലേക്കുള്ള കുതിപ്പ് രേഖപ്പെടുത്തിയിരിക്കുകയാണ്. കാർഷിക മേഖലയിൽ കേരളം കഴിഞ്ഞ ഏഴു വർഷത്തിൽ ആദ്യമായി 2012-13-ൽ 5.62 % വളർച്ച കൈവരിക്കാൻ കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം.

**4.** ഈ നിർണ്ണായക നേട്ടങ്ങൾ സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചത് കഴിഞ്ഞ നാലു വർഷങ്ങളിലെ ബജറ്റുകളിലൂടെ യു.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ സുധീരവും പ്രായോഗികവുമായ വികസന നിക്ഷേപ നയങ്ങളുടെ ഫലമാണെന്ന് ഞാൻ വിശ്വസിക്കുന്നു. സാമ്പത്തിക ദൃഢീകരണ നടപടികളിലും, സാമ്പത്തിക അച്ചടക്കത്തിലും വിട്ടുവീഴ്ചയ്ക്കു തയ്യാറാകാതെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയെ ഉത്തേജിപ്പിക്കുന്നതിന് ബജറ്റിനെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതാണ് ധനകാര്യമന്ത്രി എന്ന നിലയിൽ ഞാൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. 2014-15 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിൽ കേന്ദ്ര നികുതി വിഹിതമായി 9365.36 കോടി രൂപ കണക്കാക്കിയിരുന്നെങ്കിലും കേന്ദ്ര നികുതി സമാഹരണത്തിലുണ്ടായ കുറവു നിമിത്തം കേന്ദ്രത്തിന്റെ വിഹിതം 7926.29 കോടി ആയി കുറഞ്ഞു. ഇത് നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ഏതാണ്ട് 1450 കോടി രൂപയുടെ സാമ്പത്തിക സമ്മർദ്ദം ഉണ്ടാക്കിയിട്ടുണ്ട്. ഇതിനും പുറമെ റബ്ബർ വ്യവസായത്തിലുണ്ടായ

പ്രതിസന്ധി, നമ്മുടെ കാർഷികാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ അക്ഷരാർത്ഥത്തിൽ തളർത്തുകയും സംസ്ഥാനത്തിന്റെ നികുതി സമാഹരണശ്രമങ്ങളെ തകിടംമറിക്കുകയും ചെയ്തിട്ടുണ്ട്.

5. എൻ.ഡി.എ ഗവണ്മെന്റ് രണ്ടാഴ്ച മുമ്പ് അവതരിപ്പിച്ച കേന്ദ്ര ബജറ്റ് സംസ്ഥാനത്തെ കടുത്ത നിരാശയിൽ ആഴ്ത്തിയിരിക്കുകയാണ്. കേരളത്തിനോടുള്ള അവഗണന ബജറ്റിൽ പല തലങ്ങളിലും പ്രകടമാണ്. സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി വിഹിതം കൈമാറി എന്ന ന്യായം ചൂണ്ടിക്കാണിച്ച് വിവിധ മേഖലകളിൽ വരുത്തിയ വെട്ടിച്ചുരുക്കലിനെ ന്യായീകരിക്കാനാണ് കേന്ദ്രബജറ്റ് ശ്രമിക്കുന്നത്. ഇത് സത്യത്തെ ബോധപൂർവ്വം മൂടിവയ്ക്കലാണ്. 14–ാം ധനകാര്യ കമ്മീഷൻ അവാർഡിനുശേഷവും സംസ്ഥാനങ്ങൾക്ക് നൽകുന്ന ആകെ വിഹിതം മുൻകാലങ്ങളിലെപ്പോലെ 61–62 ശതമാനത്തിൽ സ്ഥിരമായി തന്നെ നിലനിർത്തിയിരിക്കുന്നു എന്നതാണ് വസ്തുത. സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തം വർദ്ധിച്ചതനുസരിച്ച് ഇതിന് ആനുപാതികമായി ഫണ്ടിൽ വർദ്ധനവ് നൽകിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. സംസ്ഥാനങ്ങളുടെ നികുതി വിഹിതം ആകെയുള്ള കേന്ദ്രനികുതിയുടെ 32%–ൽ നിന്നും 50% ആയി വർദ്ധിപ്പിക്കണമെന്ന് നാം ആവശ്യ

പ്പെട്ടിരുന്നുവെങ്കിലും മൊത്ത നികുതികൈമാറ്റം 42%-ൽ പരിമിതപ്പെടുത്തി കൊണ്ട് 14-ാം ധനകാര്യ കമ്മീഷൻ നൽകിയ അവാർഡ് കേന്ദ്രനികുതികളിലെ സംസ്ഥാന വിഹിതത്തിൽ മിതമായ വർദ്ധനവ് മാത്രമാണ് നൽകുന്നത്.

**6.** എന്നാൽ ഈ കൈമാറ്റത്തോടൊപ്പം കേന്ദ്ര സർക്കാർ എട്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതും നാം കാണേണ്ടതായിട്ടുണ്ട്. ഇരുപത് പദ്ധതികളിൽ കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും തമ്മിലുള്ള അനുപാതത്തിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചതും ഈ പദ്ധതികളിൽ സംസ്ഥാന ങ്ങൾക്കുള്ള കേന്ദ്രവിഹിതം പകുതിയാക്കിയതും കൂടുതൽ ആശങ്കയുളവാക്കുന്നു. ഇവയിൽ സംയോ ജിത ശിശു വികസന പദ്ധതി, ഇന്ദിര ആവാസ് യോജന, ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം തുടങ്ങിയ പദ്ധതി കൾ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗ ങ്ങൾക്ക് നേരിട്ട് ഗുണം ലഭിക്കുന്നവയാണ്. ഈ പദ്ധതി കൾ തുടർന്ന് നടപ്പിലാക്കുന്നതിന് 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന വർദ്ധനവിന്റെ സിംഹഭാഗവും ഉപയോഗിക്കേണ്ടി വരുമെന്നതിനാൽ, സംസ്ഥാനങ്ങൾക്ക് പുതിയ വികസനപരിപാടി കൾക്കായി പണം തികയാതെ വരും. പാവങ്ങൾക്കു

വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ഇത്തരം സുപ്രധാന പരിപാടികളിൽ നിന്ന് പിൻവാങ്ങുന്ന പ്രതിലോമ കരമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കില്ല എന്ന് നമുക്ക് പ്രത്യാശിക്കാം.

**7.** 14-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ സ്വാഗതാർഹ മായ കാര്യം സംസ്ഥാനത്തിന് റവന്യൂ കമ്മി നികത്തുന്ന തിലേക്ക് 9519 കോടി രൂപ അടുത്ത മൂന്ന് വർഷങ്ങളിൽ സഹായമായി ലഭിക്കും എന്നതാണ്. എന്നാൽ ഈ തുക ലഭിക്കുന്നതും ചില നിബന്ധനകൾക്ക് വിധേയ മായിട്ടാണ്. ഇത് സംസ്ഥാനത്തിനെ സംബന്ധിച്ചട ത്തോളം വലിയ ഉത്തരവാദിത്തമെന്നതുപോലെ വെല്ലു വിളിയുമാണ്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധന ദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കണമെങ്കിൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ട തുണ്ട്. സാമ്പത്തിക മാന്ദ്യം ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് സമ്പദ് വ്യവസ്ഥയെ തിരിച്ചുകൊണ്ടവരുന്നതിന് ഈ തുക വിനിയോഗിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. റവന്യൂ കമ്മി നികത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഈ കേന്ദ്രസഹായം സംസ്ഥാനത്തിന് ലഭിക്കുന്നതിന് സാധ്യ മായ എല്ലാ നടപടികളും സ്വീകരിച്ച്, ധനകാര്യ കമ്മീഷൻ അവാർഡ് പൂർണ്ണമായും നേടിയെടുക്കാൻ നമുക്ക് കഴിയുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു.

**8.** അതിനാൽ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനാണ് ഈ വർഷം ഞാൻ കൂടുതൽ മുൻഗണന നൽകുന്നത്. സർക്കാർ വകുപ്പുകളും ഏജൻസികളും പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന പണം യഥാർത്ഥത്തിൽ ചെലവഴിക്കുന്നതിനു പകരമായി ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവുകാണിക്കുന്ന പ്രവണതയ്ക്ക് ഇതിനകം കടിഞ്ഞാൺ ഏർപ്പെടുത്തിയിട്ടുണ്ട്. 2005 മുതൽ 2012 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിന്റെ ഏകദേശം 10–15% വരുന്ന തുക ഇപ്രകാരം ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് വകമാറ്റിയിട്ടുണ്ട്. ഓരോ വകുപ്പും മാർച്ച് 31 വരെ ചെലവാക്കാൻ കഴിയാത്ത തുക സറണ്ടർ ചെയ്യേണ്ടതുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഈ തീയതിക്കു മുൻപ് ചെലവാക്കാൻ കഴിയാത്ത വകുപ്പുകൾ തുക ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി ഇടുകയാണ് പതിവ് . ഇപ്രകാരം മാറ്റിയിടാൻ ഉദ്ദേശിച്ച തുക അടുത്ത 6 മാസത്തിനുള്ളിൽ പൂർണ്ണമായും ചെലവാക്കാൻ കഴിയും എന്ന് ബോധ്യമുള്ള പക്ഷം ഈ സംഖ്യ ഒരു ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് നീക്കിവയ്ക്കുന്നത് ഉത്തമമാണെന്ന് കരുതുന്നു. . ഈ തുക വകുപ്പുകൾക്ക് സെപ്തംബർ 30 ന് മുൻപ് ആവശ്യാനുസരണം ചെലവഴിക്കാൻ കഴിയുന്നതാണ്. ഭരണഘടന വിഭാവനം ചെയ്ത പ്രകാരം, കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന സംസ്ഥാന ധനകാര്യ കമ്മീഷനു

കളുടെ ശുപാർശപ്രകാരമാണ് തദ്ദേശസ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ ഇപ്രകാരം നൽകുന്ന തുകയിൻമേൽ യാതൊരു നിയന്ത്രണവും സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾക്ക് തന്നാണ്ടിൽ ചെലവഴിക്കാൻ കഴിയാത്ത തുക മുഴുവനായി തന്നെ അടുത്ത വർഷം ചെലവാക്കാൻ സാധിക്കുന്നതാണ്. ചെലവിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ദുർവ്യയം ഒഴിവാക്കുന്നതിനും ഈ നടപടി മൂലം സാധിക്കുന്നതാണ്.

**9.** സർക്കാർ പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത അഞ്ച് വർഷത്തെ ചെലവുകൾ കൃത്യമായി കണക്കാക്കിയ ശേഷം മാത്രം പദ്ധതിക്ക് അനുമതി നൽകുന്ന ഒരു സാമ്പത്തിക ദൃഢീകരണ നടപടി ഞാൻ പ്രഖ്യാപിക്കുകയാണ്. സാമ്പത്തിക ദൃഢീകരണ പാതയിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു നടപടിയായിരിക്കും ഇതെന്ന് ഞാൻ കരുതുന്നു. ബജറ്റിൽ പലപ്പോഴും പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് തുടർ വർഷങ്ങളിൽ മതിയായ ബജറ്റ് വിഹിതം ലഭിക്കാതെ വരുന്നതുമൂലം പദ്ധതികളുടെ നടത്തിപ്പിൽ പ്രതിസന്ധി നേരിടാറുണ്ട്. ആയത് അടുത്തകാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിമർശനവും ക്ഷണിച്ചു വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടുത്ത 5 വർഷ കാലയളവിൽ ഓരോ പദ്ധതിക്കും വേണ്ടി വരുന്ന തുക കൃത്യമായി

കണക്കാക്കി, ഇതിനാവശ്യമായ തുക വരും വർഷ ങ്ങളിലെ ബജറ്റിൽ പ്രത്യേകമായി വകയിരുത്തുന്നതാണ്. നടപ്പുവർഷം മുതൽ മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് മതിയായ ബജറ്റ് വിഹിതം ഉറപ്പു വരുത്തിയ ശേഷം മാത്രമേ പുതിയ പദ്ധതികൾ ഏറ്റെടു ക്കുകയുള്ളൂ.

**10.** കഴിഞ്ഞ നാലു ബജറ്റുകളിലായി, ഞാൻ പുതുമയുള്ള നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി കളുടെ പുരോഗതി ഞങ്ങൾ തുടർച്ചയായി അവ ലോകനം ചെയ്തു വരികയാണ്. ഇപ്രകാരം വിലയിരു ത്തിയപ്പോൾ മുൻകാല ബജറ്റുകളിൽ ഞാൻ പ്രഖ്യാപിച്ച പദ്ധതികളിൽ 90% ലധികവും നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ് എന്ന മഹത്തായ നേട്ടം സഭയുടെ സവിശേഷ ശ്രദ്ധക്കായി ഞാൻ സമർപ്പിക്കുന്നു. സാമ്പ ത്തികമായി ഏറെ വെല്ലുവിളികൾ അതിജീവിച്ച് കരസ്ഥ മാക്കിയ ഈ നേട്ടം അനന്യസാധാരണമാണെന്ന് ഞാൻ കരുതുന്നു.

**11.** നികത്താനാകാത്ത വിടവ് സൃഷ്ടിച്ച് നമ്മെ വിട്ടു പിരിഞ്ഞ നമ്മുടെ പ്രിയപ്പെട്ട സഭാനേതാവായിരുന്ന ശ്രീ. ജി. കാർത്തികേയന് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സാധാരണക്കാരുടെ പ്രശ്നങ്ങൾ എല്ലാ യ്പോഴും ഉയർത്തിപ്പിടിച്ച ജനനേതാവായിരുന്നു

അദ്ദേഹം. വെള്ളനാട് ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പൊതുപരിപാടിയിലാണ് അദ്ദേഹം അവസാനമായി പങ്കെടുത്തത്. പ്രസ്തുത ചടങ്ങിൽ വെള്ളനാട് ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് ഒരു പുതിയ ബ്ളോക്ക് നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന് അദ്ദേഹം ബഹു.മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. എന്റെ ബജറ്റിലെ സാമ്പത്തിക കാഴ്ചപ്പാടിന്റെ രൂപരേഖ അവതരിപ്പിക്കുന്നതിനു മുൻപായി ശ്രേഷ്ഠനായ ആ ജനനേതാവിന്റെ അന്ത്യാഭിലാഷം സഫലമാക്കിക്കൊണ്ട് ഞാൻ അദ്ദേഹത്തിനോടുള്ള ആദരവ് രേഖപ്പെടുത്തുന്നു. ഈ സ്കൂൾ ക്യാമ്പസിൽ ഹൈസ്കൂളിനായി ഒരു പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 7 കോടി രൂപ വകയിരുത്തുന്നതിനോടൊപ്പം പ്രസ്തുത സ്കൂളിനെ ജി. കാർത്തികേയൻ സ്മാരക ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്ന് നാമകരണം ചെയ്യുന്നതായി ഞാൻ സന്തോഷപുരസരം പ്രഖ്യാപിക്കുന്നു.

**12.** പൊതുഖജനാവിന്റെ സവിശേഷ ശ്രദ്ധ ലഭിക്കേണ്ട ചില സുപ്രധാന മേഖലകൾ മുൻ ബജറ്റുകളിലും ഞാൻ കണ്ടെത്തിയിട്ടുണ്ട്. ഈ ബജറ്റിലെ ഏഴ് സുപ്രധാന മേഖലകൾ ഈ മഹനീയ സഭയുടെ ശ്രദ്ധക്കായി മുൻപാകെ ഞാൻ  അവതരിപ്പിക്കുന്നു.

1. ഉണർവിന്റെ ഊർജ്ജവുമായി കാർഷിക മേഖല
2. കുതിപ്പിന്റെ കുളമ്പടിയുമായി അടിസ്ഥാന സൗകര്യ വികസനം
3. സമ്പൂർണ്ണ ആരോഗ്യ കേരളം – സാർവ്വത്രിക ആരോഗ്യം
4. വിരൽതുമ്പിൽ സേവനവുമായി ഡിജിറ്റൽ കേരള
5. എല്ലാവർക്കും പാർപ്പിടം
6. വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് ഉത്തേജനം
7. കരുതലും വികസനവും മുഖ മുദ്രയായ ക്ഷേമ പ്രവർത്തനങ്ങൾ

മേൽപ്പറഞ്ഞ പദ്ധതികളിലൂടെ, കേരളത്തെ വികസിതരാജ്യങ്ങളുടെ ജീവിതനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് വിഭാവനം ചെയ്ത 'കേരള പരിപ്രേക്ഷ്യപദ്ധതി 2030' യുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് ഐക്യ ജനാധിപത്യമുന്നണി സർക്കാർ കരുതുന്നു. മുകളിൽ പ്രതിപാദിച്ച ഏഴ് മേഖലകളിലുൾപ്പെടുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഉന്നതാധികാര സമിതിക്കും രൂപം നൽകുന്നതാണ്.

## ഉണർവിന്റെ ഊർജ്ജവുമായി കാർഷിക മേഖല

**13.** ദീർഘകാലത്തെ ഇടവേളയ്ക്കുശേഷം സമീപകാലത്ത് കേരളത്തിന്റെ കാർഷികമേഖലയിൽ ദൃശ്യമായ ഉണർ വിനെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. കാർഷിക മേഖലയിൽ സർക്കാരിന്റെ പരിശ്രമം മൂലം വളർച്ചയുടെ പുതുനാമ്പുകൾ ദർശിക്കാൻ കഴിയുന്നത് ആഹ്ളാദകരമാണ്. ഈ കുതിപ്പ് തുടർന്നും നില നിറുത്താൻ ഈ ബജറ്റിലൂടെയും ഞാൻ പരിശ്രമിക്കുന്ന താണ്.

**14.** റബ്ബർകൃഷിയെ ജീവനോപാധിയായി കണക്കാക്കുന്ന വലിയൊരു ജനവിഭാഗം സംസ്ഥാനത്തുണ്ട്. 2014 ഡിസം ബറിൽ റബ്ബറിൻമേലുള്ള വാങ്ങൽ നികുതി (purchase tax) ഒഴിവാക്കിയതിലൂടെ ഈ മേഖലയിലെ ദുരിതം ഭാഗികമായി ലഘൂകരിക്കാൻ കഴിഞ്ഞെങ്കിലും കർഷ കർക്ക് ഇതിന്റെ നേട്ടം പൂർണ്ണമായി ലഭിച്ചിട്ടില്ല. അതി നാൽ റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതി അനിവാര്യമാണെന്ന് ഞാൻ കരുതുന്നു. ഇതിനായി ഒരു റബ്ബർ വിലസ്ഥിരത ഫണ്ട് രൂപീകരി ക്കുന്നതാണ്. കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി 20,000 മെട്രിക് ടൺ റബ്ബർ വാങ്ങാനുള്ള സഹായമായി 300 കോടി രൂപ ഇതിനായി വിനിയോഗിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ

ബോർഡ് നിശ്ചയിക്കുന്ന ദൈനം ദിന വിലസൂചികയും (Daily Reference Price) തമ്മിലുള്ള വില വ്യത്യാസം റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെയോ റബ്ബർ ഉത്പാദക സംഘങ്ങളുടെയോ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതാണ്. റബ്ബർ ഉൽപാദക ജില്ലകളിലെ സർവ്വീസ് സഹകരണബാങ്കുകൾ ഉൾപ്പടെയുള്ള എല്ലാ പ്രമുഖ ബാങ്കുകളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നതാണ്.

**15.** ഈ സർക്കാർ 700 കോടിയിലധികം രൂപ നെല്ലുസംഭരണത്തിന് താങ്ങുവിലയായി സപ്ളൈകോ തുടങ്ങിയ ഏജൻസികൾ മുഖാന്തിരം കഴിഞ്ഞ മൂന്നു വർഷമായി കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യമായ വരുമാനവും ജീവിത നിലവാരവും ഉറപ്പുവരുത്തുന്നതിന് അവർക്ക് വേഗത്തിലും കൃത്യമായും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണെന്ന കാര്യത്തിൽ ഞാൻ തികച്ചും ബോധവാനാണ്. നെല്ലു സംഭരിച്ചു കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി ബജറ്റിൽ 300 കോടി രൂപ ഞാൻ വകയിരുത്തുന്നു. .

**16.** കാർഷികമേഖലയുടെ വളർച്ചയ്ക്ക് മിതമായ പലിശ നിരക്കിലുള്ള കാർഷിക വായ്പയുടെ ലഭ്യത ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്. വീഴ്ച വരുത്തുന്ന വായ്പ കളെ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നത് ഇതിനുള്ള ശാശ്വതപരിഹാരമല്ല എന്നതാണ് അനുഭവങ്ങൾ തെളി യിക്കുന്നത്. നബാർഡ് കുറഞ്ഞ പലിശനിരക്കിൽ സഹ കരണസംഘങ്ങൾക്ക് വായ്പ അനുവദിക്കുന്നുണ്ടെ ങ്കിലും വായ്പ തിരിച്ചടവിൽ ഉണ്ടാകുന്ന വീഴ്ചകൾ കൂടി പരിഗണിച്ച് സഹകരണസംഘങ്ങൾ ഉയർന്ന നിരക്കിലാണ് കർഷകർക്ക് വായ്പ അനുവദിക്കുന്നത്. കൃത്യമായ തിരിച്ചടവിന് 3% പലിശയാണ് കേന്ദ്ര സർക്കാർ സബ്സിഡിയായി അനുവദിക്കുന്നത്. കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷക രുടെ പലിശബാദ്ധ്യത സർക്കാർ വഹിക്കുന്നതാണെന്ന് ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു. ഫലത്തിൽ ഹ്രസ്വകാല കാർഷിക വായ്പ പലിശ രഹിതമായി ലഭ്യമാകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്ന താണ്. ഇത് ഉയർന്ന തോതിലുള്ള കാർഷികവായ്പാ വിതരണം ഉറപ്പാക്കുന്നതും കാർഷിക മേഖലയ്ക്ക് ഉയർന്ന നിക്ഷേപം ലഭിക്കുന്നതിന് സഹായകരമാകുന്ന തുമാണ്. കാർഷികമേഖലയിൽ ഉയർന്ന വായ്പാ ലഭ്യത ഉറപ്പുവരുത്തുന്നതിനും, പലിശഭാരം കുറച്ചുകൊണ്ടു വരുന്നതിനും പ്രസ്തുതമേഖലയിൽ ഉയർന്ന മുതൽ മുട ക്കുണ്ടാക്കുന്നതിനും ഈ നടപടിയിലൂടെ കഴിയുന്ന

താണ്. നബാർഡും സഹകരണസംഘങ്ങളുമായി ചേർന്ന് വിശദമായ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 125 കോടി രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു. ഇതു മൂലം കാർഷിക വായ്പയിൽ 2000 കോടി രൂപയുടെ അധിക വർദ്ധനവ് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**17.** നാളികേര മേഖലയുടെ സമഗ്രമായ തിരിച്ചുവരവിനും കേരകർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനും നീര ഉൽപ്പാദനം മികച്ച ഉപാധിയാകുമെന്ന് സർക്കാർ കരുതുന്നു. കൊച്ചിയിലെ നാളികേര വികസന ബോർഡ് ഈ മേഖലയിൽ നടത്തിയിട്ടുള്ള നൂതനമായ ചുവടുവെയ്പുകൾ പരിഗണിച്ച് ബോർഡിന്റെ സഹകരണത്തോടെ നീര ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതാണ്. നീര ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതു ചടങ്ങുകളിലും സർക്കാർ അതിഥി മന്ദിരങ്ങളിലും പാക്കുചെയ്ത നീര ഒരു പാനീയമായി ഉൾപ്പെടുത്തുന്നതാണ്. ഇതിനായി 10 കോടി രൂപ നീക്കിവയ്ക്കുന്നു. സംസ്ഥാനത്തെ ഓരോ നാളികേര ഉത്പാദക കമ്പനിക്കും കെട്ടിട, യന്ത്രസാമഗ്രികൾക്ക് സഹായധനമായി ചെലവിന്റെ 25% മോ 50 ലക്ഷം രൂപയോ ഏതാണോ കൂടുതൽ അത് നൽകുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു. ചില അയൽ

സംസ്ഥാനങ്ങൾ ചെയ്തതുപോലെ കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25% മൂലധനസഹായമായി കർഷക ഉൽപ്പാദക കമ്പനികൾക്ക് നൽകുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനായി 10 കോടി രൂപ വകയിരു ത്തുന്നു. ഇതിനു വേണ്ടിയുള്ള സാമ്പത്തിക സഹായം കേരള ഫിനാൻഷ്യൽ കോർപറേഷൻ മുഖേന അനു വദിക്കുന്നതാണ്. നീര ഉത്പാദനത്തിനായി ആകെ 30 കോടിരൂപ വകയിരുത്തുന്നു. വാർഷിക പദ്ധതിയിൽ കൃഷി വകുപ്പിന് അനുവദിച്ച 45 കോടിരൂപ കൂടി കണക്കിലെടുക്കുമ്പോൾ നാളികേര മേഖലയ്ക്കുള്ള മൊത്തം വിഹിതം മുമ്പെങ്ങുമില്ലാത്തവിധം 75 കോടി രൂപയായി ഉയർന്നിരിക്കുകയാണ്.

**18.** തോട്ടം മേഖലയുടെ പുനരുജ്ജീവനം സംസ്ഥാന ത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തുപകരുന്നതിൽ നിർണായകമാണ്. സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഒരു ആശ്വാസമെന്ന നിലയിൽ വ്യക്തികളുടെ ഉടമസ്ഥതയി ലുള്ള തോട്ടങ്ങൾക്കുള്ള പ്ലാന്റേഷൻ നികുതി പൂർണ്ണ മായി ഒഴിവാക്കുന്നതാണ്. കമ്പനികൾ, സൊസൈറ്റി കൾ, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള തോട്ട ങ്ങൾക്ക് പ്ലാന്റേഷൻ നികുതി തുടർന്നും ഈടാക്കുന്ന താണ്. ഇതു മൂലം 2 കോടി രൂപയുടെ റവന്യൂ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

**19.** കാർഷികമേഖലയുടെ ഉയർത്തെഴുന്നേൽപ്പ് സാധ്യമാകുന്നത് കാർഷികോൽപാദനത്തിന്റെയും കാർഷിക ഉൽപ്പന്നങ്ങളുടെയും ആവശ്യകത വർദ്ധിക്കുന്നതിനെ ആശ്രയിച്ചാണ്. ഈ ഉദ്ദേശ്യം മുൻനിറുത്തി, 1-4-2015-നു ശേഷം ഉൽപാദനം തുടങ്ങുന്ന റബ്ബർ ഉൾപ്പെടെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങളിൽ 75 ശതമാനത്തിലധികം മൂല്യ വർദ്ധനയുള്ളവയ്ക്ക് പലിശ സബ്സിഡി നൽകുന്നതിന് ഒരു പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. ഈ പദ്ധതിയിൽ കീഴിൽ സംരംഭകർ ബാങ്കിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ എടുക്കുന്ന വായ്പയുടെ പലിശതുകയുടെ 50% പ്രതിവർഷം പരമാവധി 10 ലക്ഷം രൂപ വരെ മൂന്നു വർഷത്തേയ്ക്ക് സർക്കാർ വഹിക്കുന്നതാണ്. 20 കോടി രൂപ ഇതിലേയ്ക്കായി ഞാൻ മാറ്റി വയ്ക്കുന്നു.

**20.** സംസ്ഥാനത്ത്, സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി നൽകാനുള്ള ഒരു പദ്ധതി ഞാൻ അവതരിപ്പിക്കുന്നു. ഈ പദ്ധതിയിൽ, കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും സബ്സിഡി. 20 കോടി രൂപ ഇതിലേയ്ക്കായി ഞാൻ മാറ്റിവയ്ക്കുന്നു. കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ പൈലറ്റായി ഈ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

**21.** കാർഷിക സമ്പദ്വ്യവസ്ഥയ്ക്ക് പുഷ്ടിപ്പെടുത്തുന്നതിന്റെ ഭാഗമായി തേനുൽപാദനം വർദ്ധിപ്പിക്കുന്നതിന് ഒരു 'ഹണി മിഷൻ' സ്ഥാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നതാണ്.

**<u>കുതിപ്പിന്റെ കുളമ്പടിയുമായി അടിസ്ഥാന സൗകര്യ വികസനം</u>**

**22.** സാമൂഹിക വികസന മേഖലയിൽ കേരളത്തിന്റെ മുതൽമുടക്ക് സംസ്ഥാനത്തിന് നിരവധി നേട്ടങ്ങൾ സമ്മാനിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിലും ഇതിനുള്ള മുതൽ മുടക്കിലും നാം ഇപ്പോഴും പിന്നിലാണ്. വികസന പ്രവർത്തനങ്ങളിൽ നാം ഇപ്പോഴും പ്രതിസന്ധി നേരിടുകയാണ്. പ്രധാന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്ക് മതിയായ തുക ഇനിയും നിക്ഷേപിക്കാൻ കഴിയാതെ വന്നാൽ വികസനത്തിൽ കേരളം മറ്റു പ്രദേശങ്ങളുടെ പിന്നിലാകും. സംസ്ഥാനത്തിന്റെ ചില പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുവിപണിയിൽ നിന്നും പണം കണ്ടെത്താനുള്ള നടപടികൾ നടപ്പുവർഷം സർക്കാർ സ്വീകരിക്കുന്നതാണ്. അടിസ്ഥാനസൗകര്യ വികസന മേഖലയിൽ നിലവിലുള്ള പോരായ്മ കണ്ടെത്തുന്ന

തിനായി ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ളാൻ 2030 എന്ന പേരിൽ ഒരു പദ്ധതി രേഖ (vision document) ഈ സർക്കാർ തയ്യാറാക്കുന്നതാണ്. പ്രധാന പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2000 കോടി രൂപ ഞാൻ ഈ ബജറ്റിൽ വകയിരുത്തുന്നു. ഈ തുക മൂലധനമായി ഉപയോഗിച്ച് കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡ് (KIIFB) പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തുന്നതാണ്. നൂതന സാമ്പത്തിക ഉപകരണങ്ങളായ Alternative Investment Fund, InVIT എന്നിവ മുഖേനയും General Obligation Bond കൾ ഉപയോഗപ്പെടുത്തിയും വികസനത്തിനാവശ്യ മായ പണം കണ്ടെത്തുന്നതാണ്. Alternative Investment Fund വഴി സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് ചില നികുതി ഇളവുകൾ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ പ്രയോജനപ്പെടുത്തി അടിസ്ഥാന സൗകര്യ വളർച്ചയ്ക്ക് ഊർജ്ജസ്വലമായ പിന്തുണ നൽകാൻ പ്രാപ്തമായ സംവിധാനമായി KIIFB നെ ഉയർത്തുന്ന തിന് ബന്ധപ്പെട്ട ആക്ടിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതാണ്. വിപണിയിൽ നിന്നും പണം കണ്ടെ ത്തുന്നതിനായി സർക്കാർ ഏജൻസികളായ കേരള റോഡ് ഫണ്ട് ബോർഡ്, KSIDC, കിൻഫ്ര എന്നിവയുടെ സഹായവും ഉപയോഗപ്പെടുത്തുന്നതാണ്.

**23.** സംസ്ഥാനത്ത് അടുത്ത മൂന്നു വർഷത്തിനുള്ളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 25000 കോടി രൂപയുടെ മുതൽമുടക്ക് മേൽപ്പറഞ്ഞ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താമെന്ന് എനിക്ക് ഉറപ്പുണ്ട്. ആവശ്യാധിഷ്ഠിതമായി മാത്രം വിപണിയിൽ നിന്നും സമാഹരിക്കുന്ന ഈ പണം സംസ്ഥാനത്തെ പ്രധാന മൂലധന പദ്ധതികൾക്കല്ലാതെ മറ്റൊരാവശ്യത്തിനും വിനിയോഗിക്കുന്നതല്ല. സംസ്ഥാനത്തെ പ്രധാന പദ്ധതികളായ സബർബൻ റെയിൽവേ കോറിഡോർ, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ലൈറ്റ് മെട്രോ, ബദൽ ഗതാഗത മാർഗ്ഗമായ ഉൾനാടൻ ജലഗതാഗത വികസനം, വിമാനത്താവളങ്ങളും അവയുടെ വികസനവും, പ്രധാന വൈദ്യുത നിലയങ്ങളുടെയും, പ്രധാന തുറമുഖങ്ങളുടെയും വികസനം, വൻകിട കുടിവെള്ളപദ്ധതികൾ, പ്രധാന ഹൈവേകൾ നാലുവരിപാതയാക്കൽ തുടങ്ങിയവയ്ക്കാണ് ഈ തുക ഉപയോഗിക്കുക.

**24.** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നടപടികൾ വളരെയധികം മുന്നോട്ടു പോയി ടെൻഡർ നടപടികൾ വരെയെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ഉറച്ച പിന്തുണ എന്ന നിലയ്ക്ക് 600 കോടി രൂപ പദ്ധതിക്കായി നീക്കി വയ്ക്കുന്നു.

**25.** കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി കേന്ദ്ര സർക്കാർ 2015-16 ബജറ്റിൽ 639.86 കോടി രൂപ വകയിരുത്തി

യിട്ടുണ്ട്. ഇതിനുള്ള സംസ്ഥാന വിഹിതമായി 940 കോടി രൂപ 2015-16 ൽ ഞാൻ അനുവദിക്കുന്നു.

**26.** കോഴിക്കോട്-തിരുവനന്തപുരം അന്തർദേശീയ വിമാന ത്താവളങ്ങളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്ന തിനായി 50 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**27.** അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ത്വരിത പ്പെടുത്തുന്നതിനായി ഡിസ്ട്രിക് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാ സ്ട്രക്ച്ചർ പ്രോജക്ട് (DFIP) ഞാൻ പ്രഖ്യാപിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ ഓരോ ജില്ലയിലേയും ഓരോ പ്രധാന അടിസ്ഥാനസൗകര്യ വികസന പദ്ധതി സർക്കാർ തെരഞ്ഞെടുക്കുകയും അതിന് പണം അനു വദിക്കുന്നതുമാണ്. ഈ പദ്ധതികൾക്കുള്ള സ്ഥലമെ ടുപ്പ് ആറുമാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്നതാണ്. ഇപ്രകാരമുള്ള 14 പദ്ധതികൾക്കായി പൊതുവിപണി യിൽ നിന്നും കണ്ടെത്തുന്ന പണത്തിൽ നിന്നും 1400 കോടി രൂപ അനുവദിക്കുന്നതാണ്.

## <u>സമ്പൂർണ്ണ ആരോഗ്യ കേരളം - സാർവ്വത്രിക ആരോഗ്യം</u>

**28.** ആകസ്മികമായി പിടിപെടുന്ന ഗുരുതര രോഗങ്ങൾക്ക് വേണ്ടി വരുന്ന ഭീമമായ ചികിൽസ ചെലവ് പലപ്പോഴും സാധാരണക്കാരെ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടാറുണ്ട്. പാവപ്പെട്ടവർക്ക് അപ്രതീക്ഷിതമായുണ്ടാകുന്ന ഗുരുതര

മായ അസുഖങ്ങൾ സൃഷ്ടിക്കുന്ന സാമ്പത്തിക തകർച്ച യിൽ നിന്നും അവരെ സംരക്ഷിക്കുന്നതിന് ആരംഭിച്ച പദ്ധതിയാണ് കാരുണ്യ സഹായ നിധി. ലോട്ടറിയിൽ നിന്ന് മാത്രം ഈ പദ്ധതിക്ക് ലഭിച്ച ബഹുമുഖപിന്തുണ ബഹുമാനപ്പെട്ട മെമ്പർമാരും അംഗീകരിക്കുമെന്ന് എനിക്കുറപ്പുണ്ട്. ജനക്ഷേമപ്രവർത്തനങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ തെളിവാണ് ഈ പദ്ധതി. വിവിധ വകുപ്പുകളുടെയും ക്ഷേമബോർഡുകളു ടെയും ആഭിമുഖ്യത്തിൽ മറ്റ് നിരവധി ആരോഗ്യ പദ്ധതി കൾ ഇന്ന് നിലവിലുണ്ട്. RSBY, CHIS, CHIS Plus, ആരോഗ്യകിരണം, താലോലം, കാൻസറിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ തുടങ്ങിയ ആരോഗ്യ പരിപാലന പദ്ധതികൾ ഇപ്രകാരം നടപ്പിലാക്കി വരുന്ന വയാണ്. ഈ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് വിവിധ ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചി ട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ പദ്ധതിയുടെയും വ്യത്യസ്തത നിലനിറുത്തി കൊണ്ടു തന്നെ മേൽ പ്പറഞ്ഞ എല്ലാ പദ്ധതികളും ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്ന ഉദ്ദേശത്തോടു കൂടി 'സമ്പൂർണ്ണ ആരോഗ്യ കേരളം' എന്ന പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. ഈ പദ്ധതിപ്രകാരം നിർദ്ദിഷ്ട Smart Health Card ഉപയോ ഗിച്ച് ആവശ്യക്കാർക്ക് സർക്കാർ, സ്വകാര്യ ആശുപത്രിക

ളിൽ നിന്നും നേരിട്ട് ചികിൽസ തേടാവുന്നതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് ഒരു വെബ് അധിഷ്ഠിത സംവിധാനം സർക്കാർ ഒരുക്കുന്നതാണ്. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബന്ധപ്പെട്ട വകുപ്പ് മന്ത്രി മാർ ട്രസ്റ്റികളും ആയുള്ള സമ്പൂർണ്ണ ആരോഗ്യ കേരളം ട്രസ്റ്റ് ഈ പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിക്കുന്ന താണ്. ഈ ട്രസ്റ്റിലേയ്ക്കുള്ള നിക്ഷേപങ്ങൾ വിവിധ പദ്ധതികളിൽ നിന്നും കണ്ടെത്തുന്നതാണ്. ഏകദേശം 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയിലൂടെ അർഹരായ എല്ലാ ആളുകൾക്കും ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതോടൊപ്പം സർക്കാ ർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസന ത്തിനുള്ള ധനസഹായവും നൽകുന്നതാണ്. ആരോഗ്യ മേഖലയിൽ പുതിയ ചരിത്രം സൃഷ്ടിക്കാൻ പര്യാപ്തമായ ഈ പദ്ധതി കേരളജനതയ്ക്ക് സമർപ്പിച്ചു കൊണ്ട് മഹനീയ സഭയുടെ മുൻപിൽ അവതരി പ്പിക്കുന്നു.

**<u>വിരൽതുമ്പിൽ സേവനവുമായി ഡിജിറ്റൽ കേരള</u>**

**29.** പൊതുജനങ്ങളിലേയ്ക്ക് സേവനം എത്രവേഗം എത്തിക്കാനായി എന്നതും, എത്ര ഫലപ്രദമായി സേവനം നൽകാനായി എന്നതുമാണ് സദ്ഭരണത്തിന്റെ അളവുകോൽ. ഈ ലക്ഷ്യം നേടുന്നതിനുള്ള ഏറ്റവും

ശക്തമായ മാർഗ്ഗമാണ് ഇ-ഗവേണൻസ്. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ കേരളം എന്നും മുൻപന്തിയിൽ തന്നെയാണ് നിലകൊണ്ടിട്ടുള്ളത്. സാധ്യമായ എല്ലാ സേവനങ്ങളും ഓൺലൈനിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ ധീരമായ ചുവടുവയ്പുകൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്.

**30.** ഡിജിറ്റൽ-ഇന്ത്യ ഉദ്യമങ്ങളുടെ ഭാഗമായ നാഷണൽ ഓപ്റ്റിക് ഫൈബർ നെറ്റ്‌വർക്ക് (NOFN) ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ വിവരസാങ്കേതിക വകുപ്പ് തയ്യാറാക്കിവരികയാണ്. സമ്പൂർണ്ണ ഇന്റർനെറ്റ് ലഭ്യത കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ ജില്ലയാണ് ഇടുക്കി. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബ്ളോക്ക് പഞ്ചായത്തുകൾക്കും ഫൈബർ ഓപ്റ്റിക്കിലൂടെ ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കുന്നതാണ്. പഞ്ചായത്തുകളിൽ നിന്നും സമീപമുള്ള സ്കൂളുകൾ, ആശുപത്രികൾ, അംഗനവാടികൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കും ഇന്റർനെറ്റ് സൗകര്യം വ്യാപിപ്പിക്കാനുള്ള ഒരു സ്വപ്നപദ്ധതി വൈദ്യുത ബോർഡ് തയ്യാറാക്കുകയാണ്. ഇത് സാധ്യമാകുന്ന

തോടെ സംസ്ഥാനത്ത് ഡിജിറ്റൽ കണക്ടിവിറ്റിയുടെ പുതിയൊരു യുഗം പിറക്കുകയും ഇന്റർനെറ്റിന്റെ വ്യാപനത്തിൽ ഇതര സംസ്ഥാനങ്ങളെക്കാളും ലോകത്തിലെ തന്നെ ചില വികസിത രാജ്യങ്ങളെ ക്കാളും മുൻപന്തിയിൽ നമ്മുടെ സംസ്ഥാനം എത്തു മെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

**31.** 2012 ലെ സേവനാവകാശ നിയമപ്രകാരം വിവിധ വകുപ്പുകളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സാധ്യമായ എല്ലാ സേവനങ്ങളും മൂന്നു വർഷത്തിനുള്ളിൽ പൂർണ്ണ മായും ഓൺലൈനായി ലഭ്യമാക്കുന്നതാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനം ലഭിക്കുന്നതാണ്. സേവനവകാശനിയമപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത സേവനങ്ങളുടെ പകുതി സേവനങ്ങൾ എങ്കിലും ഈ വർഷം ഓൺലൈൻ വഴി നൽകുന്ന സർക്കാർ വകുപ്പുകൾക്ക് അവാർഡ് ഏർപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ വെബ് സൈറ്റുകൾ ഒരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്ന തിനുമായി 25 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**32.** ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങളെ പരിപോഷിപ്പിക്കുന്നതിനായി ഒരു e-Governance Innovation Fund (e-GIF) രൂപീകരിക്കുന്നതാണ്. ഈ

ഫണ്ടിന്റെ സംസ്ഥാനതല വിനിയോഗം ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതി നിർവ്വഹിക്കുന്നതാണ്. പൊതു ജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന എല്ലാ hardware/software application നുകൾക്കും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ധനസഹായം നൽ കുന്നതാണ്. ഓരോ ജില്ലയ്ക്കും ഒരു കോടി രൂപ എന്ന കണക്കിൽ ഇതിനായി 14 കോടി രൂപ ഞാൻ വകയിരു ത്തുന്നു.

**33.** ഡിജിറ്റൽ കേരള എന്ന പദ്ധതി സാധ്യമാകുന്നതോടെ സർട്ടിഫിക്കറ്റുകൾക്കായി പൊതുജനങ്ങൾ സർക്കാർ വകുപ്പുകളേയോ ഓഫീസുകളേയോ സമീപിക്കേണ്ട സന്ദർഭങ്ങൾ കുറയ്ക്കാനോ പൂർണ്ണമായും ഇല്ലാ താക്കാനോ കഴിയും. രണ്ട് തലങ്ങളിലായാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സർട്ടിഫിക്കറ്റുകൾക്കായി വിദ്യാർത്ഥി കളോ മാതാപിതാക്കളോ ഒരു അധികാരിയേയും സമീ പിക്കേണ്ട സാഹചര്യം ഒഴിവാക്കുക എന്നതാണ്. വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാണ്. കേരള ത്തിലെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനുള്ള സർട്ടിഫിക്കറ്റുകൾക്കായി വിവിധ സർക്കാർ വകുപ്പുകളെ സമീപിക്കേണ്ട അവസ്ഥ ഒഴിവാക്കാനായി ഒരു

ഏകീകൃത വെർച്വൽ ഐ.റ്റി പ്ലാറ്റ്ഫോമിന്റെ സഹായമാണ് ഞാൻ ഉദ്ദേശിക്കുന്നത്. രണ്ടാമത്തേത്, പൊതുജനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ലഭ്യമായ ഡാറ്റാബേസുകൾ ഏകീകരിക്കുകയോ പരസ്പരം ബന്ധിപ്പിക്കുകയോ ചെയ്ത് ചില പ്രത്യേക സർട്ടിഫിക്കറ്റുകൾ ഉടനടി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയോ അല്ലെങ്കിൽ വിവിധവകുപ്പുകൾ നൽകുന്ന സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ച് സർട്ടിഫിക്കറ്റ് തയ്യാറാക്കിയെടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുന്നതാണ്. വിവിധ ഡേറ്റാ ബേസുകളുടെ ഏകീകരണത്തിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 10 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**34.** സെക്രട്ടേറിയേറ്റിലെ പകുതിയോളം വകുപ്പുകൾ ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് മാറുകയോ മാറാനുള്ള നടപടികൾ സ്വീകരിച്ചു വരികയോ ആണ്. അടുത്ത നാലു മാസങ്ങൾക്കുള്ളിൽ ഈ മാറ്റം പൂർത്തിയാക്കുന്നതാണ്. ഈ വർഷം തന്നെ പ്രധാന വകുപ്പുകളുടെ സംസ്ഥാന, ജില്ലാതല ഓഫീസുകളിലേക്ക് ഇ-ഓഫീസ് വ്യാപിപ്പിക്കുന്നതാണ്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകൾ, നെറ്റ് വർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമായി 50 കോടി രൂപ ഞാൻ

വകയിരുത്തുന്നു. പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി ഇന്റർനെറ്റിന്റെ സഹായ ത്തോടെ ഏത് ഓഫീസിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്ന് കണ്ടെത്താൻ ഈ സംവിധാനം മുഖേന കഴിയുന്നതാണ്. ഇത് കേരളത്തെ സംബന്ധി ച്ചിടത്തോളം ഒരു സുപ്രധാന നേട്ടം തന്നെയാണെന്ന തിൽ സംശയമില്ല.

**35.** അത്യന്താധുനിക ICT സംവിധാനങ്ങളുള്ള state of the art സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സ്മാർട്ട് ക്ലാസ് റൂം ശൃംഖല സ്ഥാപി ക്കുന്നതിനുള്ള ഒറ്റത്തവണ സഹായമായി 1 കോടി രൂപ അനുവദിക്കാൻ എനിക്ക് സന്തോഷമുണ്ട്. തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾ, സ്വയം സഹായ ഗ്രൂപ്പു കളിലെ പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം ഇതുവഴി നൽകാൻ കഴിയുന്നതാണ്.

**36.** ഏതു ഇ-ഗവേണൻസ് പദ്ധതിയുടെയും വിജയകരമായ നടത്തിപ്പിന് അതാത് വകുപ്പുകളുടെ പ്രവർത്ത നത്തെപ്പറ്റി ശരിയായ അറിവുള്ള സമർത്ഥരായ ഉദ്യോഗസ്ഥരുടെ സേവനം അത്യാവശ്യമാണ്. ഈ ഉദ്ദേശം മുൻനിർത്തി വിവിധ വകുപ്പുകളിലെ തെര

ഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്ച്വൽ ഐ.ടി കേഡർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. വെർച്ച്വൽ ഐ.ടി കേഡറിൽ ഉൾപ്പെടുത്തുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകി ഉയർന്ന തലത്തിലുള്ള ഐ.ടി പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതാണ്. ഈ നൂതന പദ്ധതിയുടെ പരിശീലന പരിപാടികൾക്കായി 1 കോടി രൂപ വകയിരുത്തുന്നതാണ്.

**37.** തെരഞ്ഞെടുത്ത നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് സഹായം നൽകുന്നതാണ്. ഇത് സംസ്ഥാനത്തെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രത്യേകിച്ച് യുവജനങ്ങൾക്ക് പ്രയോജനകരമാണ്. ഇതിനായി മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് 1 കോടി രൂപയും തെരഞ്ഞെടുക്കപ്പെട്ട മുൻസിപ്പാലിറ്റികൾക്ക് 50 ലക്ഷം രൂപയും നൽകുന്നതാണ്. ഇതിനായി 10 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

**38.** വിവരസാങ്കേതിക മേഖലയ്ക്കായി ഈ വർഷം 374.57 കോടി രൂപ ഞാൻ നീക്കിവച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ വിവര സാങ്കേതിക മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തിന് പുറമേയാണ് ഞാൻ മേൽ പ്രഖ്യാപിച്ചിരിക്കുന്ന ഈ 101 കോടി രൂപ.

## എല്ലാവർക്കും പാർപ്പിടം

**39.** സംസ്ഥാന ഭവന പദ്ധതിയുടെ ഭാഗമായി ഓരോ കുടുംബത്തിനും സ്വന്തമായി ഒരു വീട് എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിനായി സംസ്ഥാനത്തെ 1.75 ലക്ഷം കുടുംബങ്ങൾക്ക് വേണ്ടി മൂന്ന് പുതിയ പദ്ധതികൾ ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു.

**40.** നഗരങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിൽ പോലും ഭൂമിയുടെ ദൗർലഭ്യം ഭവനപദ്ധതികൾ നടപ്പിലാക്കുന്നതിന് തടസ്സമായി തീർന്നിട്ടുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ പോംവഴി അവർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുകയെന്നതാണ്. ജില്ലാ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ചു കൊണ്ട് ബിപിഎൽ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും ബാങ്കിൽ നിന്നും പണം ലഭ്യമാക്കുവാൻ സർക്കാർ ഗ്യാരണ്ടി നൽകുന്നതാണ്. ഈ പദ്ധതിക്കു കീഴിൽ പാവപ്പെട്ടവർക്ക് താമസത്തിന് മൂന്ന്/നാലുനില വരെയുള്ള ഫ്ളാറ്റുകൾ നിർമ്മിക്കുന്നതാണ്. കളക്ടർ ചെയർമാനായി ജില്ലാ തലത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ച് ഈ ആവശ്യത്തിലേയ്ക്കു വേണ്ട ഭൂമി വാങ്ങുന്നതാണ്. ഇവിടെ ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ടി മുൻകൂട്ടി

നിർമ്മിച്ച ഭവന ഘടകങ്ങൾ (Prefab Technology) ഈ പദ്ധതിക്ക് വിനിയോഗിക്കുന്നതാണ്. നേരിട്ട് മുതലും പലിശയും ബാങ്കിൽ അടയ്ക്കുന്നതിന് ഓരോ ജില്ലാ ഹൗസിംഗ് സൊസൈറ്റിക്കും സർക്കാർ ബജറ്റിൽ നിന്നും സഹായം നൽകുന്നതാണ്. ഇതിനായി ഒരു ഹൗസിംഗ് ഫണ്ടിന് ഞാൻ രൂപം നൽകുന്നു. വാർഷിക പദ്ധതിയുടെ 5% എങ്കിലും ഈ പദ്ധതിക്കായി നീക്കി വയ്ക്കുന്ന പഞ്ചായത്തുകൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്. ഈ വർഷം 75,000 ഇത്തരം ഭവനങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 3000 ഭവനങ്ങൾ മത്സ്യത്തൊഴിലാളികൾക്കായി നീക്കി വയ്ക്കുന്നു. സർക്കാർ വിഹിതമായി 162 കോടി രൂപ വാർഷിക തിരിച്ചടവിനു വേണ്ടി 'ഹൗസിംഗ് ഫണ്ടിലേക്ക്' ഞാൻ വകയിരുത്തുന്നു.

**41.** ഭൂരഹിതരായ ബി.പി.എൽ കുടുംബങ്ങൾക്കും താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്കും 75,000 ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ബാങ്കുകളുടെ സഹകരണത്തോടെ പുതിയ സംയോജിത ഭവന പദ്ധതി ഞാൻ സസന്തോഷം പ്രഖ്യാപിക്കുകയാണ്. സംസ്ഥാനത്തെ പ്രമുഖ ബാങ്കുകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി വാങ്ങുന്നതിനും, വീട് നിർമ്മിക്കുന്നതിനും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എടുത്ത 4 ലക്ഷം രൂപ വരെയുള്ള വായ്പ

യുടെ മുതലും പലിശയും ചേർന്ന വാർഷിക തിരിച്ചടവിന്റെ 75% തുക 20 വർഷം വരെ സബ്സിഡിയായി സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകുന്നതാണ്. 2 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് വാർഷിക തിരിച്ചടവിന്റെ 50% ആയിരിക്കും സബ്സിഡി. ഇതിലേക്കായി 180 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

**42.** സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഓരോ വാർഡിലും ഒരു വീട് നൽകുവാനുദ്ദേശിച്ചു കൊണ്ട് ഒരു സവിശേഷ ഭവന പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ 22000 വീടുകൾ ഇതുവഴി പൂർത്തിയാക്കുന്നതാണ്. ഈ പദ്ധതിക്കുള്ള തുകയുടെ 50% സർക്കാരും ബാക്കി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും വഹിക്കുന്നതാണ്. ഇതിനുള്ള സംസ്ഥാന വിഹിതമായി 110 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**43.** റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ സുപ്രധാന പദ്ധതിയായ ഭൂരഹിതർ ഇല്ലാത്ത കേരളം എന്നതിലൂടെ ഒരു ലക്ഷത്തിലധികം ആളുകൾക്ക് ഭൂമി നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ ചരിത്ര പദ്ധതി പൂർണ്ണതോതിൽ ഈ വർഷവും നടപ്പിലാക്കുന്നതാണ്. ഇപ്രകാരം ഭൂമി ലഭിച്ച വ്യക്തികൾക്ക് സർക്കാർ

പുതുതായി പ്രഖ്യാപിച്ച ഭവന പദ്ധതികളിൽ മുൻഗണന നൽകുന്നതാണ്.

44. ഗൃഹശ്രീ ഹൗസിംഗ് പദ്ധതിയിൻ കീഴിൽ 1500 വീടുകൾ നിർമ്മിക്കുന്നതിനായി 20 കോടി രൂപ അധികമായി അനുവദിക്കുന്നതാണ്.

45. സൗഭാഗ്യ ഭവന പദ്ധതിക്കായി ഞാൻ 10 കോടി രൂപ വകയിരുത്തുന്നു.

46. ഈ സ്വപ്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പെട്രോളിനും, ഡീസലിനും ലിറ്ററിന് ഒരു രൂപ നിരക്കിൽ ഒരു അധിക നികുതി ഏർപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ വർഷം 482 കോടി രൂപ ഞാൻ ഉറപ്പുവരുത്തുന്നു.

## വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് ഉത്തേജനം

47. സ്വയം തൊഴിൽ ഉദ്യമങ്ങൾക്കും, വ്യവസായ സംരംഭങ്ങൾക്കും ഒരുമിച്ച് വളരാൻ സഹായകരമായ ഒരു സാഹചര്യം ഒരുക്കുക എന്നതാണ് ഐക്യ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയം. കേവലം തൊഴിൽ അന്വേഷകൻ എന്നതിൽ നിന്നും തൊഴിൽ ദാതാവ് എന്ന നിലയിലേക്ക് നമ്മുടെ യുവാക്കളെ കൈപിടിച്ച്

ഉയർത്തേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ ശ്രമങ്ങൾക്ക് ഉറച്ച പിന്തുണ സർക്കാർ നൽകുന്നതാണ്.

**48.** വിവിധ സർക്കാർ ഏജൻസികളുടെയും, ബാങ്കുകളുടെയും സഹായത്തോടെ നടപ്പിലാക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സമഗ്രമായ ദിശാബോധം നൽകുന്നതിനായി 'Comprehensive Mission on Employment Generation' (MEGA) എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയിലൂടെ നൈപുണ്യ വികസനം, ബിസിനസ്സ് പ്ലാനിംഗ്, ബാങ്കിംഗ് സൗകര്യം, വിപണി ഇടപെടലുകൾ, സാങ്കേതിക അടിസ്ഥാന സൗകര്യ സഹായങ്ങൾ മുതലായവ സമർത്ഥരായ സംരംഭകർക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ എല്ലാ ജില്ലകളിലും ബിസിനസ്സ് ഇൻകുബേറ്ററുകൾ, എല്ലാ സെക്ടറുകളിലും ടെക്നോളജി ഇൻകുബേറ്ററുകൾ എന്നിവ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട്, സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട്, ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ചലഞ്ച് ഫണ്ട് എന്നിവ രൂപീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**49.** വ്യവസായ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിന് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട ധനസമാഹരണത്തിന് സഹായം നൽകാൻ ഒരു Incubation Infrastructure Development Fund രൂപീകരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നതാണ്.

**50.** സംസ്ഥാനത്തെ സർവ്വകലാശാലകളിൽ Incubation Support Centres തുടങ്ങുന്നതിന് സർവ്വകലാശാലകൾക്കുള്ള പതിവ് വിഹിതത്തിനു പുറമേ 1 കോടി രൂപ വീതം ആകെ 11 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**51.** 'Start up' പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻകാല ബജറ്റുകളിൽ നിരവധി ശ്രമങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് 'Performance Linked Support Scheme' എന്ന ഒരു പുതിയ പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്. ഈ പദ്ധതിപ്രകാരം 1000 Start up പദ്ധതികൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 10,000 രൂപ വീതം ആദ്യത്തെ രണ്ട് വർഷം പ്രോത്സാഹനമായി നൽകുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി ഞാൻ 12 കോടി രൂപ വകയിരുത്തുന്നു.

**52.** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മതിയായ സഹായം നൽകുന്നതിനു വേണ്ടി സംരംഭകത്വ സഹായ പദ്ധതിക്ക് 40 കോടിരൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. യുവ സംരംഭകരെ സഹായിക്കുന്നതിന് 6 കോടിരൂപ മൂലധന സഹായമായും (Seed Fund) നീക്കിവച്ചിട്ടുണ്ട്.

**53.** യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% വരെ പങ്കാളിത്ത സഹായം നൽകുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. വനിതാ സംരംഭകർക്ക് 20% വരെ തുക സഹായമായി നൽകുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 1500 ഗുണഭോക്താക്കൾക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 1500 ഗുണഭോക്താക്കൾക്കും 50% ഓഹരി പങ്കാളിത്തത്തോടെ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ബാങ്കുകൾ, KFC, KSIDC, KINFRA എന്നീ സ്ഥാപനങ്ങളെ കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള നൈപുണ്യ വികസന മിഷൻ, വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ASAP എന്നിവയെ കൂടി ചേർത്തുകൊണ്ട് വിശദമായ പദ്ധതി ഇതിനായി തയ്യാറാക്കുന്നതാണ്. ഇതിനായി ഞാൻ 50 കോടി രൂപ നീക്കിവയ്ക്കുന്നതാണ്.

**54.** വിദ്യാർത്ഥി സംരംഭകർക്കിടയിൽ പേറ്റന്റ് നേടുന്നവർക്ക് പേറ്റന്റിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിയുടെ നടത്തിപ്പിനായി ബാങ്ക് വായ്പയുടെ പലിശക്ക് 5 വർഷത്തേക്ക്

സബ്സിഡി നൽകുന്നതാണ്. പേറ്റന്റ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പ്രതിവർഷം 3 ലക്ഷം രൂപ ഉന്നത വിദ്യാഭ്യാസത്തിനായോ ഗവേഷണ ത്തിനായോ പരമാവധി 3 വർഷം വരെ നൽകുന്നതാണ്. ഇതിലേയ്ക്കായി 5 കോടി രൂപ അനുവദിക്കുന്നതാണ്.

**55.** രണ്ടു വർഷം മുൻപ് എന്റെ ബജറ്റിലൂടെ ആരംഭിച്ച കേരള സംസ്ഥാന സംരംഭക വികസനപദ്ധതി പ്രകാരം 1300 സംരംഭകർക്ക് കേരള ഫിനാൻഷ്യൽ കോർപ്പ റേഷൻ ഇതിനകം സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവർക്ക് വായ്പാപരിധി 10 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായും മറ്റു സംരംഭകർക്കായുള്ള വായ്പ 4 ലക്ഷത്തിൽ നിന്നും 7 ലക്ഷമായും ഉയർത്തുന്നതാണ്.

**56.** തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ സ്വകാര്യ നിക്ഷേപം കൊണ്ടുവരുന്ന മൂന്ന് മികച്ച ഗ്രാമ പഞ്ചായത്തുകൾക്ക് അവാർഡ് ഏർപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള ഗ്രാമപഞ്ചായത്തു കൾക്ക് യഥാക്രമം 5 കോടി രൂപ 3 കോടി രൂപ 1 കോടി രൂപ എന്ന ക്രമത്തിൽ വികസന ഗ്രാന്റ് അനുവദിക്കുന്ന താണ്. ഇതിലേക്കായി 9 കോടി രൂപ വകയിരുത്തുന്നു.

**57.** കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിന് സ്ത്രീകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. വനിതാ വ്യവസായ സംരംഭകത്വം പരിപോഷിപ്പിച്ചാലെ നാം വിഭാവനം ചെയ്യുന്ന വികസന തലങ്ങളിൽ എത്തി ച്ചേരാൻ സാധിക്കുകയുള്ളൂ. ഈ ഉദ്ദേശം മുൻനിർത്തി സ്ത്രീ സംരംഭകർക്കായി ഒരു പലിശ സമാശ്വാസ പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്. സ്ത്രീ തൊഴിലാളി കൾ 50%-ൽ അധികമുള്ള സ്ത്രീകളുടെ ഉടമസ്ഥതയി ലുള്ള വ്യവസായ യൂണിറ്റുകൾ ഷെഡ്യൂൾഡ് ബാങ്കു കളിൽ നിന്നും എടുത്തിട്ടുള്ള അഞ്ച് ലക്ഷം രൂപ വരെ യുള്ള വായ്പയ്ക്ക് മൂന്നു വർഷത്തേക്ക് പലിശ ബാധ്യത പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ് തൽഫലമായി പലിശ രഹിത വായ്പ ഇവർക്ക് ലഭിക്കു ന്നതാണ്. ഇതിലേക്കായി 10 കോടി രൂപ മാറ്റി വയ്ക്കുന്നു.

**കരുതലും വികസനവും മുഖമുദ്രയായ ക്ഷേമ പ്രവർ ത്തനങ്ങൾ**

**58.** ദ്രുതഗതിയിലുള്ള വികസനം, സാമൂഹ്യനീതി ഉറപ്പുവരു ത്തൽ, ജനങ്ങളുടെ ക്ഷേമവും സുരക്ഷയും എന്നിവ ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ എന്ന ത്തേയും മുന്തിയ പരിഗണനാ വിഷയങ്ങളാണ്.

**59.** യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 2010-11 ൽ ക്ഷേമ പദ്ധതികൾക്കും പെൻഷനുകൾക്കും ഉള്ള പദ്ധതിയുടെ വാർഷിക അടങ്കൽ 484.14 കോടി രൂപ മാത്രമായിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തുക 2710 കോടിയാണ്-ഏകദേശം 600% വർദ്ധനവ്. ഇതിലൂടെ പ്രതിഫലിക്കുന്നത് മുദ്രാവാക്യങ്ങൾക്കപ്പുറമുള്ള ഈ സർക്കാരിന്റെ കറകളഞ്ഞ സാമൂഹ്യ പ്രതിബദ്ധതയാണ്. ക്ഷേമ പെൻഷനുകൾ യഥാസമയം ലഭിക്കുകയെന്നത് പെൻഷൻ തുകയുടെ വലിപ്പത്തോളം തന്നെ പ്രാധാന്യമുള്ളതാണ്. 2015 ജൂൺ മുതൽ എല്ലാ ഗുണഭോക്താക്കൾക്കും അവരുടെ ക്ഷേമ പെൻഷനുകൾ എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പ് ബാങ്ക്/പോസ്റ്റ് ആഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന രീതി ഇന്നിന്റെ ഏറ്റവും വലിയ ആവശ്യമായി ഞാൻ കരുതുന്നു. അതിനാൽ ക്ഷേമപെൻഷനുകൾ എല്ലാ മാസവും 15-ാം തീയതിക്ക് മുൻപ് ബാങ്ക്/പോസ്റ്റ് ആഫീസ് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതാണ്.

**60.** എന്റെ മുൻകാല ബജറ്റുകളിൽ ക്ഷേമ പെൻഷനുകൾ രണ്ട് തവണ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ കൃത്യസമയത്തിന് ലഭ്യമാക്കുന്നതിനുള്ള പ്രതിബദ്ധത തുടർന്നും നിറവേറ്റുമെന്ന് ഉറപ്പു നൽകുന്ന

തോടൊപ്പം നടപ്പു വർഷം എല്ലാ ക്ഷേമ പെൻഷനുകളിലും വീണ്ടും വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഞാൻ ഉദ്ദേശിക്കുന്നു.

**61.** വൃദ്ധജനങ്ങളുടെ സംരക്ഷണം നമ്മുടെ പുണ്യമായ പാരമ്പര്യമാണ്. അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ ആരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങളുടെ എണ്ണവും വർദ്ധിച്ചിരിക്കുകയാണ്. 80 വയസ്സിനുമേൽ പ്രായമുള്ള സംരക്ഷിക്കാൻ ആരുമില്ലാത്തവരുടെ ജീവിതം, താമസം, ആരോഗ്യ പരിപാലന ചെലവുകൾ എന്നിവ സർക്കാരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വഹിക്കുന്ന ഒരു വയോജന സംരക്ഷണ പദ്ധതി 'Elder Citizen Care Programme' പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനവും സർക്കാരും ഈ പദ്ധതിയുടെ ചെലവ് തുല്യമായി വഹിക്കുന്നതാണ്. ഇതിലേക്കായി 50 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**62.** വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഏകീകരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മേൽപറഞ്ഞ പദ്ധതികൾക്കുള്ള അർഹത തീരുമാനിക്കുന്നതിനുള്ള കുടുംബ വരുമാന പരിധി ഒരു ലക്ഷമായി ഉയർത്തുന്നതാണ്. ഈ നടപടി

യിലൂടെ ഏകദേശം 75 കോടി രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്നു.

**63.** ഓട്ടോറിക്ഷാ ഡ്രൈവിംഗ് സംസ്ഥാനത്തിലെ ഒരു സുപ്രധാന തൊഴിൽ മേഖലയാണ്-പ്രത്യേകിച്ച് യുവജനങ്ങൾക്ക്. സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾക്കായി 90% ഇൻഷുറൻസ് പ്രീമിയം സർക്കാർ വഹിക്കുന്ന ഒരു ഇൻഷുറൻസ് പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്. ഇതിനായി 5 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**64.** 2009 ന് മുൻപ് റിട്ടയർചെയ്ത മുതിർന്ന പത്രപ്രവർത്തകരെയും ക്ഷേമ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

**65.** വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് അനുവദിക്കുന്ന ധനസഹായം 30000 രൂപയിൽ നിന്നും 50000 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

**<u>തദ്ദേശഭരണ സ്ഥാപനങ്ങൾ</u>**

**66.** ഈ വർഷത്തെ ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 4800 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുവിൽ നിരാശാജനക

മായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നിശ്ചയിച്ചതിന് കമ്മീഷൻ 2011 ലെ ജനസംഖ്യ അടിസ്ഥാനമാക്കിയത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുകയും സംസ്ഥാനത്തിന് ലഭിക്കേണ്ട ഓഹരി വിഹിതത്തിൽ ഗണ്യമായ കുറവ് വരികയും ചെയ്തു. ആരോഗ്യ മേഖലയിലും ജനസംഖ്യാനിയന്ത്രണത്തിലും നാം ആർജ്ജിച്ച നേട്ടത്തിന് സംസ്ഥാനത്തെ നിരുത്സാഹപ്പെടുത്തുകയും ഇക്കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുകയുമാണ് ഫലത്തിൽ സംഭവിച്ചിരിക്കുന്നത്. ഇപ്പോൾ 5-ാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. സംസ്ഥാന ധനകാര്യ കമ്മീഷൻ അവാർഡ് നടപ്പിലാക്കുന്നതിന് ഉപധനാഭ്യർത്ഥനയിലൂടെ അധികമായ തുക വകയിരുത്തുന്നതാണ്.

**67.** ഈ വർഷത്തെ സംസ്ഥാന വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായി 27686.32 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന വ്യത്യസ്ത പദ്ധതികൾക്കായി ബജറ്റിൽ ആവശ്യമായ തുക നീക്കി വച്ചിട്ടുണ്ട്. ഇവയിൽ വിവിധ മേഖലകളുടെ ചില പ്രധാന ബജറ്റ് വിഹിതത്തെപ്പറ്റി മാത്രമേ ഈ പ്രസംഗത്തിൽ ഞാൻ പരാമർശിക്കുന്നുള്ളൂ.

# വിവിധ മേഖലകൾക്കുള്ള സുപ്രധാന വിഹിതങ്ങൾ

## കൃഷി

**68.** കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് കാർഷിക മേഖല. കഴിഞ്ഞ ദശകത്തിൽ ഈ മേഖലയിലുണ്ടായ തളർച്ചയിൽ നിന്നും നമുക്ക് കര കയറാനായതിനു പുറമെ വളർച്ചയുടെ പാതയിൽ മുന്നേ റാനും കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയെ ഉത്തേജി പ്പിക്കുന്നതിന് 687 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് ഞാൻ നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനും പുറമെ ഈ മേഖലയിലെ വിവിധ വികസന പദ്ധതി കൾക്കായി 403.18 കോടി രൂപയും ഈ ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

**69.** വിള ഇൻഷുറൻസ് പദ്ധതികളിലെ നിലവിലുള്ള പോരാ യ്മകൾ പരിഹരിക്കാനുദ്ദേശിച്ചുള്ള ഒരു സമഗ്ര നെൽവിള ഇൻഷുറൻസ് സ്കീം ഉൾപ്പെടെയുള്ള വിവിധ വിള ഇൻഷുറൻസ് പദ്ധതികൾക്കായി ഞാൻ 12.50 കോടി രൂപ നീക്കിവക്കുന്നു.

**70.** കേരള കാർഷിക സർവ്വകലാശാലയിൽ പുതിയ ഗവേഷണ പ്രോജക്ടുകൾക്കായി 2 കോടി രൂപയും കൃഷി വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നതിന്

7.34 കോടി രൂപയും അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾക്കായി 17 കോടി രൂപയും വകയി രുത്തിയിട്ടുണ്ട്.

**71.** കൃഷി വകുപ്പിന്റെ കീഴിൽ ജൈവകൃഷി പ്രോത്സാ ഹിപ്പിക്കുന്നതിനും, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെ ത്തുന്നതിനുമായി ഒരു നൂതന പദ്ധതി ആരംഭിക്കുന്ന തിന് എനിക്ക് സന്തോഷമുണ്ട്. കീടനാശിനി ഉപയോഗി ക്കാത്ത കാർഷികോൽപ്പന്നങ്ങൾ കുടുംബങ്ങളിലും, ഉപഭോക്താക്കളിലും എത്തിക്കുന്നതിന് ഇ–കൊ മോഴ്സിന്റെ സാധ്യത പ്രയോജനപ്പെടുത്തി കൃഷിയിട ങ്ങളിൽ നിന്നും കുടുംബത്തിലേക്ക് (Farm to Family) എന്ന നൂതനപദ്ധതിക്കായി ഈ വർഷം 10 കോടി രൂപ വകയിരുത്തുന്നു. മിൽമയുടെ മലബാർ യൂണിയനിലൂടെ ഈ സംരംഭം നടപ്പിലാക്കുന്നതാണ്.

**72.** ഹൈടെക് ഫാമിംഗ് തുടർന്നും പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി നെൽകൃഷിക്കാർക്ക് നൽകുന്നതു പോലെ വൈദ്യുത സബ്സിഡി സംസ്ഥാനത്തിലെ ഹൈടെക് പോളി ഹൗസുകൾക്കും സൂഷ്മകൃഷി സമ്പ്ര ദായത്തിനും അനുവദിക്കുന്നതാണ്.

**73.** മണ്ണിന്റെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് ആധുനിക കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷ

മുണ്ട്. റെയിൻ ഷെൽട്ടർ കൾട്ടിവേഷൻ, ടിഷ്യൂ കൾച്ചർ വഴിയുള്ള വാഴതൈകൾ, ഇലകളിൽ വളം സ്പ്രേ ചെയ്യൽ, അഗ്രി അക്വാപോണിക്സ് എന്നിവ പ്രചരിപ്പിക്കുന്നതിനാണ് മേൽപ്പറഞ്ഞ തുക വകയിരുത്തിയിരിക്കുന്നത്.

**74.** ഹരിപ്പാട്, കൂത്തുപറമ്പ്, മേലുകാവ്, കടുത്തുരുത്തി എന്നിവിടങ്ങളിൽ 4 പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതാണ്. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു.

**75.** സംസ്ഥാനത്ത് പഴം, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവാസി മലയാളികളുമായി ചേർന്ന് 'പ്രവാസി കേരള കൃഷി വികാസ്' എന്ന സംയുക്ത സംരംഭം ഞാൻ പ്രഖ്യാപിക്കുന്നു. പ്രവാസി മലയാളികളുടെ നിക്ഷേപം ഇതിനായി സ്വരൂപിക്കുന്നതാണ്.

**<u>മണ്ണ്-ജല സംരക്ഷണം</u>**

**76.** സംസ്ഥാനത്തെ മണ്ണ്-നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കായി നബാർഡ് സഹായം ഉൾപ്പെടെ ആകെ 80.25 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

**മൃഗസംരക്ഷണം**

**77.** മൃഗസംരക്ഷണ വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും ഇ- ഗവേണൻസ് പരിപാടികൾക്കുമായി 2.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ കന്നുകാലി പരിപാലന പദ്ധതിയ്ക്ക് കീഴിലെ വിവിധ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി 2.09 കോടി രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്.

**78.** കേരള ഫീഡ്സിനു കീഴിലുള്ള കരുനാഗപ്പള്ളിയിലെ കാലിത്തീറ്റ പ്ലാന്റിന്റെ വിപുലീകരണത്തിന് 1 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**79.** കർഷകർക്ക് സ്ഥിരമായ ഒരു വരുമാനം ലഭിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനപ്രശ്നങ്ങൾ നേരിടുന്നതിനും മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യയുടെ കീഴിൽ പിഗ് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

**80.** അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ഈ പ്രദേശത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു. ഇതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**81.** സംസ്ഥാനത്തെ വെറ്ററിനറി സേവനം ശക്തിപ്പെടുത്തുന്ന തിന്റെ ഭാഗമായി 7 വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിന് 1.70 കോടി രൂപ വകയിരുത്തുന്നു.

**ക്ഷീര വികസനം**

**82.** പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി, ക്ഷീരോൽപ്പാദന മേഖലയ്ക്ക് ഈ വർഷം ആകെ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡിയ്ക്കുള്ള ബജറ്റ് വിഹിതം 58% വർദ്ധിപ്പി ച്ചിട്ടുണ്ട്.

**മത്സ്യമേഖലയുടെ വികസനവും മത്സ്യതൊഴിലാളി ക്ഷേമവും**

**83.** മത്സ്യതൊഴിലാളികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്ന തിന് ഈ വർഷം 181.97 കോടി രൂപ വകയിരുത്തിയി ട്ടുണ്ട്. ഇതിൽ 100 കോടി രൂപ ഇവർക്ക് വീടുകളും ഫ്ളാറ്റുകളും നിർമ്മിക്കുന്നതിനു വേണ്ടിയാണ്.

**84.** മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ യുവതികൾക്കും പെൺകുട്ടികൾക്കും വൈദഗ്ധ്യവും placement

നൽകുന്നതിനായി 'തീര നൈപുണ്യപദ്ധതി' ഞാൻ സന്തോഷത്തോടെ പ്രഖ്യാപിക്കുന്നു.

**85.** ദേശീയ മത്സ്യ തൊഴിലാളി വികസന ബോർഡിന്റെ സഹായത്തോടെ മൂല്യ വർദ്ധിത ഉൽപ്പന്നമായ 'ഫിഷ് മെയ്ഡ്' ന്റെ വ്യാപനത്തിനായി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

**<u>വനം വന്യജീവി</u>**

**86.** ചതുരശ്ര കിലോമീറ്ററിന് ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കാലാവസ്ഥാവ്യതിയാനം മൂലമുള്ള പ്രശ്നങ്ങളെ ലഘൂകരിക്കാൻ വന സംരക്ഷണം അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം മുൻനിർത്തി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി ആകെ 152 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

**87.** നിലവിലുള്ള വൻകിട ചെറുകിട പ്ളാന്റേഷനുകളുടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷം 14.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുൻവർഷത്തെ ബജറ്റ് വിഹിതത്തേക്കാൾ 57% അധികമാണ്.

**88.** വനാതിർത്തിയിൽ താമസിക്കുന്ന മനുഷ്യർ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകാറുണ്ട്. കൂടാതെ ഇവരുടെ കന്നുകാലികൾക്കും വിളകൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. ഇതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് നഷ്ടപരിഹാരമുൾപ്പടെ വിവിധ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. സംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതാണ്.

**<u>പഞ്ചായത്ത്</u>**

**89.** 'കില' യെ പ്രാദേശിക ഭരണ നിർവ്വഹണത്തിൽ ഗവേഷണം ഉൾപ്പടെയുള്ള സൗകര്യങ്ങളോടു കൂടിയ ഒരു സർവ്വകലാശാലയാക്കി വികസിപ്പിക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**90.** വാർദ്ധക്യ സഹജമായ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനായി ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിനെ വയോജന സൗഹൃദമാക്കുന്നതാണ്. കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ്, KSSM, സാമൂഹ്യക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും 20 ജെറിയാ

ട്രിക് വോളന്റിയർമാരെ നിയമിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

**91.** കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആലപ്പുഴ, കോട്ടയം, മലപ്പുറം, കൊല്ലം എന്നീ ജില്ലകളിൽ ബ്ലോക്ക് തല വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇപ്രകാരം ആരംഭിക്കുന്ന സെന്ററുകളുടെ 20% ന്റെ നടത്തിപ്പിന് ഭിന്നശേഷിയുള്ള വ്യക്തികളെ ചുമതലപ്പെടുത്തുന്നതാണ്.

**92.** ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള കേരളത്തിന്റെ ശ്രമങ്ങളിൽ കുടുംബശ്രീക്ക് അഭിമാനാർഹമായ സ്ഥാനമാണുള്ളത്. കുടുംബശ്രീക്കായി 122.96 കോടി രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 5 കോടി രൂപ ചെലവിൽ കുടുംബശ്രീക്ക് തിരുവനന്തപുരത്ത് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതാണ്.

**93.** കേരളത്തിന്റെ പ്രകൃതി സൗന്ദര്യം ഭാവി തലമുറകൾക്കായി കാത്തുസൂക്ഷിക്കണമെങ്കിൽ നാം പരിസ്ഥിതി സൗഹാർദ്ദ സംസ്ഥാനമായി മാറേണ്ടതുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും പുനഃചംക്രമണം ചെയ്യുന്നതിനും, ഉറവിടത്തിൽത്തന്നെ വേർതിരിക്കുന്നതിനും വീട്ടുമാലിന്യം ഉത്പാദനപരമായി ഉപയോഗിക്കുന്നതിനും വേണ്ടിയുള്ള ഏതാനും നടപടികൾ ഞാൻ നിർദ്ദേശിക്കുകയാണ്. ഇവ കേരള ശുചിത്വ

മിഷൻ വഴി നടപ്പിലാക്കുന്നതാണ്. പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്ലാസ്റ്റിക് പുനഃ ചംക്രമണ ഉദ്യമങ്ങൾക്ക് പ്രോത്സാഹനവും നികുതിയിളവും ഞാൻ നൽകുന്നതാണ്. പ്ലാസ്റ്റിക്കിന് പകരമായി ബദൽ ഉൽപ്പനങ്ങളുടെ ഉപയോഗം, പുന:ചംക്രമണം, ബോധവൽക്കരണം, മുതലായവയിൽ ഗവേഷണം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകാനും ഞാനുദ്ദേശിക്കുന്നു. ഈ മേഖലയിൽ ശ്ലാഘ്യമായ സംഭാവനകൾ നൽകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കും സാമ്പത്തിക സഹായം നൽകുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തന ങ്ങൾക്കായി ശുചിത്വമിഷന് ബജറ്റിലുള്ള 26 കോടി രൂപയ്ക്കു പുറമെ 20 കോടി രൂപ ഞാൻ അധികമായി വകയിരുത്തുന്നു.

**<u>നഗരവികസനം</u>**

**94.** ശാസ്ത്രീയമായ നടവഴികളും നടപ്പാതകളും റോഡ് ക്രോസ്സിംഗുകളും ഇല്ലാത്തത് പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് മുതിർന്ന പൗരന്മാർക്ക് വലിയൊരു പ്രശ്ന മാണ്. മുതിർന്ന പൗരന്മാരുടെ ജീവിതം സുഗമവും സുരക്ഷിതവുമാക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച്

തിരുവനന്തപുരത്തും, കൊച്ചിയിലും, കോഴിക്കോട്ടും കാൽനടക്കാർക്കും മുതിർന്ന പൗരന്മാർക്കും മെച്ചപ്പെട്ട റോഡ്/ഗതാഗത പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന തിനുള്ള ഒരു പ്രത്യേക പരിപാടി ആരംഭിക്കും. ഈ ആവശ്യത്തിനായി 20 കോടി രൂപ വകയിരുത്തുന്നു.

**95.** പുതിയ കെട്ടിടങ്ങൾക്ക് നിർമ്മാണനുമതി നൽകുന്ന തിന് ജല ശേഖരണ സംഭരണ സംവിധാനങ്ങൾ ഉണ്ടാ കണമെന്ന നിബന്ധന കർശനമായി നടപ്പിലാക്കുന്ന താണ്.

**ഗ്രാമവികസനം**

**96.** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സംസ്ഥാനവിഹിതമായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**97.** PMGSY യ്ക്കു കീഴിൽ നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ്സ്, പൊതു യൂട്ടിലിറ്റികൾ മാറ്റിസ്ഥാപി ക്കൽ തുടങ്ങിയ ഇനങ്ങളിലെ ചെലവ് സംസ്ഥാനം വഹിക്കേണ്ടതായിട്ടുണ്ട്. ഇതിനായി നടപ്പുവർഷം 79.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**98.** 4800 കോടി രൂപയുടെ പതിവ് ധനസഹായത്തിനു പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പി

ലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് 33 കോടി രൂപ, ബ്ളോക്ക് പഞ്ചായത്തുകൾക്ക് 62.69 കോടി രൂപ, ജില്ലാ പഞ്ചായ ത്തുകൾക്ക് 11.18 കോടി രൂപ എന്ന പ്രകാരം ആകെ ഈ വർഷം 106.87 കോടി രൂപ അധികമായി വക യിരുത്തിയിട്ടുണ്ട്.

**കാസർഗോഡ് പാക്കേജ്**

**99.** മുൻ ചീഫ് സെക്രട്ടറി ഡോ.പി.പ്രഭാകരന്റെ നേതൃത്വ ത്തിൽ കാസർഗോഡ് ജില്ലയ്ക്കായി തയ്യാറാക്കിയ പരിപ്രേക്ഷ്യ പദ്ധതി നടപ്പിലാക്കുന്നതിനായി 85 കോടി രൂപ ഈ വർഷം വകയിരുത്തുന്നു.

**സഹകരണം**

**100.** സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറ വേറ്റുന്നതിൽ സഹകരണ മേഖലയുടെ പങ്ക് നിർണ്ണായ കമാണ്. ഈ വർഷം സഹകരണ മേഖലയിലെ വിവിധ പദ്ധതികൾക്കായി ആകെ 85.39 കോടി രൂപ വക യിരുത്തിയിട്ടുണ്ട്.

**101.** മീനച്ചൽ സർക്കിൾ സഹകരണയൂണിയന് ഓഫീസ് കം റിസർച്ച് ട്രെയിനിംഗ് സെന്റർ കെട്ടിടം നിർമ്മിക്കുന്ന തിനായി ഈ വർഷം 50 ലക്ഷം രൂപ വകയിരു ത്തുന്നതാണ്.

**വ്യവസായം**

**102.** വ്യവസായിക മേഖലയ്ക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 582.20 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സമൂഹത്തിൽ ഒരു സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള പുതിയ പദ്ധതികൾക്കാണ് ഈ മേഖലയിൽ പ്രധാനമായും ലക്ഷ്യമിടുന്നത്.

**103.** ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടികളുടെ ഭാഗമായി പൊതു സൗകര്യസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 3 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**104.** പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സംരംഭക പ്രോത്സാഹന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**105.** കേന്ദ്ര സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 4 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

**106.** കൈത്തറി, കരകൗശല, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി തെരഞ്ഞെ

ടുക്കപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വ്യാപാര സഹായ കേന്ദ്രങ്ങൾ (Trade facilitation centre) സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ സാമ്പത്തിക വർഷം തുടക്കമെന്ന നിലയിൽ ആലപ്പുഴ, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപി ക്കുന്നതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**107.** കൊച്ചിയിലെ ബയോ–പോളിമർ സയൻസ് & ടെക്നോ ളജി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് സംസ്ഥാനവിഹി തമായി ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

**108.** പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്നതിനായി 10 കോടി രൂപ ഈ വർഷം മാറ്റി വച്ചിട്ടുണ്ട്.

**109.** സീഡ് ഫണ്ട്/ഏയ്ഞ്ചൽ ഫണ്ടിംഗ്/വെൻചർ ക്യാപ്പി റ്റൽ എന്നിങ്ങനെ കേന്ദ്ര ഗവൺമെന്റ് വകുപ്പുകൾ അംഗീ കരിച്ച വ്യവസായ സാങ്കേതിക ഇൻകുബേറ്ററുകളുടെ ഫണ്ടിംഗിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**110.** TiE, NASSCOM, CII തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ച് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന തിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്

**111.** എറണാകുളത്തെ കാണിനാട്ടിൽ ഒരു ഹരിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾക്കായി 4.5 കോടി രൂപ നീക്കിവയ്ക്കുന്നു.

**112.** KSIDC ക്ക് പുതിയ പാർക്കുകൾ സ്ഥാപിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്ന പാർക്കുകൾ പൂർത്തിയാക്കു ന്നതിനുമായി 74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമുദ്രഭക്ഷ്യ വസ്തുക്കളുടെ സംസ്കരണത്തിനും കയ റ്റുമതിയ്ക്കുമായി ചേർത്തലയിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**113.** കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപി ക്കുന്നതാണ്. ഇതുമൂലം കൂടുതൽ തൊഴിൽ സാധ്യത കൾ ലഭ്യമാകും.

**114.** 1500 കോടി വിദേശ നിക്ഷേപത്തോടെ പ്രവർത്തനം ആരംഭിക്കുവാനുദ്ദേശിക്കുന്ന ജർമൻ - അമേരിക്കൻ കമ്പനിയായ ടാറസിന് സർക്കാർ എല്ലാ അനുമതികളും നൽകിയിട്ടുണ്ടെന്ന് അറിയിക്കുന്നതിൽ എനിക്ക് സന്തോ ഷമുണ്ട്. ഇതു വഴി കുറഞ്ഞത് 20000 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

**115.** ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിന്റെ പങ്കാളിത്തത്തോടെ 12 കോടി രൂപ ചെലവിൽ

മെഡിക്കൽ ഉപകരണ ഇൻകുബേഷൻ കേന്ദ്രം തുടങ്ങുന്നതിനായി 3.5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

**116.** കിൻഫ്രയ്ക്ക് കീഴിലുള്ള പുതിയ പദ്ധതികളായ പാല ക്കാട് മെഗാഫുഡ്പാർക്ക്, രാമനാട്ടുകര ഫുട്വേയർ പാർക്ക്, പുഴക്കൽ ജെം & ജ്വല്ലറി പാർക്ക്, തൊടുപുഴ സ്പൈസസ് പാർക്ക്, കളമശ്ശേരി ഹൈടെക്ക് പാർക്കിലെ നാനോ ടെക്ക് സോൺ, കഴക്കൂട്ടം ഫിലിം & വീഡിയോ പാർക്ക് തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഈ വർഷം ഒരുക്കുന്നതാണ്. ഈ പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിൻഫ്രയ്ക്ക് 55.06 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**117.** കരകൗശല മേഖലയിലെ നിലവിലുള്ള സംരഭക സഹാ യകപദ്ധതിക്ക് പകരമായി കരകൗശല തൊഴിലാളി കൾക്കുള്ള സഹായ പദ്ധതിക്കായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സംരഭകർക്ക് പ്രത്യേക പരിഗണന നൽകി കരകൗശല തൊഴിലാളികൾക്ക് സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം.

**118.** കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സാമ്പത്തിക വർഷം 116.95 കോടി രൂപ വകയിരുത്തിയി ട്ടുണ്ട്.

**119.** കോട്ടയം IIIT, കരൂർ ഇൻഫോസിറ്റി എന്നിവയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നതാണ്.

**120.** സെറിഫെഡ് മുഖേന പട്ടുനൂൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1 കോടി രൂപ നീക്കിവക്കുന്നതാണ്.

**കയർ മേഖല**

**121.** കയർ ഉൽപാദനത്തിന് വേണ്ടുന്ന ചകിരിനാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പി.പി.പി അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

**122.** പ്രഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ കുട്ടികൾക്കായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**തുറമുഖം**

**123.** ചെറുകിട തുറമുഖങ്ങളുടെ ഭരണപരമായ നിയന്ത്രണവും മേൽനോട്ടവും വഹിക്കുന്നതിലേക്കായി സ്ഥാപിച്ച കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>പൊതുമരാമത്ത്</u>**

**124.** ദീർഘകാലത്തെ കാത്തിരിപ്പിനുശേഷം കൊല്ലം, ആലപ്പുഴ നഗരങ്ങളിലെ ബൈപ്പാസുകളുടെ നിർമ്മാണ ത്തിന് അനുമതി ലഭിച്ചു എന്നത് സന്തോഷകരമാണ്. ഇതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതാണ്.

**125.** എൻ.എച്ച്-17-ൽപ്പെട്ട താഴെച്ചൊവ്വ-പുതിയതേരു, കുറ്റിപ്പുറം, പുതു പൊന്നാനി പാതകൾ വീതി കൂട്ടി സർവ്വീസ് റോഡുകൾ സ്ഥാപിക്കുന്നതിലേക്കായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**126.** ലോക ബാങ്ക് സഹായത്തോടെ തിരഞ്ഞെടുക്കപ്പെട്ട 1000 കി.മീ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

**127.** വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ മുതൽ കോഴി ക്കോട് വരെ (പൊന്നാനി വഴി) ഒരു തീരദേശ ഇടനാഴി വികസിപ്പിക്കുന്നതിനായി ഈ വർഷം 3 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**128.** പള്ളുരുത്തി-നാല്പതടി റോഡ് നിർമ്മിക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നതാണ്.

**129.** തൊടുപുഴ-എറണാകുളം സബർബൻ ഹൈവേ നിർമ്മാണത്തിനുള്ള സാധ്യതാപഠനം ഈ വർഷം

നടത്തുന്നതാണ്. ഇതിനായി ഈ വർഷം 50 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

**130.** തൊടുപുഴയിൽ സിവിൽ സ്റ്റേഷന് ഒരു അനക്സ് കെട്ടിടം നിർമ്മിക്കുവാനായി 2 കോടി രൂപ അനുവദിക്കുന്നതാണ്.

**131.** കോഴിക്കോടിനേയും കൊയിലാണ്ടിയേയും ബന്ധിപ്പിക്കുന്ന ഏലത്തൂരിലെ കോരപ്പുഴയ്ക്കു കുറുകെയുള്ള നിലവിലുള്ള പാലത്തിനു പകരം പുതിയപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഈ വർഷം ആരംഭിക്കുന്നതാണ്.

**132.** കോഴിക്കോട്-കോടഞ്ചേരി-തിരുവമ്പാടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുവഞ്ഞിപ്പുഴയ്ക്ക് കുറുകെയുള്ള കാലപ്പഴക്കം ചെന്ന പാലം പുതുക്കി പണിയുന്നതിന് 5.25 കോടി രൂപ അനുവദിക്കുന്നതാണ്.

**133.** തിരുവനന്തപുരം-വഴുതക്കാട് മേഖലയിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനായി ഒരു ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നതാണ്.

**134.** പബ്ലിക് ഓഫീസ് ബിൽഡിംഗ് കൺസ്ട്രക്ഷൻ പദ്ധതി പ്രകാരമുള്ള കെട്ടിടങ്ങളുടെ പണികൾ പൂർത്തീ

കരിക്കാനും പുതിയവ നിർമ്മിക്കുന്നതിനും നടപ്പ് വർഷം 51.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**135.** പൊതുമരാമത്ത് മന്ത്രിയും ഉപമുഖ്യമന്ത്രിയുമായിരുന്ന പരേതനായ ശ്രീ.അവുക്കാദർ കുട്ടി നഹയുടെ സ്മാരക മായി മലപ്പുറത്ത് പൊതുമരാമത്ത് വകുപ്പിലെ വിവിധ ഓഫീസുകൾക്കായി ഒരു പൊതു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരു ത്തുന്നു.

**136.** പൈനാവ് - ഇടുക്കി ബൈപ്പാസിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**<u>ജലവിഭവം</u>**

**137.** ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി പ്രൊജക്റ്റു കളിലെ കനാലുകളുടെ നവീകരണം CADA യുടെ ഏകോപനത്തിൽ കൃഷിവകുപ്പുമായി ചേർന്ന് പാടശേഖ രസമിതികൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**138.** ക്ലാസ് I ചെറുകിട ജലസേചന പ്രവൃത്തികൾക്കായി ഈ വർഷം 38.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുൻ വർഷത്തേക്കാൾ ഇരട്ടിയിലധികമാണ്.

**139.** പാലക്കാട് ജില്ലയിലെ മൂലത്തറ ആർ.ബി കനാൽ നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭചെലവുകൾക്കായി 1 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു.

**140.** തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിൽ ഒരു പുതിയ കുടിവെള്ള പദ്ധതിക്കായി 10 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു

**ശുദ്ധജല വിതരണവും മാലിന്യ നിവാരണവും**

**141.** സംസ്ഥാനത്തിന്റെ എല്ലാ മുക്കിലും മൂലയിലും നിലവാരമുള്ള കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ശുദ്ധജല വിതരണ, മാലിന്യ നിർമ്മാർജന മേഖലയ്ക്കായി ഈ സാമ്പത്തിക വർഷം 900.42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**142.** JICA യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിനായി 200 കോടി രൂപയും നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതിക്കായി 89.18 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

**143.** കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ പ്രോജക്ടിന്റെ തുടർ പദ്ധതികൾക്കായി ഈ വർഷം 264.42 കോടി രൂപ നീക്കിവയ്ക്കുന്നു. ഇത് കൂടാതെ മറ്റ്

ഗ്രാമീണ ജല വിതരണ പദ്ധതികൾക്കായി 65.60 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**144.** തലസ്ഥാന നഗരം ശുദ്ധ ജല വിതരണത്തെ ആശ്രയിക്കുന്നത് അരുവിക്കര ഡാമിനെയാണ്. ഇതിനു പുറമേ നെയ്യാർ ഡാമിൽ നിന്നും മാറനല്ലൂർ വഴി വെള്ളയമ്പലം റിസർവോയറിലേയ്ക്ക് വെള്ളം എത്തിക്കുന്ന ഒരു ബദൽ കുടിവെള്ള വിതരണ ശൃംഖല കേന്ദ്ര ധന സഹായത്തോടെ സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നതാണ്.

**<u>ഊർജ്ജം</u>**

**145.** വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഊർജ്ജ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ഈ വർഷം 1467.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**146.** കെ.എസ്.ഇ.ബി യുടേയും കെ. എസ്. ഐ. ഡി. സി യുടേയും സംയുക്ത സംരഭമായി ചീമേനിയിൽ ആരംഭിക്കുന്ന കൽക്കരി അധിഷ്ഠിത വൈദ്യുതനിലയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**147.** എഫ്.എ.സി.ടി–ൽ നിന്നും കൈമാറുന്ന ഭൂമിയിൽ പെറ്റ് കോക്ക് അടിസ്ഥാനമായ ഒരു വൈദ്യുതി നിലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തന മൂലധന മായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**148.** 2016 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്യുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിക്കായി ഈ വർഷം 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**149.** 2015 ഒക്ടോബറിൽ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന ചാത്തൻകോട്ടുനട ചെറുകിട ജലസേചന പദ്ധതിക്കായി ഈ വർഷം 20 കോടി രൂപ വകയിരുത്തുന്നു.

**150.** പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി, അപ്പർ ചെങ്കുളം പദ്ധതി, ലാൻഡ്രം എന്നിവയ്ക്കായി 1 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

**151.** വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾക്കായി ഈ വർഷം 59 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**152.** ഊർജ്ജ ഓഡിറ്റ് ശുപാർശകൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിക്ക് 1.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭവന നിർമ്മാണം

**153.** കേരളത്തിലെ എല്ലാവർക്കും പാർപ്പിടം ഉറപ്പു വരുത്തുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന ‘സാന്ത്വനം’ പദ്ധതി ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി അത്തരം 44 യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**154.** ഭവന നിർമ്മാണ ബോർഡിന്റെ കൽപ്പറ്റയിലുള്ള സ്വന്തം സ്ഥലത്ത് മുതിർന്ന പൗരന്മാർക്കായി പകൽ സമയ വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഉൾനാടൻ ജലഗതാഗതം

**155.** കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ കീഴിൽ 600 ടൺ ശേഷിയുള്ള ബൾക്ക് ബാർജ് നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**156.** കൊല്ലം-കോട്ടപ്പുറം ഉൾനാടൻ ജലഗതാഗതം ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. ഈ ജലപാതയിൽ

നിന്ന് വലകൾ നീക്കം ചെയ്യേണ്ടിവന്ന മത്സ്യതൊഴിലാളി കൾക്ക് നൽകാനുള്ള നഷ്ടപരിഹാരത്തിനായി 5.6 കോടി രൂപ വകയിരുത്തുന്നു.

<u>**ആരോഗ്യം കുടുംബക്ഷേമം**</u>

**157.** ആരോഗ്യ മേഖലയിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങ ളിൽ ഈ സർക്കാർ അഭിമാനം കൊള്ളുന്നു. ഈ വർഷാ വസാനത്തോടു കൂടി കേരളത്തിലെ 11 ജില്ലകൾക്കും സ്വന്തം മെഡിക്കൽ കോളേജുകൾ ഉണ്ടാകുമെന്ന കാര്യം ഈ മഹനീയ സഭയെ ഞാൻ സസന്തോഷം അറിയി ക്കുന്നു. സുപ്രധാന ആരോഗ്യ സൂചകങ്ങളിൽ കേരളം കൈവരിച്ച നേട്ടം നിലനിർത്തുന്നതിനും ആരോഗ്യ മേഖ ലയിലെ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്ന തിനുമായി ആരോഗ്യമേഖലയ്ക്ക് ഈ സാമ്പത്തിക വർഷവും വർദ്ധിച്ച വിഹിതമായി ആകെ 665.37 കോടി രൂപ 2015-16 വാർഷിക പദ്ധതിയിൽ വകയിരുത്തി യിട്ടുണ്ട്.

**158.** വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ആരോഗ്യ മേഖലയുടെ വികസനത്തിനായി ഉപയോഗപ്പെടുത്തുന്ന ഒരു നവീന പദ്ധതിയാണ് ഇ-ഹെൽത്ത്. കേന്ദ്രസർക്കാ രിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 1 കോടി രൂപ 2015-16 ൽ വകയിരുത്തി യിട്ടുണ്ട്.

**159.** എമർജൻസി മെഡിക്കൽ കെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2.5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

**160.** കൊല്ലം ജില്ലാ ആശുപത്രിയിലും എറണാകുളം, കോഴി ക്കോട് ജനറൽ ആശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 2015-16 ൽ 5 കോടി രൂപ വകയി രുത്തിയിട്ടുണ്ട്.

**161.** ഈ അടുത്ത കാലത്തായി വൃക്ക രോഗികളുടെ എണ്ണം വളരെയധികം വർദ്ധിച്ചുവരികയാണ്. ഡയാലിസിസ് യൂണിറ്റുകളുടെ ആവശ്യം ദിനംപ്രതി കൂടി വരുന്ന സാഹചര്യത്തിൽ ജില്ലാ ആശുപത്രികളോട് അനുബ ന്ധിച്ച് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 7.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**162.** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ ശക്തിപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ വക യിരുത്തിയിട്ടുണ്ട്.

**163.** 2015-16 വർഷത്തിൽ ആരോഗ്യകിരണം പദ്ധതിയുടെ വിഹിതം 15 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**164.** കോട്ടയം ഗവ.ദന്തൽ കോളേജിൽ സ്പെഷ്യൽ കെയർ ഡെന്റിസ്ട്രി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിലേക്കായി 16 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

**165.** ചെലവേറിയ വന്ധ്യതാ ചികിത്സ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എസ്.എ.ടി ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും 'ജനനി കേന്ദ്രങ്ങൾ' ആരംഭിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**166.** എറണാകുളത്ത് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ 450 കോടി രൂപ ചെലവിൽ ആനുവിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതാണ്.

**167.** തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 5 കോടി രൂപ ചെലവിൽ കേന്ദ്ര സഹായത്തോടെ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതാണ്.

**168.** ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതാണ്.

**169.** കട്ടപ്പന കമ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതാണ്.

**170.** നെടുങ്കുന്നത്തെ ആയൂർവേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തും.

**171.** ആർപ്പൂക്കര കുട്ടികളുടെ ആശുപത്രിയുടെ വികസന ത്തിനായി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**172.** ആശാ വർക്കർമാരുടെ ഓണറേറിയം കഴിഞ്ഞ വർഷവും ഞാൻ വർദ്ധിപ്പിച്ചിരുന്നു. ഇവർക്ക് നൽകാ നുള്ള കുടിശ്ശിക ഈ ആഴ്ച തന്നെ നൽകാനുള്ള അനുമതി നൽകി കഴിഞ്ഞു. ആശാ വർക്കർമാരുടെ സ്തുത്യർഹമായ സേവനം പരിഗണിച്ച് ഇവരുടെ ഓണ റേറിയം പ്രതി മാസം 1000 രൂപയായി വർദ്ധിപ്പിക്കുന്ന തിൽ എനിക്ക് സന്തോഷമുണ്ട്. ഇതിനായി 6 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി**

**173.** കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഗവേഷണ, വികസന പ്രവർത്തനങ്ങൾക്കായി 153.29 കോടി രൂപ വകയിരുത്തുന്നു.

**പൊതു വിദ്യാഭ്യാസം**

**174.** വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ പ്രത്യേക പരിഗണന നൽകുന്നതാണ്. ഇതിനായി വാർഷിക പദ്ധതിയിൽ 1074.62 കോടി രൂപ വകയിരുത്തുന്നു. കേരളത്തിലെ പല സർക്കാർ സ്ക്കൂളു

കളും എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിലുള്ളവയെ ക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ചിട്ടുള്ള അസൂയാവഹമായ നേട്ടം നിലനിർത്തുന്നതിന് സർക്കാർ സ്ക്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. MLASDF, MPLAD, LSGIS, PTA, CSR മുതലായവയിൽ നിന്നും 75% ഫണ്ട് കണ്ടെത്തി 100 സ്ക്കൂളുകളെ അന്താരാഷ്ട്ര നിലവാര ത്തിലേക്ക് ഉയർത്തുന്ന മിഷൻ 100 പദ്ധതിക്ക് 8 കോടി രൂപ വകയിരുത്തുന്നതാണ്. നടക്കാവ് സ്ക്കൂൾ മാതൃക ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

**175.** തിരുവനന്തപുരം ജി.വി.രാജാ സ്പോർട്ട്സ് സ്കൂൾ, കണ്ണൂർ ജി.വി.എച്ച്.എസ് എന്നീ സ്പോർട്ട്സ് സ്കൂളു കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന താണ്. ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 61 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസം

**176.** എല്ലാ താലൂക്കിലും സ്വന്തമായി ഒരു ആർട്ട്സ് & സയൻസ് കോളേജ് എങ്കിലും ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ ഈ സർക്കാർ ഇതുവരെ 24 പുതിയ സർക്കാർ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ

മേഖലയിലും എയ്ഡഡ് മേഖലയിലുമായി 367 പുതിയ കോഴ്സുകളും തുടങ്ങിയിട്ടുണ്ട്. സംസ്ഥാനം കഴിഞ്ഞ മൂന്ന് വർഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തിയ മുതൽ മുടക്കിന്റെ ഫലമായി ഹയർ സെക്കന്ററി പാസാകുന്ന ബഹുഭൂരിപക്ഷം കുട്ടികൾക്കും ഇപ്പോൾ സംസ്ഥാനത്തിനകത്തുള്ള കോളേജുകളിൽ തന്നെ പ്രവേശനം ലഭിക്കുന്നുവെന്നത് സന്തോഷത്തോടെ ഞാൻ അറിയിക്കുന്നു.

**177.** ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ നിക്ഷേപം നടത്താൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികൾക്ക് റിക്കോർഡ് വിഹിതമായി 723.53 കോടി രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്.

**178.** ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായ മുന്നേറ്റങ്ങൾക്കനുസൃതമായി വിവിധ ഓണേഴ്സ് കോഴ്സുകൾ സംസ്ഥാനത്തെ 4 സർവ്വകലാശാലകളിൽ തുടങ്ങിയിട്ടുണ്ട്. ഈ കോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനും കമ്മ്യൂണിറ്റി കോഴ്സുകൾ ഉൾപ്പെടെ പുതുമയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുമായി 10.99 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**179.** ഉന്നതവിദ്യാഭ്യാസ രംഗത്ത് ദക്ഷിണേഷ്യയിലെ ഒരു അന്തർ ദേശീയ കേന്ദ്രമായി ഉയർന്നുവരാനുള്ള എല്ലാ

അവശ്യഘടകങ്ങളാലും അനുഗ്രഹീതമാണ് കേരളം. ഇതിലേക്കായി 2015 നവംബറിൽ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമം (Global Education meet- GEM 2015) സംഘടിപ്പിക്കുന്നതാണ്. ഈ സംഗമത്തിന്റെ നടത്തിപ്പിനായി ഞാൻ 2 കോടി രൂപ വകയിരുത്തുന്നു.

**180.** ഈ വർഷം കേരളത്തെ ഒരു പ്രമുഖ അന്തർദേശീയ വിദ്യാഭ്യാസ കേന്ദ്രമാക്കി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ മേഖലകൾ (IHEZ) സ്വകാര്യ മേഖലയുടെ പങ്കാളിത്ത ത്തോടെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് നിലവി ലുള്ള Special Export Processing Zone കൾക്ക് അനുവദിച്ച തരത്തിലുള്ള സൗകര്യങ്ങളും ഇളവുകളും ഇതിനായി സർക്കാർ അനുവദിക്കുന്നതാണ്. ജല വിതരണം, വൈദ്യുതി, റോഡുകൾ, നികുതിയിളവുകൾ തുടങ്ങിയ സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കുന്നതാണ്. ഇത്തരം കേന്ദ്രങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന ഫീസിന്റെ 25% പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് ഫണ്ടിലേക്ക് സംഭാവന നൽകാൻ തയ്യാറുള്ള സ്വകാര്യ സ്ഥാപനങ്ങളെ IHEZ ആരംഭിക്കുന്നതിന് പരിഗണിക്കു ന്നതാണ്. ഓരോ IHEZ നും 20 ഏക്കറിൽ കുറയാത്ത

ഭൂമി ഉണ്ടായിരിക്കേണ്ടതും ഇവർ പ്രശസ്ത അന്താരാഷ്ട്ര സർവ്വകലാശാലകളുടെ കോഴ്സുകൾ നടത്തേണ്ടതുമാണ്. വിപ്ലവകരമായ ഈ ചുവടുവയ്പിന് 25 കോടി രൂപ ഞാൻ അനുവദിക്കുന്നു.

**181.** എന്റെ കഴിഞ്ഞ ബജറ്റിൽ ഒരു അക്കാഡമിക് സിറ്റി ഞാൻ പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടികൾക്കായി ഒരു അക്കാഡമിക് സിറ്റി അതോറിറ്റി ഉടൻ രൂപീകരിക്കുന്നതാണ്. ഇതിന്റെ ഭരണചെലവിനായി ഞാൻ 1 കോടി രൂപ നീക്കിവയ്ക്കുന്നു.

**182.** പാലക്കാട് IIT സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ഫെബ്രുവരി 26 ന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ IIT ഈ വർഷം തന്നെ ആരംഭിക്കുമെന്ന വിവരം ബഹുമാന്യരായ അംഗങ്ങളെ ഞാൻ ആഹ്ലാദപൂർവ്വം അറിയിക്കുന്നു. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 50 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**183.** എന്റെ രണ്ടാമത്തെ ബജറ്റിൽ ഞാൻ പ്രഖ്യാപിച്ചിരുന്ന രണ്ട് സ്വപ്ന പദ്ധതികളിലൊന്നാണ് Additional Skill Acquisition Programme (ASAP). ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിക്കായി 2015-16 ൽ 234.68 കോടി രൂപ വകയിരു

ത്തിയിട്ടുണ്ട്. ഇതിൽ 227.48 കോടി രൂപ വിദേശ സഹായ മായിട്ടാണ് ലഭിക്കുന്നത്. ബന്ധപ്പെട്ട എം.എൽ.എ മാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ആദ്യ ഘട്ടമായി 25 കമ്മ്യൂ ണിറ്റി സ്കിൽ പാർക്കുകൾ തുടങ്ങുന്നതിനായി ഈ തുക ഉപയോഗിക്കുന്നതാണ്. നമ്മുടെ കോളേജ് വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിക്കൊപ്പം നൈപുണ്യ ശേഷികൂടി വർദ്ധിപ്പിക്കുന്നതിന് ഈ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ നടപ്പുവർഷം സർവ്വകലാശാല കളുമായി ബന്ധപ്പെടുത്തുന്നതാണ്.

**184.** കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടു കൂടി നടപ്പി ലാക്കി വരുന്ന പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 3.62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**185.** സർക്കാർ കോളേജുകളിലെ ലാബുകളുടെയും ലൈബ്ര റികളുടെയും വികസനത്തിനായി 8 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

**186.** കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിനുള്ള പദ്ധതിയായ CIUP പ്രകാരം വിവിധ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിന്റെ ആദ്യഘട്ടത്തിലേയ്ക്ക് 100 കോടി രൂപ

യാണ് ആവശ്യമായത്. 2015-16 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**187.** കോട്ടയം സയൻസ് സിറ്റിയുടെ രണ്ടാം ഘട്ടമായി വിനോദാധിഷ്ഠിത വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് 15 കോടി രൂപ വകയിരുത്തുന്നതാണ്.

**188.** മലപ്പുറത്തെ നിർദ്ദിഷ്ട എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ഈ വർഷം തന്നെ പൂർത്തിയാക്കും. അവിടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി വകയിരുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

**189.** ശാസ്ത്ര സാങ്കേതിക മേഖലകളിലുണ്ടായ മുന്നേറ്റത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്തെ രണ്ട് എൻജിനീയറിംഗ് കോളേജുകളിൽ ഗവേഷണ, പോസ്റ്റ് ഗ്രാഡ്വേറ്റ് തലങ്ങളിൽ നാനോടെക്നോളജിയിലും, ബയോടെക്നോളജിയിലും ഇന്റർ ഡിസിപ്ലിനറി വിഭാഗങ്ങൾ ആരംഭിക്കാൻ സർക്കാർ സഹായം നൽകുന്നതാണ്. 1 കോടി രൂപ ഞാൻ ഇതിനായി നീക്കിവയ്ക്കുന്നു.

**190.** തൃശ്ശൂർ ജില്ലയിലെ ആളൂരിൽ ഒരു സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതാണ്.

**191.**പാലക്കാട് വിക്ടോറിയ കോളേജ് അതിന്റെ 125-ാം വാർഷികം ഈ വർഷം ആഘോഷിക്കുകയാണ്. ഈ ചരിത്രമുഹൂർത്തത്തിൽ കോളേജിന് ഒരു ആഡിറ്റോറിയം പണികഴിപ്പിക്കുന്നതിനായി ഞാൻ 2 കോടി രൂപ സസന്തോഷം അനുവദിക്കുന്നതായി പ്രഖ്യാപിക്കുന്നു.

**കായികവും യുവജനക്ഷേമവും**

**192.** 2015 ദേശീയ ഗെയിംസ് കേരള കായിക ചരിത്രത്തിലെ പൊൻതൂവലായി എക്കാലവും സ്മരിക്കപ്പെടുന്നതാണ്. ദേശീയ ഗെയിംസിന്റെ നടത്തിപ്പ് പങ്കെടുത്ത എല്ലാ വരുടെയും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ദേശീയ ഗെയിംസിന്റെ നടത്തിപ്പിന് ഫണ്ട് തടസ്സമാകരുതെന്ന കാര്യം ഉറപ്പുവരു ത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ദേശീയ ഗെയിംസിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള കായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ഏകദേശം 300 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കാര്യവട്ടം സ്റ്റേഡിയം ലോകോത്തര നിലവാരത്തിലുള്ള ഒരത്ഭുത മാണ്. ഈ അടിസ്ഥാനസൗകര്യങ്ങൾ പരിരക്ഷിക്കുന്ന തിനും മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും ഒരു തുടർ പദ്ധതി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. അടിസ്ഥാന കായിക സൗകര്യങ്ങളുടെ സംരക്ഷണ ത്തിനും പരിപാലനത്തിനുമായി ഒരു ‘സ്പോർട്സ്

ഡെവലപ്മെന്റ് ഫണ്ട്' രൂപീകരിക്കുകയും, ഇതിലേക്കായി പ്രതിവർഷം 15 കോടി രൂപ നിക്ഷേപിക്കുകയും ചെയ്യുന്നതാണ്.

**193.** പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ ഒരു സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതാണ്. ദേശീയ ഗെയിംസ് - 2015 ന്റെ നേട്ടം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ മറ്റു ജില്ലകളിലും സിന്തറ്റിക് ട്രാക്ക് ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**194.** ദേശീയ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പോടെ കേരളം കായികമേഖലയിൽ ആർക്കും പിന്നിലല്ലായെന്ന് തെളിയിച്ചിരിക്കുകയാണ്. കായിക-യുവജനക്ഷേമ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2015-16 സാമ്പത്തിക വർഷം 69 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**195.** കൊച്ചിയിലെ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തെ ദേശീയവും അന്തർദേശീയവുമായ കായികമേളകൾക്കായി സജ്ജമാക്കുന്നതിനായി നവീകരിക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിനുള്ള സാമ്പത്തിക സഹായം തീർച്ചയാക്കുന്ന ഘട്ടത്തിൽ അധിക ധന സഹായം അനുവദിക്കുന്നതാണ്.

**196.** കാര്യവട്ടത്ത് നിർമ്മിച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ മാതൃകയിൽ കോട്ടയം നെഹ്റു സ്റ്റേഡിയം വികസിപ്പിക്കുന്നതാണ്.

**ഗതാഗതം**

**197.** കെ.എസ്.ആർ.ടി.സി -യ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മുൻകാലങ്ങളിൽ ഒരു സർക്കാരും ചെയ്തിട്ടില്ലാത്ത വിധം കഴിഞ്ഞ നാല് വർഷത്തിൽ മാത്രം 1252 കോടി രൂപയാണ് ഈ സർക്കാർ കെ. എസ്. ആർ. ടി. സി-ക്ക് നൽകിയത്. നടപ്പുവർഷത്തിൽ KSRTC ക്കായി ആകെ 219.55 കോടി രൂപ വകയിരുത്തുന്നു. കെ.എസ്.ആർ. ടി.സി ഡിപ്പോകളുടെയും വർക്ക്ഷോപ്പുകളുടേയും ആധുനീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി ഈ ബജറ്റിൽ 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**സാമൂഹ്യനീതി**

**198.** തീരെ അവശത അനുഭവിക്കുന്നവർക്ക് സമ്പൂർണ്ണ പരിചരണം നൽകുന്നതിന് റിസോഴ്സ് പേഴ്സൺ ആയി പ്രവർത്തിക്കുന്നതിന് 1 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ വോളന്റിയർമാരായി പരിശീലനം നൽകും. ഇത് കേരള സാമൂഹ്യസുരക്ഷാ മിഷൻ, കുടുംബശ്രീ,

തദ്ദേശസ്വയംഭരണം, ഐ.സി.ഡി.എസ്. എന്നിവയുടെ സംയുക്ത സംരഭമായിരിക്കും. ഇതിനായി 5 കോടി രൂപ നീക്കി വയ്ക്കുന്നു.

**199.** കേന്ദ്ര ബജറ്റിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്) നെ ഒരു കേന്ദ്ര സർവ്വകലാ ശാലയായി ഉയർത്തുമെന്ന കേന്ദ്ര ധനകാര്യ മന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 8.5 കോടി രൂപയ്ക്ക് പുറമെ ആവശ്യമായ എല്ലാ സാമ്പത്തിക സഹായങ്ങളും ഞാൻ വാഗ്ദാനം ചെയ്യുന്നു.

**200.** തൃശൂർ കല്ലേറ്റുംകരയിലെ റിജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലി റ്റേഷൻ, ഗവേഷണ സൗകര്യങ്ങളുള്ള ദേശീയ നിലവാര ത്തിലുള്ള സ്ഥാപനമായി ഉയർത്തും. ഇതിനായി 5 കോടി രൂപ നീക്കി വയ്ക്കുന്നു.

**201.** മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസ ത്തിനായി എല്ലാ ജില്ലകളിലും കൗൺസിലിംഗ് സെന്റ റുകൾ ആരംഭിക്കുന്നതാണ്. ഇവരെ സ്വന്തം ഭവനത്തിൽ തന്നെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഇവരുടെ കുടുംബാംഗങ്ങൾക്ക് കൗൺസിലിംഗ് നൽകുന്നതാണ്. ഇതിനായി 3 കോടി രൂപ നീക്കി വയ്ക്കുന്നതാണ്.

**202.** ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ കേരളത്തിൽ വർദ്ധിച്ചുവരുന്നു. ഈ രോഗം ബാധിച്ചവരെ പ്രാരംഭത്തിൽത്തന്നെ കണ്ടെത്തി, ചികിത്സ നൽകുന്നതിനും, ഇവരെ പൊതുധാരയിലെത്തിച്ച് വിദ്യാഭ്യാസവും തൊഴിലവസരവും നൽകുന്നതിനുമായി ഒരു പുതിയ പദ്ധതി ഈ വർഷം പൈലറ്റായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നടപ്പാക്കുന്നതാണ്. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 3 കോടി രൂപ നീക്കി വയ്ക്കുന്നു.

**203.** മേധാക്ഷയം ബാധിക്കുന്ന രോഗികൾക്ക് കരുതലും ശ്രദ്ധയും ഉറപ്പുവരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പും തദ്ദേശസ്വയം ഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ‘സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിമെൻഷ്യ’ എന്ന പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. ഇത്തരം രോഗികൾക്കായി പകൽ പരിപാലന കേന്ദ്രങ്ങൾ ഒരുക്കുകയും അവിടെ ശുശ്രൂഷകരെ എർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഇതിനായി 1 കോടി രൂപ നീക്കി വയ്ക്കുന്നു.

**204.** വയോജനങ്ങളെ പരിചരിക്കുന്നതിൽ പ്രത്യേക പരിശീലനം നൽകുന്നതിനായി വിപുലമായ ഒരു ഹോം നഴ്സസ് ട്രെയ്നിംഗ് പരിപാടി നടപ്പിലാക്കുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക്

ഹോം നഴ്സസിന് അക്രഡിറ്റേഷൻ നൽകും. ഈ പദ്ധതി ആരോഗ്യം, തദ്ദേശസ്വയംഭരണം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റിവ് മെഡിസിൻ, മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് നടപ്പിലാക്കുക. ഹോം നഴ്സിംഗ് മേഖലയുടെ സുഗമമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് നിയമ നിർമ്മാണം കൊണ്ടു വരുന്നതാണ്. ഇതിനായി 1 കോടി രൂപ നീക്കി വയ്ക്കുന്നു.

**205.** നിർഭയ കേവലം ഒരു പദ്ധതി മാത്രമായല്ല ഈ സർക്കാർ കാണുന്നത്. മറിച്ച് സാമൂഹ്യതിൻമയ്ക്കെതിരെയുള്ള ചെറുത്തു നിൽപ്പിന്റെ ഉദാത്ത മാതൃകയായിട്ടാണ് ഇതിനെ കണക്കാക്കേണ്ടത്. അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്കും കുട്ടികളുടെയും പുനരധിവാസത്തിനായി 11 നിർഭയ കേന്ദ്രങ്ങൾ ആരംഭിച്ച വിവരം ഞാൻ ഈ മഹത്തായ സഭയെ സസന്തോഷം അറിയിക്കുകയാണ്. നിർഭയയുടെ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ഞാൻ വകയിരുത്തുന്നു. അധികമായി വേണ്ടിവരുന്ന തുക വിവിധ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത ഫണ്ടിൽ നിന്നും സമാഹരിക്കുന്നതാണ്.

**206.** തൊഴിൽ വൈദഗ്ദ്ധ്യവും പരിശീലനവും നൽകി അനുയോജ്യ ഉദ്യോഗത്തിന് സ്ത്രീകളെ പ്രാപ്ത

മാക്കുന്നതിന് ഒരു 'ഷീബാങ്ക്' എന്ന തൊഴിൽ ബാങ്ക് രൂപീകരിക്കുന്നതാണ്. പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങൾ നൽകുന്നതാണ്. 2015 നവംബറിൽ തിരുവനന്തപുരത്ത് ഒരു 'ഇന്റർനാഷണൽ വിമൻസ് കോൺഫറൻസ്' സംഘടിപ്പിക്കും. ഈ പദ്ധതികൾ ക്കായി 3 കോടി രൂപ നീക്കി വയ്ക്കുന്നു.

**207.** തൃശൂരിൽ 1 കോടി രൂപ ചെലവിൽ ഒരു പുതിയ ചിൽഡ്രൻസ് ഹോം നിർമ്മിക്കും.

**208.** സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് നിലവാരം നിർണ്ണയിച്ച് അക്രഡിറ്റേഷൻ നൽകുക, ഓർഫനേജു കളിലെ അനാഥ സംരക്ഷകർക്ക് ട്രെയ്നിംഗ് നൽകുന്ന തിനായി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുക, ഓർഫനേജ് കൺട്രോൾ ബോർഡിന് ആസ്ഥാന മന്ദിരം നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ നീക്കി വയ്ക്കുന്നു.

**209.** ഗുരുതരമായ വൈകല്യമുള്ള വ്യക്തികൾ, ഗുരതരമായ രോഗം ബാധിച്ച വിധവകൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ എന്നിവർക്ക് ചെറുകിട ബിസിനസ്സ് സംരംഭങ്ങളിലൂടെ വരുമാനമാർഗ്ഗം

കണ്ടെത്താനായി സെക്യൂരിറ്റി ഇല്ലാതെ 25,000 രൂപ വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കും. 100 ശതമാനം തൊഴിൽ ലഭ്യത ഉറപ്പാക്കിക്കൊണ്ടുള്ള തൊഴിൽപരിശീലന -തൊഴിൽദാനപദ്ധതി ഭിന്നശേഷിയുള്ളവർക്കായി ആരംഭിക്കും.

**210.** കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയാക്കി മാറ്റുന്നതാണ്. ജില്ലയിലെ ഗവൺമെന്റ് ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഭിന്നശേഷിയുള്ളവർക്ക് പ്രയാസം കൂടാതെ പ്രവേശിക്കാനുള്ള റാമ്പ് ഉൾപ്പെടെയുള്ള സൗകര്യം ഏർപ്പെടുത്തുന്ന ഈ പദ്ധതിക്കായി 15 കോടി രൂപ നീക്കി വയ്ക്കുന്നു.

**211.** സമഗ്രമായ ഒരു ഭിന്നശേഷി നയത്തിന് ഈ വർഷം രൂപം നൽകുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ എല്ലാ പൊതു കെട്ടിടങ്ങളിലും ഭിന്നശേഷിയുള്ളവർക്ക് എളുപ്പത്തിൽ പ്രവേശിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്

**212.** ഗർഭധാരണം മുതൽ കുട്ടിക്ക് രണ്ടു വയസ്സു തികയുന്നതുവരെയുള്ള 1000 ദിവസം ഒരു കുട്ടിയുടെ ശാരീരികവും മാനസികവുമായ വളർച്ചയിൽ നിർണ്ണായക പങ്കു

വഹിക്കുന്നു. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഈ കാലഘട്ടം നിർണ്ണായകമാണ്. മേൽപ്പറഞ്ഞ ലക്ഷ്യത്തോടെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു പ്രത്യേക പദ്ധതി അട്ടപ്പാടിയിലെ കുട്ടികൾക്കായി നടപ്പിലാക്കുന്നതാണ്. ഇതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**213.** പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ GIS അടിസ്ഥാനമാക്കിയുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ നിരീക്ഷണ സംവിധാനം വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ കൂടി വ്യാപിപ്പിക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**214.** നടപ്പു വർഷം അംഗനവാടികളിൽ പുതുതായി ഏർപ്പെടുത്തിയ നൂതനവും പരിഷ്കരിച്ചതുമായ വിദ്യാഭ്യാസ പട്ടിക പ്രകാരം ഇവയെ, ഉയർന്ന വിദ്യാഭ്യാസ നിലവാരം, പൂരകപോഷണ ആഹാരം, അടിസ്ഥാന ആരോഗ്യ പരിപാലനം എന്നിവ നൽകുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. ഈ പശ്ചാത്തലത്തിൽ അംഗനവാടി വർക്കറുമാരുടെയും സഹായികളുടെയും ഓണ

റേറിയത്തിന്റെ സംസ്ഥാന വിഹിതം പ്രതിമാസം 1400 രൂപ എന്നത് 2000 രൂപയായി ഉയർത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇതിനായി 48 കോടി രൂപ അധികമായി ഞാൻ അനുവദിക്കുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗം

**215.** ഈ ബജറ്റിൽ പട്ടികജാതി ക്ഷേമത്തിനായി 1636.12 കോടി രൂപയും പട്ടിക വർഗ്ഗ ക്ഷേമത്തിനായി 630.62 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**216.** ആറളം പുനരധിവാസ മേഖലയിലും അട്ടപ്പാടി ആദി വാസി മേഖലയിലും അടിസ്ഥാന സൗകര്യവും ഉപജീവ നമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനായി ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇത് നടപ്പി ലാക്കുന്നതിന് നബാർഡ്, നാബ്കോൺ (NABCON) എന്നിവയുടെ ഉപദേശകവിഭാഗം ആവശ്യമായ പദ്ധതി തയ്യാറാക്കുന്നതാണ്. ഇതിലേക്കായി 5 കോടി രൂപ വക യിരുത്തുന്നു.

**217.** പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിനും ഭാഗികമായി നിർമ്മിച്ച വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങൾ നവീകരിക്കുന്നതിനുമുള്ള പദ്ധതികൾക്കായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**218.** ഭൂരഹിതരായ പാവപ്പെട്ട പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനു വേണ്ടി ധനസ ഹായം നൽകുന്ന പദ്ധതിക്കായി 150 കോടി രൂപ വക യിരുത്തിയിട്ടുണ്ട്.

**219.** ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഭാഷയും, നൈപുണ്യ വികസനവും മെച്ചപ്പെടുത്തുന്നതിനായി നഴ്സറി മുതൽ ബിരുദാനന്തര ബിരുദതലം വരെ വിദ്യാ ഭ്യാസം നൽകുന്നതിന് 'ഗുരുകുലം' എന്ന പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**220.** രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥ മാക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന ഒരു പദ്ധതി ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു. ഇതി ലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**221.** ലോകത്തെ മികച്ച സർവ്വകലാശാലകളിൽ കോഴ്സു കൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടിക വർഗ്ഗ വിഭാ ഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന ഒരു പദ്ധതി ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു. ഇതിലേയ്ക്കായി 50 ലക്ഷം രൂപ വക യിരുത്തുന്നു.

## വിവിധ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

**222.** കേരള സംസ്ഥാന മുന്നാക്കവിഭാഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**223.** കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷന് മൂലധന വിഹിതമായി 12.90 കോടി രൂപയും ഈ ബജറ്റിൽ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി 277.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**224.** പിന്നാക്ക വിഭാഗക്കാർക്ക് സ്കോളർഷിപ്പ്, തൊഴിൽ വൈദഗ്ധ്യ പരിശീലനം, ഭവന നിർമ്മാണം, കുടിവെള്ളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുള്ള ഓഹരി നൽകുന്നതിനുമായി 59 കോടി രൂപ ഞാൻ വകയിരുത്തുന്നു. ന്യൂനപക്ഷ ക്ഷേമത്തിനായി ആകെ 102.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**225.** 20 ലക്ഷത്തോളം വരുന്ന പരിവർത്തിത ക്രൈസ്തവരെ സാമൂഹിക സാമ്പത്തിക വികസനത്തിന്റെ മുഖ്യധാരയിൽ എപ്രകാരം കൊണ്ടുവരാമെന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിന് ഒരു കമ്മീഷൻ രൂപീകരിക്കുന്നതാണ്. ഇടക്കാല നടപടിയെന്ന നിലയിൽ 5 കോടി രൂപ

യുടെ സഹായക പാക്കേജ് ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു.

**226.** മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരക സാംസ്ക്കാരിക പഠന കേന്ദ്രത്തിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**227.** ചേരമ-സാംബവ വികസന സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ ഞാൻ അനുവദിക്കുന്നു.

**വിനോദസഞ്ചാരം**

**228.** കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയിലെ ചലനാത്മകമായ ഈ മേഖലയുടെ വികസനത്തിനായി ഈ വർഷം 223.04 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പത്ത് പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടുത്ത വർഷം വികസിപ്പിക്കുന്നതാണ്.

**229.** ഇന്ത്യയിലും വിദേശത്തും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട മേളകൾ, ഉൽസവങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് കേന്ദ്രടൂറിസം മന്ത്രാലയത്തിൽ നിന്ന് സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**230.** വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ വിനോദസഞ്ചാര മേഖലയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി 88 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**231.** ഈ മേഖലയിൽ നൂതന ഉൽപ്പന്നങ്ങളും മാർക്കറ്റുകളും ലക്ഷ്യമിട്ടുള്ള വിവിധ വിപണന പ്രവർത്തനങ്ങൾക്കായി 31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**232.** സംസ്ഥാനത്ത് "സീ പ്ലെയിൻ"പദ്ധതിയുടെ നടത്തിപ്പിനായി ഈ വർഷം 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**233.** വിനോദസഞ്ചാരമേഖലയിൽ നിക്ഷേപങ്ങൾ, പ്രത്യേകിച്ച് ചെറുകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിക്കുന്നതാണ്. ഇതിനായി ഞാൻ 25 ലക്ഷം രൂപ വകയിരുത്തുന്നു.

**234.** വർക്കല മാസ്റ്റർ പ്ലാൻ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം പ്രഖ്യാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

**235.** വിനോദ സഞ്ചാര വകുപ്പിനു കീഴിൽ ഗുരുവായൂരിലും കന്യാകുമാരിയിലുമായി 2 യാത്രി നിവാസുകൾ ആരംഭിക്കുന്നതാണ്.

**236.** ഇടുക്കി ജില്ലയിലെ വിനോദസഞ്ചാര വികസനത്തിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**കലയും സംസ്കാരവും**

**237.** KSFDC യുടെ മേൽ നോട്ടത്തിൽ പഴയ മലയാള സിനിമകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും, ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**238.** കേരള സംഗീത നാടക അക്കാഡമിയുടെ മേൽനോട്ടത്തിൽ നാട്യകലാകാരൻമാർക്കായി (പെർഫോമിംഗ് ആർട്ടിസ്റ്റ്) പബ്ലിക് ഇൻഷുറൻസ് കമ്പനികൾ മുഖാന്തിരം ഒരു മെഡിക്കൽ-അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 50% തുക സർക്കാർ നൽകുന്നതാണ്. ശേഷിക്കുന്ന തുക വ്യക്തികൾ മനുഷ്യസ്നേഹികൾ, സന്നദ്ധസംഘടനകൾ എന്നിവരിൽ നിന്നും സമാഹരിക്കുന്നതാണ്.

**239.** ചങ്ങനാശ്ശേരിയിൽ കേരള സാഹിത്യ സാംസ്കാരിക കേന്ദ്രവും പൈതൃക മ്യൂസിയവും ആരംഭിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നതാണ്.

**240.** ശാന്തിഗിരിയിൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിനായി 2 കോടി രൂപ ധനസഹായമായി അനുവദിക്കുന്നതാണ്.

**241.** പുരാവസ്തു വകുപ്പിൻെറ കീഴിലെ വിവിധ പദ്ധതികൾക്കായി 2015-16 ൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>മ്യൂസിയം മൃഗശാല</u>**

**242.** മൃഗശാലകളുടേയും കാഴ്ചബംഗ്ലാവുകളുടേയും ആധുനികവൽകരണത്തിനായി 16.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശൂരിലെ കാഴ്ചബംഗ്ലാവിന്റെയും മൃഗശാലയുടെയും ആധുനികവൽകരണത്തിന്റെ ഭാഗമായി ലേസർ പ്രദർശനവും സംഗീത ജലധാരയും ഈ വർഷം ആരംഭിക്കുന്നതാണ്.

**<u>വാർത്താവിതരണവും പ്രചരണവും</u>**

**243.** കഴിഞ്ഞ 60 വർഷം കൊണ്ട് വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് "വജ്ര കേരളം" എന്ന പേരിൽ നവംബർ 2015 മുതൽ ഒക്ടോബർ 2016 വരെ ഒരു വർഷം നീണ്ടുനിൽക്കുന്ന വജ്ര ജൂബിലി

പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>തൊഴിലും പുനരധിവാസവും</u>

**244.** ഗ്രാമീണരുടെ നൈപുണ്യവികസനത്തിന് ഊന്നൽ നൽകുന്നതിന് പരീക്ഷണടിസ്ഥാനത്തിൽ മൂന്ന് 'കൗശൽ കേന്ദ്രങ്ങൾ' കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ല കളിൽ ആരംഭിക്കുന്നതാണ്. കേരളത്തിലെ ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും ഇത്തരം ഓരോ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

**245.** നമ്മുടെ യുവാക്കളെ വിദേശത്ത് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി സംസ്ഥാനത്ത് നൈപുണ്യ മികവിനായുള്ള ഒരു അന്താരാഷ്ട്ര കേന്ദ്രം (International Centre for Skill Excellance) ആരംഭിക്കു ന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ ഞാൻ അനുവദിക്കുന്നു.

**246.** സംസ്ഥാനത്തെ 565 ഐ.ടി.ഐ കളിലെ വിദ്യാർത്ഥി കൾക്ക് പരിശീലനവും തുടർ സഹായവും നൽകുന്ന തിനായി ഒരു 'Practical Entrepreneur Training Hub' എറണാകുളത്ത് ആരംഭിക്കുന്നതാണ്. ഇതിലേക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**247.** പൂർണ്ണ തോതിലുള്ള ഒരു ട്രേഡ് ടെസ്റ്റ് വിഭാഗം സ്ഥാപിക്കുന്നതിന് തൊഴിലും പരിശീലനവും വകുപ്പിനായി 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**248.** ളാലം ബ്ളോക്കിൽ നഴ്സുമാർക്കു വേണ്ടിയുള്ള ഒരു എംപ്ളോയ്മെന്റ് ഗൈഡൻസ് ആൻഡ് അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**249.** കറുകച്ചാലിൽ വനിതകൾക്കായി പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതാണ്.

## <u>സിവിൽ സപ്ലൈസ്</u>

**250.** വിലക്കയറ്റം പിടിച്ചുനിർത്തുന്നതിലും കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിക്കുന്നതിലും പൊതുവിതരണ വകുപ്പ് ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. നെല്ല് സംഭരണത്തിന് ബജറ്റിൽ കൂടുതൽ പണം വകയിരുത്തിയിട്ടുണ്ടെന്ന കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. ഇതിനും പുറമെ സപ്ലൈകോ മുഖേന വിപണി ഇടപെടലുകൾക്കായി ഞാൻ 100 കോടി രൂപ വകയിരുത്തുന്നു. ആകെ 830.44 കോടിരൂപ സിവിൽ സപ്ലൈസിനായി ഞാൻ വകയിരുത്തിയിട്ടുണ്ട്.

**251.** പൊതുവിതരണ വകുപ്പ് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കി വരികയാണ്. ഇതിനുവേണ്ടി പശ്ചാത്തല സൗകര്യങ്ങൾ അടിയന്തരമായി ഒരുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഞാൻ 20 കോടി രൂപ വകയിരുത്തുന്നു.

**252.** ഔഷധ പരിശോധന ലബോറട്ടറിക്കു വേണ്ടി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് 3.40 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

**<u>ആഭ്യന്തരവും നീതിന്യായവും</u>**

**253.** നമ്മുടെ പോലീസ് സേനയെ ആധുനികവും സുസജ്ജവുമാക്കി നിലനിർത്തുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പോലീസ് വകുപ്പിന് ബജറ്റിൽ നോൺ പ്ലാൻ വിഹിതമായി 3042.63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുസേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി നടപ്പുവർഷം ആഭ്യന്തര വകുപ്പിന് 26.50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചിലഭാഗങ്ങളിൽ ഈയിടെ തലപൊക്കിയിട്ടുള്ള തീവ്രവാദ ഭീഷണികൾ ഫലപ്രദമായി നേരിടുന്നതിന് പണം ഒരിക്കലും തടസ്സമാകില്ലെന്നും, സംസ്ഥാന

ത്തിന്റെ സുരക്ഷയിൽ യാതൊരു വിട്ടുവീഴ്ച്ചക്കും ഈ സർക്കാർ തയ്യാറല്ലെന്നും ഈ മഹനീയ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

**254.** വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനായി കോഴിക്കോട്, തൃശ്ശൂർ, കൊച്ചിയിലെ ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

**255.** ആധുനിക ഹൈബ്രിഡ് ഫയർ ടെന്റുകൾ നിലവിലുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

**256.** വിജിലൻസ് വകുപ്പിന്റെ കീഴിലുള്ള ഇടുക്കി ജില്ലാ യൂണിറ്റുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**257.** നീതിന്യായ വകുപ്പിനുള്ള പതിവ് വിഹിതത്തിനു പുറമേ മാതൃക കോടതികൾ സ്ഥാപിക്കുന്നതിനും, ഹൈക്കോടതിയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**258.** ശ്രീ.ഒ.ചന്തുമേനോൻ ‘ഇന്ദുലേഖ’ എന്ന പ്രശസ്തമായ നോവൽ എഴുതിയത് പരപ്പനങ്ങാടിയിൽ മുനിസിഫ് ആയി സേവനമനുഷ്ടിച്ചിരുന്ന കാലത്താണ്. അദ്ദേഹ

ത്തിന്റെ സ്മരണയ്ക്കായി പരപ്പനങ്ങാടിയിൽ 2 കോടി രൂപ ചെലവിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്ന താണ്.

**259.** ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു

**<u>റവന്യൂ</u>**

**260.** പൊതുസേവനങ്ങൾ പൗരന്റെ വാതിൽപടിക്കലെത്തിക്ക ലാണ് എല്ലാ ഇ-ഗവേണൻസ് പരിപാടികളുടേയും ഊന്നൽ. ഈ ലക്ഷ്യം മുൻനിർത്തി റവന്യൂ വകുപ്പിൽ നടന്നു വരുന്ന കമ്പ്യൂട്ടർവൽക്കരണത്തിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**261.** സംസ്ഥാനത്തെ നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധരാണ്. കേരളം പോലെ സ്ഥലപരിമിതികളുള്ള സംസ്ഥാനത്ത് മുൻകാലങ്ങളിൽ നികത്തിയ കൃഷിഭൂമിയുടെ പുനഃപരിവർത്തനം പ്രായോ ഗികമായി അസാധ്യമാണ്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ വന്ന 2008 ന് മുൻപ് നികത്തിയ നെൽവയലുകൾ നിശ്ചിത ഫീസ് ഒടുക്കി ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നിയമഭേദ ഗതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ

പ്രദേശത്ത് മുൻപ് നികത്തിയ സമാന ഭൂമിയുടെ പ്രഖ്യാപിത ന്യായവിലയുടെ 25% ഫീസ് ഇതിനായി ഈടാക്കുന്നതാണ്.

**262.** നിലമ്പൂരിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണികഴിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

**ലീഗൽ മെട്രോളജി**

**263.** ലീഗൽ മെട്രോളജി വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാരുടെ കഴിവ് വർദ്ധിപ്പിക്കാനും പരിശോധനകൾ കാര്യക്ഷമമാക്കാനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി 2.75 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

**264.** പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ലീഗൽ മെട്രോളജി മാനേജ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്കായി 1 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**പൊതുഭരണം**

**265.** തമിഴ്, കന്നട എന്നീ ന്യൂനപക്ഷഭാഷകൾ പഠിക്കുന്നതിന് താൽപര്യമുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് പരിശീലനം നൽകുന്നതിനായി

പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ദേവസ്വം

**266.** ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് 25 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

**267.** കാവുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണത്തിനായി 10 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## ഹജ്ജ് തീർത്ഥാടനം

**268.** കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് നൽകുന്ന ധനസഹായം 1 കോടി രൂപയിൽ നിന്നും 3 കോടിയായി വർദ്ധിപ്പിക്കുന്നു.

## നിയമം

**269.** നിയമവകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ നിയമ വിവര മാനേജ്മെന്റ് സിസ്റ്റത്തിനായി നടപ്പുവർഷം 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>രജിസ്ട്രേഷൻ</u>**

**270.** രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിലേയ്ക്കായി 2 കോടി രൂപ 2015-16 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**<u>സംസ്ഥാന ആസൂത്രണ ബോർഡ്</u>**

**271.** പഞ്ചവത്സര/വാർഷിക പദ്ധതികളെ കേരള പരിപ്രേക്ഷാ പദ്ധതി 2030 മായി സംയോജിപ്പിച്ചുകൊണ്ട് ഈ മേഖല യിലെ സമഗ്രവികസനത്തിന് ഉതകുന്നതരത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ടും ആക്ഷൻ പ്ലാനും തയ്യാറാക്കുന്നതിന് 10 കോടി രൂപ ഈ സാമ്പ ത്തിക വർഷം വകയിരുത്തിയിട്ടുണ്ട്

**272.** സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആസ്ഥാന ഓഫീസ് കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തന ങ്ങൾക്കും പുതിയ കെട്ടിടനിർമ്മാണത്തിനുമായി ഈ സാമ്പത്തിക വർഷം 1.75 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

**273.** കാർഷിക ജൈവ വ്യവസ്ഥാ ആസൂത്രണവും വികസ നവും എന്ന പരിപാടിക്ക് നടപ്പുവർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ട്രഷറി

**274.** ട്രഷറികളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഈ സാമ്പത്തിക വർഷം 12 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

**275.** സ്വന്തമായി കെട്ടിടമില്ലാത്ത സംസ്ഥാനത്തെ ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നതാണ്. ഇതിനായി 8.78 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**276.** പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലോക്കർ സൗകര്യം ട്രഷറികളിൽ ലഭ്യമാക്കുന്നതാണ്. ഇതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. ഈ നടപടിമൂലം പ്രതിവർഷം 5 കോടി രൂപയുടെ വരുമാനം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

**277.** സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ കമ്പ്യൂട്ടർ വൽകരണത്തിനായി 2 കോടി രൂപ വകയിരുത്തുന്നു.

### എക്സൈസ്

**278.** തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സംസ്ഥാന എക്സൈസ് അക്കാഡമിയുടേയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ വർഷം 2.30 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

### ദുരന്തനിവാരണം

**279.** നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട് (NCRMP) എന്ന പദ്ധതി ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പു വർഷം ഒൻപത് തീരദേശ ജില്ലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതാണ്. ഇതിനായി 28.16 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

## നികുതി നിർദ്ദേശങ്ങൾ

### നികുതി നടപ്പാക്കൽ–പരിഷ്കരണം

**280.** ഈ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള സ്വപ്നപദ്ധതികൾ സാക്ഷാത്കരിക്കുന്നതിന് സർക്കാരിന്റെ നികുതി പിരിവിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി ഞാൻ തികച്ചും ബോധവാനാണ്. വാണിജ്യ നികുതി, എക്സൈസ്, രജിസ്ട്രേഷൻ

വകുപ്പുകളെ ട്രഷറി ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ച്, ഓൺലൈൻ പേയ്മെന്റ്സ്, ഓൺലൈൻ സേവനങ്ങൾ, ഓൺലൈൻ രജിസ്ട്രേഷൻ, ഇലക്ട്രോണിക് റീഫണ്ടുകൾ എന്നിവ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ റിക്കവറി, ഓഡിറ്റ് മാനേജ്മെന്റ് എന്നിവയ്ക്കായി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിന് വിദൂരത്തിരുന്നു ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കാവുന്ന സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിനായി 20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**281.** ഏപ്രിൽ 2016 മുതൽ രാജ്യത്താകമാനം നടപ്പിലാവുന്ന ചരക്ക് സേവന നികുതി (GST) യിലേക്ക് നമ്മുടെ സംസ്ഥാനവും ചുവടുമാറ്റത്തിന് തയ്യാറാവുകയാണ്. ബന്ധപ്പെട്ട വകുപ്പ് അധികാരികളെയും, വ്യാപാരികളെയും, പൊതുജനങ്ങളെയും പുതിയ നികുതി രീതിയിലേക്ക് സജ്ജരാക്കേണ്ടതും, കാര്യശേഷി വർദ്ധിപ്പിക്കേണ്ടതുമായുണ്ട്. അതിനായി 2 കോടി രൂപ ഞാൻ മാറ്റി വയ്ക്കുന്നു.

**282.** സർക്കാരുകളുടെ മേൻമ വിലയിരുത്തപ്പെടുന്നത് ജീവനക്കാരുടെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെയാണെന്നാണ് ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ

ഉറച്ച വിശ്വാസം. കഴിഞ്ഞ നാലു വർഷം കൊണ്ട് നാം കൈവരിച്ച നേട്ടങ്ങൾ തികഞ്ഞ പ്രതിബദ്ധതയോടെ സർക്കാരിനോടൊപ്പം പ്രവർത്തിച്ച ജീവനക്കാരുടെ പ്രയത്നത്തിന്റെയും കൂടി ഫലമാണ്. പത്താം ശമ്പള കമ്മീഷന്റെ റിപ്പോർട്ട് താമസിയാതെ സർക്കാരിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിന് ആവശ്യമായ കരുതൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിഭവസമാഹരണം

### മോട്ടോർ വാഹനനികുതി

**283.** അയൽസംസ്ഥാനങ്ങളിൽ ഇരുചക്രവാഹനങ്ങൾക്ക് നിലവിലുള്ള ഉയർന്ന നികുതിനിരക്ക് കണക്കിലെടുത്ത് താഴെപ്പറയുന്ന മാറ്റങ്ങൾ നികുതിനിരക്കിൽ വരുത്തുന്നതാണ്. ഒരുലക്ഷം രൂപവരെ വിലവരുന്ന പുതിയ മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതി നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 8 ശതമാനമായും ഒരു ലക്ഷത്തിനുമുകളിൽ 2 ലക്ഷം രൂപ വിലവരുന്ന മോട്ടോർസൈക്കിളുകളുടെ ഒറ്റത്തവണ നികുതി 8 ശതമാനത്തിൽ നിന്നും 10 ശതമാനമായും 2 ലക്ഷത്തിനുമുകളിൽ വിലവരുന്ന ആഡംബര ബൈക്കുകളുടെ ഒറ്റത്തവണ നികുതി 20 ശതമാനമായും

വർദ്ധിപ്പിക്കുന്നതാണ്. ഇതുവഴി സർക്കാരിന് ഒരു വർഷം 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**284.** അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഇരുചക്രവാഹനങ്ങൾ, മോട്ടോർ കാറുകൾ തുടങ്ങിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് യഥേഷ്ടം സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരം വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ നിലവിൽ ടാക്സേഷൻ നിയമത്തിൽ വ്യവസ്ഥയില്ല. മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഇത്തരം വാഹനങ്ങളുടെ കണക്കോ വിശദാംശങ്ങളോ വകുപ്പിന് ലഭ്യമല്ലാത്തതിനാൽ ധാരാളം സുരക്ഷാ പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. ആയതിനാൽ അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനകത്ത് ഒരു മാസത്തിൽ കൂടുതൽ കാലം സർവ്വീസ് നടത്തുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് താഴെപ്പറയുന്ന നിരക്കിൽ നികുതി ഈടാക്കുവാൻ ഉദ്ദേശിക്കുന്നു.

| ക്രമ നം. | വാഹനങ്ങളുടെ ഇനം | 30 ദിവസ ത്തിനു മുകളിൽ 1 വർഷം വരെ (തുക രൂപയിൽ) | 1 വർഷത്തിനു മുകളിൽ |
|---|---|---|---|
| 1. | മേട്ടോർസൈക്കിളു കളും മുച്ചക്രവാഹന ങ്ങളും | 200/- | ടാക്സേഷൻ ഷെഡ്യൂളിലെ അനക്സ്ർ 1 ലെ നിരക്കിന് ആനു പാതികമായ ഒറ്റ ത്തവണ നികുതി |
| 2 | മോട്ടോർ കാറുകൾ | 1500/- | ,, |
| 3 | സ്വകാര്യ ആവശ്യത്തി നുപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾ<br><br>(എ) 10 സീറ്റുകൾ വരെ<br><br>(ബി) 10 സീറ്റിന് മുക ളിൽ | <br><br><br>സീറ്റ് ഒന്നിന് 300 രൂപ<br><br>സീറ്റ് ഒന്നിന് 500 രൂപ | ,, |
| 4 | കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹ നങ്ങൾക്കും മറ്റ് നോൺ ട്രാൻസ്പോർട്ട് വാഹ നങ്ങൾക്കും | 1000/- | ,, |

മേൽപ്പറഞ്ഞ ഭേദഗതി വഴി സർക്കാരിന് ഒരു വർഷം 20 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു

**285.** വിദേശ രാജ്യങ്ങളിൽ നിന്നും വിവിധതരം ലക്ഷ്വറി വാഹനങ്ങൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്ത് സർവീസ് നടത്തുന്ന പ്രവണത കൂടി വരികയാണ്. താത്കാലികമായിട്ടാണെങ്കിലും ഇത്തരം വാഹനങ്ങളിൽനിന്നും നികുതി ഈടാക്കുവാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ സംസ്ഥാനത്തിനകത്ത് പ്രവേശിക്കുന്ന മേൽത്തരം വാഹനങ്ങളിൽനിന്നും ഒരു മാസത്തേയ്ക്ക് 10,000 രൂപ എന്ന നിരക്കിലും ഒരു മാസത്തിനുമുകളിൽ <u>ഉള്ള</u> ഓരോ മാസത്തേയ്ക്കും 5000 രൂപ നിരക്കിലും നികുതി ഏർപ്പെടുത്തുന്നതാണ്. ഇതിലൂടെ സർക്കാരിന് വരുംവർഷം ഒരുകോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

## <u>രജിസ്ട്രേഷൻ</u>

**286.** 1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മാർത്ഥ സംഘ രജിസ്ട്രേഷൻ നിയമപ്രകാരമുള്ള സംഘങ്ങളുടെ വാർഷികകണക്കുകൾ/റിട്ടേണുകൾ/ അംഗങ്ങളുടെ ലിസ്റ്റ് തുടങ്ങിയവ ഫയൽ ചെയ്യുന്നതിലുള്ള കുടിശ്ശിക തീർപ്പാക്കുതിലേക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതനു

സരിച്ച് ഓരോ വർഷത്തെയും കാലതാമസത്തിന് 500 രൂപ ക്രമത്തിൽ പിഴ ഒടുക്കി കുടിശ്ശിക റിട്ടേണുകൾ ക്രമവൽക്കരിക്കാവുന്നതാണ്. റിട്ടേണുകൾ ഓൺലൈൻ ആയി ഫയൽ ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഈ പദ്ധതി മുഖേന 15 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

**287.** 1959 ലെ കേരള മുദ്രപ്പത്ര നിയമത്തിൽ 'ലൈസൻസ് ' എന്ന ഒരു കരണം കൂടി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇപ്രകാരമുള്ള ലൈസൻസ് കരണങ്ങളെയും കൂടി 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതിലേക്കായി പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. 'വാടകയ്ക്കുള്ള ലൈസൻസ്' കരണങ്ങൾക്കും വാടകക്കരാറിനുള്ള (പാട്ടക്കരാറിനുള്ള) നിരക്കിൽ മുദ്രവില ചുമത്തുന്നതാണ്. ഇതു മുഖേന 20 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു

**288.** താഴെ പറയുന്നവയുടെ മുദ്രവില രജിസ്ട്രഷൻ ഫീസ് നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നു.

## എ) സ്റ്റാമ്പ് ഡ്യൂട്ടി

| ക്രമ നമ്പർ | ആർട്ടി ക്കിൾ | വിവരണം | നിലവി ലുള്ള നിരക്ക് (രൂപയിൽ) | പുതുക്കുന്ന നിരക്ക് (രൂപയിൽ) |
|---|---|---|---|---|
| 1 | 5 | ഉടമ്പടിയോ, ഉട മ്പടി മെമ്മോറാ ണ്ടമോ(ഡി) മറ്റു പ്രകാരത്താൽ വ്യവസ്ഥ ചെയ്തിട്ടില്ലെ ങ്കിൽ | 100 | 500 |
| 2 | 24 | മുദ്രവില ചുമത്ത ത്തക്കതും, ശരി യായ മുദ്രവില അടച്ചിരിക്കുന്നതു മായ വല്ല കരണ ത്തിന്റെയും ഏതിർ കരണം അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ് - (ii) മറ്റു വല്ല സംഗതിയിലും | 100 | 500 |
| 3 | 25 | ചുങ്കച്ചീട്ട് അഥവാ കേന്ദ്ര എക്സൈസ് ബോണ്ട് - (ബി) മറ്റു വല്ല സംഗതി യിലും | 50 | 500 |

| | | | | |
|---|---|---|---|---|
| 4 | 28 | 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സംസ്ഥാന ബാർ കൗൺസിൽ തയ്യാറാക്കി വച്ചുപോരുന്ന അഭിഭാഷകരുടെ പട്ടികയും അംഗമായി ചേർന്നതായുള്ള സർട്ടിഫിക്കറ്റിന് | 250 | 1000 |
| 5 | 36 | ഒരു കമ്പനിയായി കൂടുന്നതിനെപ്പറ്റിയുള്ള മെമ്മോറാണ്ടം -<br><br>(എ) 1956 ലെ കമ്പനി ആക്റ്റ് (1956 -ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സംഘം കൂടുന്നതിനുള്ള ചട്ടങ്ങളോടു കൂടിയാണെങ്കിൽ<br><br>(ബി) അങ്ങനെ ചട്ടങ്ങളോടു കൂടിയല്ലെങ്കിൽ | 500<br><br>1000 | 1000<br><br>കമ്പനിയുടെ മൂലധനത്തിന് അനുസരണമായി |

| | | | | |
|---|---|---|---|---|
| | | | | ഒരു കമ്പനിയായി കൂടുന്നതിനുള്ള ചട്ടങ്ങൾക്കുള്ള (10-ാം നമ്പർ) മുദ്രവില തന്നെ |
| 6 | 50 | ജാമ്യക്കച്ചീട്ടോ, പണയാധാരമോ, വല്ല ഉദ്യോഗവും, ശരിയായി നടത്തുന്നതിലേക്കോ, ആ ഉദ്യോഗം മൂലം കൈവശം വരുന്ന പണത്തിനോ മറ്റു മുതലിനോ കണക്കു പറയുവാനോ, ഉറപ്പിനായി എഴുതിക്കൊടുക്കുന്നതോ അല്ലെങ്കിൽ ഒരു കരാറു പ്രകാരം ക്രമമായി പ്രവർത്തിക്കാൻ ഉറപ്പിനായി ഒരു ജാമയക്കാരൻ എഴുതിക്കൊടുക്കുന്നതോ -<br><br>(ബി) - മറ്റു വല്ല സംഗതിയിലും | 100 | 500 |

<u>**ബി) രജിസ്ട്രേഷൻ ഫീസ്**</u>

| ക്രമ നമ്പർ | ആർട്ടിക്കിൾ | വിവരണം | നിലവിലുള്ള നിരക്ക് | പുതുക്കുന്ന നിരക്ക് |
|---|---|---|---|---|
| 1 | I (എ)(2) | (i) മുക്ത്യാർ നാമപത്രം രജിസ്റ്റർ ചെയ്യുന്നതിന്<br><br>(ii) സബ് ക്ളോസ് (2) ലെ നോട്ട് പ്രകാരമുള്ള ഇനങ്ങളുടെ മിനിമം ഫീസ് | 100<br><br>മിനിമം 100 രൂപ എന്നതിനു വിധേയമായി ചുമത്തിയ മുദ്രയുടെ 2% | 200<br><br>മിനിമം 200 രൂപ എന്നതിനു വിധേയമായി ചുമത്തിയ മുദ്രയുടെ 2% |
| 2 | I (പി) | കൂട്ടുകച്ചവടം അവസാനിപ്പിക്കൽ | 200 | 500 |
| 3 | I (എസ്) | പിഴതിരുത്ത് | 100 | 500 |
| 4 | I (റ്റി) | നേരത്തെ രജിസ്റ്റർ ചെയ്ത വിൽപ്പനയോ, | 100 | 500 |

| | | | | |
|---|---|---|---|---|
| | | പണയമോ, സെറ്റിൽമെന്റോ ശരിവക്കുന്ന കരണം | | |
| 5 | I (vi) | പണമായി വില യിരുത്താൻ പറ്റാത്ത ഇടപാട് | 100 | 200 |
| 6 | V(iii) | വിൽപ്പത്രം റദ്ദ് ചെയ്യുന്നതിന് | 100 | 500 |
| 7 | VI | (1) മുദ്ര വച്ച കവറിൽ സൂക്ഷിക്കാൻ ഏൽപ്പിക്കു ന്നതിന്<br><br>(2) മുദ്ര വച്ച കവറിൽ പിൻവലിക്കു ന്നതിന് | 100<br><br>100 | 1000<br><br>1000 |
| 8 | XI<br><br>കുറിപ്പ് | പലവക രേഖ കൾ | തിരച്ചിൽ ഫീസ് നടപ്പ് വർഷം ഒഴികെ ആദ്യ വർഷ ത്തേക്ക് 0.50 രൂപ | തിരച്ചിൽ ഫീസ് നടപ്പ് വർഷം ഒഴികെ ആദ്യ വർഷ ത്തേക്ക് 50 രൂപ<br><br>കൂടുതലാ യുള്ള ഓരോ വർഷത്തേ |

| | | | | |
|---|---|---|---|---|
| | | | കൂടുതലായുള്ള ഓരോ വർഷത്തേക്കും 0.25 രൂപ | ക്കും 20 രൂപ |
| 9 | XVII (എ) | a) പ്രമാണം എഴുതിക്കൊടുക്കുന്ന കക്ഷികൾ ഹാജരാക്കുന്നതുവരെ അത് സൂക്ഷിക്കുന്നതിന് | 10 | 100 |
| 10 | XIX | റവന്യൂ രജിസ്ട്രി കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ | 10 | 50 |

100 കോടി രൂപയുടെ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു.

**289.** ബാങ്കിംഗ് സർവ്വീസുകൾ ഗ്രാമീണമേഖലകളിൽ വ്യാപിപ്പിക്കുന്നതിന് പ്രചോദനം നൽകുന്നതിന് എ.ടി.എം. രജിസ്ട്രേഷന് വേണ്ടിയുള്ള സ്റ്റാമ്പ് ഡ്യൂട്ടി

പഞ്ചായത്ത് മേഖലകളിൽ നിലവിലെ 2500 രൂപയിൽ നിന്നും 1250 രൂപയായി കുറയ്ക്കുന്നു.

## <u>പ്ലാന്റേഷൻ നികുതി</u>

**290.** സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി യുടെ പശ്ചാത്തലത്തിൽ ഒരു ആശ്വാസമെന്ന നിലയിൽ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾക്കുള്ള പ്ലാന്റേഷൻ നികുതി പൂർണ്ണമായി ഒഴിവാക്കുന്നതാണ്. കമ്പനികൾ, സൊസൈറ്റികൾ, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾക്ക് പ്ലാന്റേഷൻ നികുതി തുടർന്നും ഈടാക്കുന്നതാണ്. ഇതു മൂലം 2 കോടി രൂപ യുടെ റവന്യൂ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

## വാണിജ്യ നികുതി

### <u>നികുതിനിർദ്ദേശങ്ങൾ</u>

**291.** റബർ മേഖല ഉൾപ്പെടെയുള്ള കാർഷികമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ വിവിധ ഉത്തേജക നടപടികൾ മുൻഖണ്ഡികകളിൽ ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതായിട്ടുണ്ട്. നിലവിൽ അരി, അരി ഉത്പന്നങ്ങൾ, ഗോതമ്പ്, മൈദ, ആട്ട, സൂജി, റവ എന്നിവ നികുതിവിമുക്തമാണ്.മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോഴത്തെ വിലനിലവാരവും

നാണ്യപ്പെരുപ്പവും കുറവാണെന്നാണ് സ്ഥിതിവിവര ക്കണക്കുകൾ സൂചിപ്പിക്കുന്നത്.കൂടാതെ ഇവയിൽ ഭൂരിഭാഗം ഉത്പന്നങ്ങളും എം.ആർ.പി. നിശ്ചയിച്ചിട്ടുള്ള പാക്കേജ്ഡ് കമ്മോഡിറ്റികളാണ്.ആയതിനാൽ അരി, അരി ഉത്പന്നങ്ങൾ, ഗോതമ്പ് എന്നിവയ്ക്ക് ഒരു ശതമാനവും, മൈദ, ആട്ട, സൂജി, റവ എന്നിവയ്ക്ക് 5 ശതമാനവും നികുതി ഏർപ്പെടുത്തുന്നു. 110 കോടി രൂപയുടെ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിൽക്കുന്നവ നികുതിവിമുക്തമായി തുടരും.

**292.** പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ അധിക വിൽപന നികുതിയായി ലിറ്ററിന് ഒരുരൂപ എന്ന കണക്കിൽ നിശ്ചിത തീരുവ ചുമത്തുന്നതാണ്. ഇതിൽ നിന്നും ലഭിക്കുന്ന അധികനികുതി സ്വന്തം പാർപ്പിടമി ല്ലാത്ത പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനുള്ള പദ്ധതിക്കായി വിനിയോഗിക്കുന്നതാണ്.വിജ്ഞാപനം വഴി സർക്കാരിന് ഈ നിരക്കിൽ വ്യതിയാനം വരുത്താവുന്നതുമാണ്. ഇതുവഴി 375 കോടി രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്.

**293.** കേന്ദ്രവിൽപന നികുതിയുടെ നിരക്ക് 4 ശതമാനത്തിൽ നിന്നും 2 ശതമാനമാക്കി കുറച്ചതും മറ്റ് ഇളവുകളും പ്രഖ്യാപിച്ചതുവഴി സംസ്ഥാനങ്ങൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി തുണിത്തരങ്ങൾ, പഞ്ചസാര

എന്നിവയ്ക്കുമേൽ സംസ്ഥാനങ്ങൾക്ക് നികുതി ഈടാക്കാവുന്ന സാഹചര്യം നിലവിൽ വന്നു. ഇതിനെത്തുടർന്ന്, കഴിഞ്ഞവർഷം മുതൽ തുണിത്തരങ്ങൾക്ക് മേൽനികുതി ഏർപ്പെടുത്തി. പഞ്ചസാരയ്ക്കുമേൽ ചില അയൽസംസ്ഥാനങ്ങൾ ഇതിനോടകം തന്നെ നികുതി ഏർപ്പെടുത്തി ക്കഴിഞ്ഞു.പൊതുവിതരണ സമ്പ്രദായത്തിൽ വിൽക്കുന്ന പഞ്ചസാര നികുതിവിമുക്തമാക്കി നിലനിർത്തിക്കൊണ്ട് തന്നെ,പഞ്ചസാരയ്ക്ക് നാമ മാത്രമായ രണ്ട് ശതമാനം നികുതി ചുമത്തുന്നതാണ്. ഇതിലൂടെ 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**294.** സംസ്ഥാനത്തിനു പുറത്തുനിന്നും വരുന്ന മായം ചേർത്ത വെളിച്ചെണ്ണയുടെ വ്യാപാരം വർദ്ധിച്ചു വരുന്നതായി ധാരാളം പരാതികളുണ്ട്. നിലവിൽ ഇത് നികുതിവിമുക്തമായതിനാൽ ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമല്ലാത്ത സാഹചര്യമാണ് ഉള്ളത്. ആയതിനാൽ വെളിച്ചെണ്ണയ്ക്ക് ഒരു ശതമാനം, എന്ന നാമമാത്രമായ നികുതി ചുമത്തുന്നതാണ്. 50 കോടിയുടെ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു.

**295.** ഭൂരിഭാഗം നിർമ്മാണ സാമഗ്രികളും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്ന ചിലതരം കരാർപണികൾ ചെയ്യുന്ന കരാറുകാർക്ക് സംസ്ഥാനത്തിനകത്തുനിന്നും മാത്രം ഇത്തരം വസ്തുക്കൾ വാങ്ങി കരാർപണി ചെയ്യുന്നവരുമായി താരതമ്യം ചെയ്യുമ്പോൾ നികുതി നിരക്കുകളിലുള്ള വ്യത്യാസം മൂലം വൻതോതിലുള്ള ആനുകൂല്യം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അസമത്വം പരിഹരിക്കുന്നതിനായി ഇന്റീരിയർ ഡെക്കറേഷൻ ആന്റ് ഫർണിഷിംഗ് കരാറുകൾ കൂടി ഉൾപ്പെടുത്തി 2008-ന് മുമ്പ് നിലവിലുണ്ടായിരുന്ന നെഗറ്റീവ് ലിസ്റ്റ് പുനഃസ്ഥാപിക്കുകയും ചെയ്യുന്നതാണ്. ഇത്തരം കരാറുകൾക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥ ബാധകമായിരിക്കുകയില്ല. 50 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**296.** ചലച്ചിത്രങ്ങളുടെ പകർപ്പവകാശ കൈമാറ്റത്തിന്മേൽ മൂല്യവർദ്ധിതനികുതി നിയമം പ്രാബല്യത്തിൽ വന്നതു മുതൽ Intangible goods എന്ന നിലയിൽ നികുതി വിധേയമായി. അടുത്തകാലങ്ങളിൽ ടെലിവിഷൻ ചാനലുകളുടെ വരവും വിതരണഘടനയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളും ഈ മേഖലയിലെ അസ്ഥിര തകൾക്കും ആശങ്കകൾക്കും വിരാമം കുറിച്ചിട്ടുണ്ട്. ആയതിനാൽ 2010-ൽ ഒഴിവാക്കപ്പെട്ട ഈ നികുതി

5 ശതമാനമാക്കി പുനഃസ്ഥാപിക്കുന്നതാണ്. ഇത് വഴി 20 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**297.** പുകയില ഉത്പന്നങ്ങളുടെ ഉപയോഗം കൊണ്ടു ണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇതിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിനായി, സിഗററ്റിന്റെ നികുതി നിരക്ക് 30 ശതമാനമാക്കി ഉയർത്തിയ കാര്യം ബഹുമാനപ്പെട്ട സഭയ്ക്ക് അറിയാമല്ലോ.ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ തുടർനടപടിയുടെ ഭാഗമായി ബീഡിക്ക് മേലും 14.5 ശതമാനം നികുതി ഏർപ്പെടുത്തുന്നതാണ്.15 കോടി രൂപയുടെ അധികനികുതി വരുമാനംപ്രതീക്ഷിക്കുന്നു.

**298.** നൈലോൺ കയർ, പോളിസ്റ്റർ കയർ, പോളിസ്റ്റർ ട്വയിൻ എന്നിവയ്ക്കുള്ള നികുതിയൊഴിവിന്റെ ആനുകൂല്യം മത്സ്യഫെഡ്, തീരമൈത്രി, സഹകരണസംഘങ്ങൾ എന്നിവ വഴി വിൽക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതാണ്. അല്ലാത്തവയുടെ നികുതി 5 ശതമാനമായിരിക്കും. 3 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**299.** പ്ലാസ്റ്റിക് നിർമ്മിതമായ ചൂല്, ബ്രഷ്, മോപ്സ് എന്നിവയ്ക്ക് 5 ശതമാനം നികുതി ചുമത്തുന്നു.

**300.** ഇറച്ചിക്കോഴി വിൽപനമേഖലയിലെ നികുതിചോർച്ച തടയുന്നതിനുള്ള നടപടികളുടെ ഭാഗമെന്ന നിലയ്ക്ക് കോഴിത്തീറ്റയ്ക്ക് ഒരു ശതമാനം നികുതി ഏർപ്പെടുത്തുന്നു.

**301.** സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പു കളുടേയും സേവനങ്ങൾക്ക് ഈടാക്കിയിരുന്ന ഫീസ്, ചാർജ്ജ് എന്നിവയുടെ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. മൂല്യവർദ്ധിത നികുതിനിയമം, ആഡംബര നികുതി നിയമം എന്നിവയിൻകീഴിലെ രജിസ്ട്രേഷൻ ഫീസ്, റിന്യൂവൽ ഫീസ് എന്നിവ 10 വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചതാണ്. രജിസ്ട്രേഷനുള്ള വ്യാപാരികൾക്ക് വകുപ്പ് നൽകുന്ന ഇലക്ട്രോണിക് സേവനങ്ങൾക്കുള്ള ചെലവ്, നാണയപ്പെരുപ്പം എന്നിവ കണക്കിലെടുക്കു മ്പോൾ ഈ ഫീസുകൾ ഉയർത്തേണ്ടത് അനിവാര്യ മാണ്. ആയതിനാൽ നിരക്കുകൾ ചുവടെ പറയുംപ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

i) വാറ്റ് രജിസ്ട്രേഷൻ മാത്രം ഉള്ളതും 25 ലക്ഷം രൂപയ്ക്കുമേൽ വിറ്റുവരവുമുള്ളതുമായ വ്യാപാരികൾക്ക് റിന്യൂവൽ ഫീസ് 500 രൂപയിൽ നിന്നും 1000 രൂപയായി ഉയർത്തുന്നു. വാറ്റ്, സി.എസ്.ടി. രജിസ്ട്രേഷനുകൾ ഉള്ള വ്യാപാരികളുടെ റിന്യൂവൽ ഫീസ് അവരുടെ

വിറ്റുവരവ് എന്തുതന്നെ ആയിരുന്നാലും നിലവിലെ 1500 രൂപയിൽ നിന്നും 3000 രൂപയായി ഉയർത്തുന്നു.

ii) കേരള ആഡംബരനികുതി നിയമത്തിൻകീഴിലുള്ള രജിസ്ട്രേഷൻ റിന്യൂവൽ ഫീസുകൾ 50 ശതമാനം ഉയർത്തി ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

(എ) ഹോട്ടലുകൾ

| | നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|
| നക്ഷത്ര ഹോട്ടലുകൾ | 6250 | 9375 |
| മുനിസിപ്പൽകോർപ്പറേഷൻ പ്രദേശത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മറ്റ് ഹോട്ടലുകൾ | 1250 | 1875 |
| മുനിസിപ്പൽകൗൺസിൽ അഥവാ ടൗൺഷിപ്പ് പ്രദേശത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മറ്റ് ഹോട്ടലുകൾ | 1000 | 1500 |
| ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മറ്റ് ഹോട്ടലുകൾ | 750 | 1125 |

(ബി) ഹാൾ, ആഡിറ്റോറിയം, കല്യാണമണ്ഡപം തുടങ്ങിയവ

| | | |
|---|---|---|
| മുനിസിപ്പൽകോർപ്പറേഷൻ പ്രദേശത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്നവ | 1000 | 1500 |
| മുനിസിപ്പൽകൗൺസിൽ അഥവാ ടൗൺഷിപ്പ് പ്രദേശത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്നവ | 750 | 1125 |
| ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്നവ | 500 | 750 |

iii) ആശുപത്രി, ഹോംസ്റ്റേ, സർവീസ്ഡ് അപ്പാർട്ട്മെന്റ്/ വില്ല എന്നിവയുടെ രജിസ്ട്രേഷൻ, റിന്യൂവൽ ഫീസുകൾ 1000-ൽ നിന്നും 1500 ആയി ഉയർത്തുന്നു.

iv) ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് 1000-ൽ നിന്നും 1500 ആയും റിന്യൂവൽ ഫീസ് 500-ൽ നിന്നും 750 ആയും ഉയർത്തുന്നു.

മേൽപ്പറഞ്ഞ ഭേദഗതികളിലൂടെ 10 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**302.** സ്വർണ്ണം, അമൂല്യലോഹങ്ങൾ എന്നിവ കൊണ്ടുള്ള ആഭരണങ്ങളുടേയും ബുള്യൻ, സ്വർണ്ണംകൊണ്ടുള്ള മറ്റുവസ്തുക്കൾ, സ്വർണ്ണനാണയങ്ങൾ എന്നിവയുടേയും നികുതിനിരക്കിലെ അന്തരം ഇൻപുട്ട് ടാക്സിന്റേയും റീഫണ്ടുകളുടേയുംനിർവഹണത്തിൽ വകുപ്പിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഈ പ്രവണത തടയുന്നതിന് സ്വർണ്ണം ഇറക്കുമതിക്കായി ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിജ്ഞാപനം ചെയ്യുന്ന ഏജൻസികൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ളവർ എന്നിവർ സംസ്ഥാനത്ത് വിൽക്കുന്ന ബുള്യനുമാത്രമായി ഒരു ശതമാനം എന്ന നികുതി നിരക്ക് പരിമിതപ്പെടുത്തുന്നു. മറ്റുള്ളവയുടെ ഷെഡ്യൂൾ നിരക്ക് 5 ശതമാനമായി ഏകീകരിക്കുന്നതാണ്. 15 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**303.** പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിലേക്കായി, പരിസ്ഥിതിക്ക് ഹാനികരമായ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനും പ്രകൃതിജന്യ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഡിസ്പോസബിൾ പ്ലാസ്റ്റിക് കപ്പുകളും പ്ലേറ്റുകളും, ഡിസ്പോസബിൾ സ്റ്റൈറോഫോം കപ്പുകളും

പ്ലേറ്റുകളും, തെർമോകോൾ/സ്റ്റൈറോഫോം ഷീറ്റുകൾ, പ്രിന്റഡ് ഫ്ളക്സുകൾ എന്നിവയുടെ നികുതിനിരക്ക് 20 ശതമാനമായി ഉയർത്തുന്നു. എല്ലാത്തരം പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾക്കും നികുതിനിരക്ക് 14.5 ശതമാന മാക്കുന്നു. 15 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**304.** സർവീസ്ഡ് വില്ലകളെ സർവീസ്ഡ് അപ്പാർട്ട്മെന്റിന് തുല്യമായി പരിഗണിച്ച് 12.5 ശതമാനം ആഡംബര നികുതി ഏർപ്പെടുത്തുന്നു.

## <u>നികുതി ഇളവുകൾ</u>

**305.** റബർകർഷകർക്കുള്ള ആശ്വാസനടപടികൾ ഞാൻ നേരത്തേ പരാമർശിച്ചുവല്ലോ. അതിന്റെ തുടർച്ചയായി റബർതടിയെ പൂർണ്ണമായും നികുതിവിമുക്തമാക്കുന്നു. വിലയിടിവിന്റെ ഈ കാലഘട്ടത്തിൽ റബർതടിയുടെ ചരക്ക്നീക്കം സുഗമമാക്കുന്നതിനും അതുവഴി റബർകർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നതിനും സാധിക്കുന്നതാണ്. റബ്ബർ തടി അന്യസംസ്ഥാനത്തേക്ക് കൊണ്ടുപോകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ നിയമ ഭേദഗതി വരുത്തുന്ന താണ്.

**306.** അനുമാനനികുതി ഒടുക്കുന്നതിനുള്ള പരിധി നിശ്ചയിക്കുന്നതിന് എം.ആർ.പി. യിന്മേൽ നികുതി ഒടുക്കിയ പെട്രോളിയം ഉത്പന്നങ്ങൾ, മരുന്നുകൾ എന്നിവയുടെ വിറ്റുവരവ് ഉൾപ്പെടില്ല എന്ന് സ്പഷ്ടീകരിച്ച് കഴിഞ്ഞവർഷം ഒരു വിശദീകരണം നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. ഈ വ്യവസ്ഥയ്ക്ക് 01/04/2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നു.

**307.** കേരളത്തിന്റെ വ്യാവസായിക രംഗത്തിന്റെ മാറ്റത്തിന് ഉതകുന്ന ഒരു നവീന പരിസ്ഥിതി സൗഹൃദ ഊർജ്ജസ്രോതസ്സ് എന്ന നിലയിൽ ദ്രവീകൃത പ്രകൃതിവാതകത്തെ (LNG) ഒരു വർഷത്തേയ്ക്ക് മൂല്യവർദ്ധിതനികുതിയിൽ നിന്നും ഒഴിവാക്കുന്നു. 100 കോടി രൂപയുടെ നികുതിനഷ്ടമാണ് പ്രതീക്ഷിക്കുന്നത്.

**308.** മൂല്യവർദ്ധിതനികുതി നിയമം പ്രാബല്യത്തിൽ വന്നതുമുതൽ മൂന്നാം ഷെഡ്യൂളിലെ എൻട്രി 44 പ്രകാരം കീടനാശിനികൾക്ക് 5 ശതമാനമാണ് നികുതി. 2011–ൽ എൻട്രിയിൽ ഭേദഗതി വരുത്തി രാസവളങ്ങൾക്കും, ജൈവവളങ്ങൾക്കും നികുതി ഒഴിവാക്കിയ വേളയിൽ, കീടനാശിനികളെ ഉൾപ്പെടുത്താത്തതുമൂലം അവ 19–7–2011 മുതൽ 7–11–2011 വരെയുള്ള കാലയളവിൽ 13.5% നികുതിക്ക് വിധേയമായിരുന്നു. ഈ വൈരുദ്ധ്യം പരിഹരിക്കുന്ന

തിനായി അവയുടെ നികുതി മേൽ കാലയളവിൽ 5 ശതമാനമായിരിക്കുമെന്ന് വ്യക്തമാക്കുന്നു.

**309.** ബാറ്ററി നിർമ്മാണത്തിന് ഉപയോഗിക്കുന്ന ലെഡ് ഓക്സൈഡിനെ 2013-ൽ ഒരു വ്യാവസായിക ഇൻപുട്ട് ആയി പരിഗണിച്ച് നികുതി 5 ശതമാനമാക്കി കുറച്ചിരുന്നു. ഈ തീരുമാനത്തിന് 1-4-2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്.

**310.** പരിസ്ഥിതി സൗഹൃദ നടപടികളുടെ തുടർച്ചയായി, ഇലക്ട്രോണിക്, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ റീസൈക്ലിംഗ്, നിർമ്മാർജ്ജനം എന്നിവയ്ക്കായിട്ടുള്ള നീക്കം സുഗമമാക്കുന്നതിനായി ഉപയോഗിച്ച പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്നതിനുള്ള പ്ലാന്റ് എന്നിവയെ നികുതിവിമുക്തമാക്കുന്നു. പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് ഉൽപാദിപ്പിക്കുന്ന പൈറോളിസിസ് ഓയിലിനെ, അത് ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾ നടത്തുന്ന വിൽപനയ്ക്ക് നികുതി ഒഴിവാക്കുന്നു. 10 കോടിരൂപയുടെ നികുതി നഷ്ടം പ്രതീക്ഷിക്കുന്നു.

**311.** രാജ്യത്തിന്റെ പ്രതിരോധാവശ്യങ്ങൾക്കു വേണ്ടി നിർമ്മാണ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ നികുതിനിരക്ക് 5 ശതമാനമായി

കുറയ്ക്കുന്നതാണ്.5 കോടി രൂപയുടെ നികുതിനഷ്ടം പ്രതീക്ഷിക്കുന്നു.

**312.** നിലവിൽ കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അംഗീകരിച്ച ഉൽപാദന യൂണിറ്റുകൾ മുഖേന വിൽക്കുന്ന ഖാദി ഉൽപന്നങ്ങൾക്ക് ബാധകമായ നികുതിയിളവ്, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അംഗീകരിച്ച യൂണിറ്റുകൾക്ക് കൂടി ബാധകമാക്കുന്നതാണ്. ഇതിന് 1-4-2005 മുതൽ പ്രാബല്യം നൽകുന്നതുമാണ്. 3.5 കോടിയോളം രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു.

**313.** എഫ്.എ.സി.ടി. യുടെ ഒരു ഉപ ഉത്പന്നമായ, ഗ്ലാസ്സ് ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന ഫാബ്രിക്കേറ്റഡ് വാൾ പാനലുകളെ നികുതിവിമുക്തമാക്കുന്നു. 5 കോടിയുടെ നികുതിനഷ്ടം പ്രതീക്ഷിക്കുന്നു.

**314.** തേൻ, തേനീച്ചപ്പെട്ടി, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് 2012-ൽ നൽകിയ നികുതിയിളവിന് 01.04.2005 മുതൽ മുൻകാലപ്രാബല്യം നൽകുന്നതാണ്.

**315.** വാറ്റ് നികുതിയിളവ് ബാധകമായ ചാരിറ്റബിൾ ആശുപത്രിമുറികൾക്കുള്ള ആഡംബര നികുതി ബാധകമായ വാടകയുടെ പരിധി 2000 രൂപയായി ഉയർത്തുന്നു.

**<u>നടപടിക്രമങ്ങളുടെ ലഘൂകരണം</u>**

**316.** കേരള മൂല്യവർദ്ധിതനികുതി നിയമത്തിന്റെ വകുപ്പ് 8 (c) (i) പ്രകാരം കോമ്പൗണ്ടഡ് നികുതി സമ്പ്രദായത്തിൽ നികുതി ഒടുക്കുന്നതിന് അർഹരായ കുക്ക്ഡ് ഫുഡ് ഡീലർമാർക്ക് അവർ രജിസ്ട്രേഷൻ എടുക്കുന്നതിന് മുമ്പുള്ള വർഷങ്ങളിലേക്കും കോമ്പൗണ്ടഡ് സമ്പ്രദായ പ്രകാരം നികുതി ഒടുക്കാവുന്നതാണ് എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതാണ്.

**317.** ഒരു വസ്തുവിന്റെ നികുതിനിരക്കിന്മേൽ തർക്കമുണ്ടാകുന്ന പക്ഷം, സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞ് ഉത്പാദകനോ, ആദ്യത്തെ വിൽപ്പനക്കാരനോ എം.ആർ.പി. യിന്മേൽ മുഴുവൻ നികുതിയും ഒടുക്കുമ്പോൾ മൂല്യവർദ്ധിതനികുതി ശൃംഖലയിലെ തുടർവ്യാപാരികളെ നികുതിനിർണ്ണയം, പെനാൽറ്റി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നികുതി മാത്രമല്ല അതിന്മേലുള്ള പലിശയുംകൂടി ഒടുക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കും വിധം 94(2A) വകുപ്പിൽ മുൻകാല പ്രാബല്യത്തോടുകൂടി ഭേദഗതി വരുത്തുന്നതാണ്.

**318.** കേരള മൂല്യവർദ്ധിതനികുതി നിയമത്തിലേതിന് സമാനമായി, കേരള ആഡംബരനികുതി നിയമത്തിലും നികുതി നിർണ്ണയാധികാരിയുടെ ഉത്തരവ് വരുമാന

ത്തിനെ പ്രതികൂലമായി ബാധിക്കുന്ന പക്ഷം, സ്വമേധയാ റിവിഷൻ നടത്തുവാൻ ഡെപ്യൂട്ടി കമ്മീഷണർക്ക് അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തും.

**319.** ആദായനികുതിയിളവ് അനുഭവിക്കുന്ന ചാരിറ്റബിൾ ആശുപത്രികൾക്ക് 10000 രൂപ ഫീസ് അടച്ച് വാറ്റ് നികുതി ഇളവ് നൽകിക്കൊണ്ട് ഒരു വ്യവസ്ഥ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ നികുതിയിളവ് ഇൻകം ടാക്സ് ആക്ട് വകുപ്പ് 12(AA) പ്രകാരം ഇൻകംടാക്സ് അധികാരി മുമ്പാകെ ധർമ്മസ്ഥാപനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളവർ നടത്തുന്ന എല്ലാ ആശുപത്രികൾക്കും കൂടി ബാധകമായിരിക്കും എന്ന് വ്യക്തമാക്കുന്നതാണ്.

**നികുതിഭരണ നിർവഹണം കാര്യക്ഷമമാക്കൽ**

**320.** കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ ചില ഉത്തരവുകൾ ക്കെതിരെ അപ്പീൽ മാത്രമേ നൽകാവൂ എന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് അവയെ റിവിഷന്റെ പരിധിയിൽ കൊണ്ടുവന്നിരുന്നു. എന്നാൽ കമ്മീഷണർക്ക് സ്വമേധയാ റിവിഷൻ ചെയ്യുന്നതിന് അധികാരം നൽകുന്ന വ്യവസ്ഥയിൽ സമാനഭേദഗതി വരുത്തിയിരുന്നില്ല. ഇത് പരിഹരിക്കുന്നതിന് കേരള

മൂല്യവർദ്ധിതനികുതി നിയമത്തിലെ 56, 58 വകുപ്പു കളിൽ ഉചിതമായ ഭേദഗതി വരുത്തും.

**321.** സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന അഥവാ ബെനഫിഷ്യറി കമ്മിറ്റി എന്നിവയിൻ കീഴിൽ നടപ്പാക്കുന്ന കരാർ പണികൾക്ക് സ്രോതസ്സിൽ കിഴിക്കുന്ന നികുതി, അവരുടെ നികുതിനിരക്കുമായി താദാത്മ്യപ്പെടുത്തുന്നതാണ്. വ്യവസ്ഥയിൽ ഇതു പ്രകാരം അനുയോജ്യമായ ഭേദഗതി വരുത്തുന്നതാണ്.

**322.** മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികൾ, അവരുടെ ഡിസ്ട്രിബ്യൂട്ടർമാർ, ഏജന്റുമാർ എന്നിവർ അവരുടെ വിറ്റുവരവ് എന്തുതന്നെയായിരുന്നാലും കേരള മൂല്യവർദ്ധിതനികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷൻ എടുക്കേണ്ടതും നികുതി അടയ്ക്കേണ്ട തുമാണ് എന്നും വ്യവസ്ഥ ചെയ്യും.

**323.** ചരക്ക് സേവനനികുതി ഒരു പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സംവിധാനമാകയാൽ, ഓൺലൈൻ വ്യാപാരത്തിലൂടെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ ഉപഭോക്താക്കൾ വാങ്ങുന്ന വസ്തുക്കളുടെ നികുതി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കുന്നതിനു മുമ്പ് ഇ–കോമേഴ്സ് രംഗത്തെ ഇടപാടുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിനുവേണ്ടി വേണ്ടി

ഇ-കോമേഴ്സ് വെബ് സൈറ്റുകൾ ഉള്ള എല്ലാ കമ്പനികളും, സ്ഥാപനങ്ങളും അത്തരം സൈറ്റുകളിലൂടെ സംസ്ഥാനത്തിന് അകത്തേക്കും പുറത്തേക്കും നടത്തുന്ന പ്രതിമാസ വിൽപനയുടെ വിശദാംശങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ ഫയൽ ചെയ്യുന്നതിന് ബാദ്ധ്യസ്ഥരായിരിക്കും. കേരള മൂല്യവർദ്ധിതനികുതി നിയമത്തിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

**324.** കേരള മൂല്യവർദ്ധിതനികുതി നിയമത്തിന്റെ 52-ാം വകുപ്പ് പ്രകാരം എല്ലാ ട്രാൻസ്പോർട്ട് ഏജൻസികളും അവർ കൈകാര്യം ചെയ്യുന്ന ചരക്കുകളെ സംബന്ധിച്ച റിട്ടേൺ ഫയൽ ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. ഇതിനായി ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷന് സഹായകമായ വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരുന്നതാണ്.

**325.** കേരള മൂല്യവർദ്ധിതനികുതി ചട്ടപ്രകാരം താൻ ഫയൽ ചെയ്ത റിട്ടേണിൽ എന്തെങ്കിലും വിശദാംശം ഉൾപ്പെടുത്തുവാൻ വിട്ടുപോവുകയോ, തെറ്റായ വിവരം നൽകുകയോ ചെയ്താൽ, വ്യാപാരിക്ക് ആ റിട്ടേൺ റിവൈസ് ചെയ്യാവുന്നതാണ്. അങ്ങനെ റിവൈസ് ചെയ്യുമ്പോൾ ഒടുക്കേണ്ട നികുതിയിൽ വർദ്ധന ഉണ്ടാകുകയാണെങ്കിൽ പ്രസ്തുത തുകയിന്മേൽ സാധാരണ നൽകേണ്ടുന്ന പലിശയുടെ ഇരട്ടി, പിഴപ്പലിശയായി ഒടുക്കേണ്ടതാണ്. കേരള മൂല്യവർദ്ധിത

നികുതി നിയമത്തിൽ മുൻകാല പ്രാബല്യത്തോടുകൂടി ഈ വ്യവസ്ഥ പ്രതിഫലിപ്പിക്കുന്ന ഭേദഗതി വരുത്തുന്നതാണ്.

**326.** നികുതിനിയമപാലനം ഉറപ്പുവരുത്തുന്നതിലേക്കായി, പൊതുവായ സർവ്വേ, അന്വേഷണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വിവരം ശേഖരിക്കുന്നതിന് ഉതകുന്ന നിയമഭേദഗതി കേരള മൂല്യവർദ്ധിതനികുതി നിയമത്തിലെ 54, 82 വകുപ്പുകളിൽ ഉൾപ്പെടുത്തുന്ന താണ്.

**327.** സംസ്ഥാനത്തിന് പുറത്തുനിന്നും ജോബ് വർക്കിന് വേണ്ടി സാധനങ്ങൾ കൊണ്ടുവരുന്നവർ ചരക്കിന്റെ നീക്കത്തെ സംബന്ധിച്ച വിവരം കൃത്യമായി രേഖപ്പെടുത്തുന്നു എന്ന് ഉറപ്പാക്കുവാൻ അവരുടെ വിറ്റുവരവ് എത്ര തന്നെയായിരുന്നാലും കേരള മൂല്യവർദ്ധിതനികുതി നിയമത്തിൻകീഴിൽ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

**328.** ഒരു ഡീലറുടെ വിറ്റുവരവ് 10 ലക്ഷം രൂപയായി കഴിഞ്ഞാൽ പ്രസ്തുത വിറ്റുവരവ് നികുതിബാധകമോ അല്ലാത്തതോ എന്നത് പരിഗണിക്കാതെ തന്നെ അയാൾ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥനാണ് എന്ന് സ്പഷ്ടീകരിക്കുന്നു.

**329.** കേരള മൂല്യവർദ്ധിതനികുതി നിയമത്തിന്റെ 24, 25 വകുപ്പ് പ്രകാരം 31-3-2015-ന് കാലാവധിയെത്തുന്ന നികുതി നിർണ്ണയങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഒരു വർഷം ദീർഘിപ്പിക്കുന്നു.

**330.** മാതൃകാപരമായി നികുതിനിയമങ്ങൾ പാലിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിലും നികുതിനിയമപാലനത്തിൽ ഉത്തമ മാതൃകകൾ സൃഷ്ടിക്കുന്നതിനുമായി അർഹരായവ്യാപാരികൾക്ക് വകുപ്പിൽ നിന്നുള്ള സേവനങ്ങൾക്ക് മുൻഗണന നൽകുന്നതിലേക്കായി "ഗ്രീൻകാർഡ്"പദ്ധതി നടപ്പിലാക്കുന്നതാണ്.

**331.** വകുപ്പിൽ നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതിയുടെ തുടർച്ചയായി വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും അതുവഴി നികുതിപാലനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**332.** പ്രിൻസിപ്പൽ കോൺട്രാക്ട് തുകയ്ക്ക്മേലാണ് മൂല്യവർദ്ധിതനികുതി നിയമപ്രകാരം അന്തിമമായ നികുതിബാദ്ധ്യത എന്ന് സ്പഷ്ടീകരിക്കുന്നതിനായി നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുന്നതാണ്. ഇതിന് 2005 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കും.

**333.** ചരക്ക് സേവനനികുതി പ്രാബല്യത്തിൽ വരുമ്പോൾ ടാക്സ് പ്രാക്ടീഷണർമാർക്ക് ശ്രദ്ധേയമായ പങ്കാണ് വഹിക്കാനുള്ളത്. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ സമ്പ്രദായത്തിലേക്ക് ഇവരെ ഉൾക്കൊള്ളിക്കുന്ന തിനായും ഇവരുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആധികാരികത ഉറപ്പുവരുത്തുന്നതിനുമായി സെയിൽസ് ടാക്സ് പ്രാക്ടീഷണർമാർക്ക് 500 രൂപ വാർഷിക റിന്യൂവൽ ഫീസ് ഏർപ്പെടുത്തുന്നതായിരിക്കും. ഇവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും നൽകുന്നതാണ്.

**334.** ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായ ത്തോടുകൂടി കൂടുതൽ വ്യാപാരസൗഹൃദ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

**<u>നികുതി നിരക്കുകളുടെ യുക്തിസഹമാക്കൽ</u>**

**335.** 2014-ലെ ധനകാര്യ ആക്ട് പ്രകാരം ചിലയിനം തുണിത്തരങ്ങൾക്ക് വിറ്റുവരവ് നികുതി ഏർപ്പെടുത്തുക യുണ്ടായി. വിവിധ തലങ്ങളിലായി ഒന്നിലേറെ തവണ വിറ്റുവരവ് നികുതി ചുമത്തുന്നത് വിലയിൽ അനുക്രമമായ വർദ്ധനവിന് നിദാനമാകുന്നുവെന്നും, തങ്ങൾ ഈ നികുതി പിരിക്കുന്നില്ലായെന്നും വ്യാപാരികൾ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് നിലവിലുള്ള രണ്ടു ശതമാനം വിറ്റുവരവ്

നികുതിക്ക് പകരമായി എല്ലാത്തരം തുണിത്തര ങ്ങളിന്മേലും ഒരു ശതമാനം മൂല്യവർദ്ധിതനികുതി ചുമത്തുന്നതാണ്.

**<u>കേരള മണിലെൻഡേഴ്സ് ആക്ട്</u>**

**336.** കേരളമണിലെൻഡേഴ്സ് ആക്ട് പ്രകാരം മണിലെൻഡർമാർ അവർ കൊടുക്കുന്ന കടത്തിന് അനുസരിച്ച് സെക്യൂരിറ്റി നൽകേണ്ടതുണ്ട്. ഇവർ ട്രഷറിയിൽ അവരുടെ പേരിൽ ഫിക്സഡ് ഡെപ്പോസിറ്റായി ആണ് ഈ തുക നിക്ഷേപിക്കേണ്ടത്. ഈ സെക്യൂരിറ്റി തുകയിൽ രണ്ടു ദശാബ്ദമായി ഒരു മാറ്റവും വരുത്തിയിട്ടില്ല.എന്നാൽ ഈ കാലയളവിൽ മണിലെൻഡർമാരുടെ എണ്ണത്തിലും, പ്രവർത്തനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനാൽ മണിലെൻഡർ മാരുടെ സെക്യൂരിറ്റി തുക പുതുക്കി നിശ്ചയിക്കുന്നു. നിലവിൽ ഒരുലക്ഷം രൂപയ്ക്ക് താഴെ കടം കൊടുക്കുന്നവരുടെ സെക്യൂരിറ്റി തുക 5000 രൂപയും ഒരുലക്ഷം മുതൽ 5 ലക്ഷം രുപവരെ കടം കൊടുക്കുന്നവരുടെ സെക്യൂരിറ്റി തുക 10,000 രൂപയുമാണ്. ഇത് ഏകീകരിച്ച് 10,000 രൂപയായി നിജപ്പെടുത്തുന്നതാണ്. മറ്റുള്ള സ്ലാബുകളുടെ സെക്യൂരിറ്റി തുകയിൽ 50 ശതമാനം വർദ്ധനവ് വരുത്തുന്നതാണ്.

**337.** കൂടാതെ സെക്യൂരിറ്റി തുക നിശ്ചയിക്കുന്നതിന് വകുപ്പ് 4 (2ബി) പ്രകാരം ഇപ്പോഴുള്ള മാനദണ്ഡം നടപ്പിലാക്കുവാൻ മണിലെൻഡർ സമർപ്പിക്കുന്ന കണക്കുകളിലെ അവ്യക്തത മൂലം പലപ്പോഴും സാധിക്കുന്നില്ല. ഇതുകാരണം സെക്യൂരിറ്റി തുക നിർണ്ണയിക്കുന്നതിൽ അപാകത സംഭവിക്കുന്നതായി കണ്ടുവരുന്നു. അതിനാൽ 1995-ന് മുമ്പ് നിലവിലിരുന്ന മാനദണ്ഡം പുനഃസ്ഥാപിക്കുന്നതാണ്. അതനുസരിച്ച് മണിലെൻഡറുടെ സെക്യൂരിറ്റി തുക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം മുൻവർഷം കൊടുത്ത കടത്തിന്റെ ആകെത്തുകയായിരിക്കും.

**338.** കേരള പണം കടംകൊടുപ്പുകാർ നിയമം 1958 ലെ പിഴ ശിക്ഷകളുടെ തുക കാൽനൂറ്റാണ്ടിനോ അതിനുമുമ്പോ ഒക്കെ നിശ്ചയിച്ചവയാണ്. ഇത് മണിലെൻഡർമാരുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിയന്ത്രണത്തെ ബാധിക്കുന്നുണ്ട്. ആയതിനാൽ പിഴ ശിക്ഷകളുടെ തുക ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം പുതുക്കി നിശ്ചയിക്കുന്നതാണ്.

| ക്രമ നം. | വകുപ്പ് | നിലവിലെ പിഴ ശിക്ഷ | പുതുക്കിയ പിഴ ശിക്ഷ |
|---|---|---|---|
| 1 | 11 | 1000 രൂപ | 10000 രൂപ |
| 2 | 13 | 1000 രൂപ | 10000 രൂപ |
| 3 | 17 | 50000 രൂപ | 5 ലക്ഷം രൂപ |
| 4 | 18 | 1000 രൂപ | 25000 രൂപ |
| 5 | 18എ) | 500 രൂപ | 5000 രൂപ |
| 6 | 18ബി | 500 രൂപ | 5000 രൂപ |
| 7 | 18സി | 25000 രൂപ | 50000 രൂപ |

## നെൽവയൽ നികത്തൽ

**339.** നെൽവയലുകളുടെ സംരക്ഷണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭൂദൗർലഭ്യം രൂക്ഷമായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്ത് മുമ്പ് താമസാവശ്യത്തിനായി നികത്തിയിട്ടുള്ള ഭൂമി തിരിച്ച് നിലമാക്കുന്നത് പ്രായോഗികമല്ല. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള നെൽവയൽ നികത്തലുകൾ നിയമവിധേയമാക്കുവാൻ ആവശ്യമായ നിയമ

ഭേദഗതികൾ കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി, നികത്തിയ ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാനസ്വഭാവമുള്ള ഭൂമിയുടെ നോട്ടിഫൈ ചെയ്ത ഫെയർവാല്യുവിന്റെ 25 ശതമാനത്തിന് തുല്യമായതുക ഫീസ് ചുമത്തി അത്തരം വയൽനികത്തലുകൾ നിയമവിധേയമാക്കുന്നതാണ്. ഇതുവഴി 150 കോടി രൂപ സമാഹരിക്കുവാനുദ്ദേശിക്കുന്നു.

## മൈനിംഗ് ആൻഡ് ജിയോളജി

**340.** പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കി കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ധാതുഖനനവും കടത്തും നിയന്ത്രിക്കാനും പരിശോധിക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതുവഴിയും ധാതുക്കളുടെ റോയൽറ്റി ഫീസ് പരിഷ്കരിക്കുന്നതു വഴിയും 50 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം

**341.** ഇനി ഞാൻ 2014-15 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2015-16 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്തരൂപം അവതരിപ്പിക്കട്ടെ.

**2014-15 ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | |
|---|---|
| റവന്യൂ വരവ് | 63588.32 |
| റവന്യൂ ചെലവ് | 73852.29 |
| റവന്യൂ കമ്മി | (-) 10263.97 |
| മൂലധന ചെലവ് | 5037.75 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 697.33 |
| പൊതുകടം (തനി) | 13721.86 |
| പൊതുകണക്ക് (തനി) | 2266.70 |
| ആകെ കമ്മി | (-) 10.49 |
| വർഷാരംഭ രൊക്ക ബാക്കി | 1.53 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 8.96 |

**2015-16 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | |
|---|---|
| റവന്യൂ വരവ് | 77427.20 |
| റവന്യൂ ചെലവ് | 85259.12 |
| റവന്യൂ കമ്മി | -7831.92 |
| മൂലധന ചെലവ് | 9194.14 |
| വായ്പകളും മുൻകൂറുകളും (തനി) | -673.20 |
| പൊതുകടം (തനി) | 16509.49 |
| പൊതുകണക്ക് (തനി) | 1207.06 |
| ആകെ മിച്ചം | 17.29 |
| വർഷാരംഭ രൊക്ക ബാക്കി | -8.96 |

| | |
|---|---|
| വർഷാന്ത്യ രൊക്ക ബാക്കി | 8.33 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 1931.41 |
| പ്രഖ്യാപിച്ച ഇളവുകൾ | 145.50 |
| അധിക വിഭവ സമാഹരണം | 1220.00 |
| വർഷാന്ത്യ രൊക്ക ബാക്കി | -848.58 |

**342.** ബജറ്റ് പരസ്പരം ബന്ധിക്കപ്പെട്ട അക്കങ്ങളുടെ ശൃംഖല മാത്രമല്ല, അത് ഒരു ജനതയുടെ അഗ്രഹങ്ങളുടെ സാക്ഷാത്കാരം കൂടിയാണ്. എന്റെ മുൻകാല ബജറ്റുകൾ എല്ലാം സംസ്ഥാനത്തിൻെറ വളർച്ചയ്ക്ക് പ്രേരകശക്തയായി വർത്തിച്ചിട്ടുണ്ടെന്ന വിവരം ഞാൻ ആമുഖത്തിൽ പ്രതിപാദിച്ചിരുന്നല്ലോ. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ഉണ്ടായ ശ്രദ്ധേയമായ വളർച്ച പല കോണുകളിൽ നിന്നും പ്രശംസ പിടിച്ചു പറ്റി എന്നത് തന്നെ, നാം ആർജ്ജിച്ച നേട്ടത്തിന്റെ സംസാരിക്കുന്ന തെളിവുകളാണ്. കേന്ദ്രവിഹിതത്തിൽ വെട്ടിക്കുറവ് ഉണ്ടായിട്ടും, ദേശീയവും പ്രാദേശികവുമായ സമ്പദ് വ്യവസ്ഥയുടെ തളർച്ച ഉയർത്തിയ വെല്ലുവിളികളെ അതിജീവിച്ചും നാം കൈവരിച്ച ഈ നേട്ടം തിളക്കമാർന്നതാണെന്നതിൽ സംശയമില്ല.

**343.** സർ, ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്. ഈ ബജറ്റ് ഞാൻ അവതരിപ്പിക്കുന്ന സപ്തമുഖ വികസനപരിപാടിയുടെ രൂപരേഖയാണ്. ഏഴ് വർണ്ണങ്ങൾ ചേരുമ്പോഴാണ് വെളിച്ചം ഉണ്ടാകുന്നത്. ഈ കർമ്മ

പരിപാടികൾ കരുതലിന്റെയും വികസനത്തിന്റെയും ഒരു പുതിയ സൂര്യോദയം കേരളത്തിന് സമ്മാനിക്കും എന്ന് എനിക്കുറപ്പുണ്ട്.

**344.** രാജ്യത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാന മായി കേരളത്തെ മാറ്റുന്നതിന് തികഞ്ഞ ശ്രദ്ധയോടും വളെരെയധികം ആലോചിച്ചുമാണ് ഞാൻ ഈ ബജറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ബജറ്റ് സാക്ഷാത്കരി ക്കുന്നതിന് നിങ്ങൾ മുൻകാലങ്ങളിൽ എനിക്കു നൽകിയ പിന്തുണയും സഹകരണവും തുടർന്നും നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**345.** ഞാൻ ഈ ബജറ്റ് മഹനീയ സഭയുടെ അംഗീകാരത്തി നായി സാദരം സമർപ്പിക്കുന്നു.

**ജയ് ഹിന്ദ്**